Reg No M 2609
T 12.

License No 427
Dated - 8 - 1943.

# മലയാളരാജ്യം

പുസ്തകം ൨൦ — പേജ് ൧൨

കൊല്ലം ൧൯൪൩ ഡിസംബർ ൧൩-ാം൹
൧൧൧൯ വൃശ്ചികം ൨൭-ാം൹ തിങ്കളാഴ്ച

ലക്കം ൧൮൧
ഒററപ്രതി അണ ൨

## കാളിദാസൻ

എൻ. ഗോപാലപിള്ള എം.എ

കാളിദാസൻ! സംസ്കാരസമ്പന്നനായ ഏതു ഭാരതീയനും അഭിമാനവും ആനന്ദവുംകൊണ്ടു പുളകംകൊള്ളിക്കുന്ന ചതുരക്ഷരി. ആയിരത്തിഅഞ്ഞൂറു സംവത്സരങ്ങളായി സാഹിത്യവിഹായസ്സിൽ അക്ഷയതേജസ്സായി ചിന്നിമിന്നിത്തിളങ്ങുന്ന കനകതാരം!

ഏകദേശം ഇരുന്തൂറുകൊല്ലംമുൻപു് ആ കവീശ്വരൻെറ ശാകുന്തളത്തിൻെറ വിവർത്തനം പാശ്ചാത്യഭാഷകളിൽ പ്രകാശിച്ചപ്പോഴാണല്ലൊ ഭാരതീയജനതയുടെ സാഹിത്യവും, സംസ്കാരവും കലയും എല്ലാം ആദ്യമായി ആധുനികലോകത്തിൻെറ അത്ഭുതാഭിനന്ദനങ്ങൾ ആവർജ്ജിച്ചതു്. പുരാതനവും സനാതനവുമായ ഒരു സംസ്കാരത്തിൻെറ മഹനീയമായ പ്രഭാപ്രസരംകൊണ്ടുഭാരതാന്തരീക്ഷം ഇന്നും ഭാസുരമാണെന്നു് അന്നുമുതൽ അന്യക്ക് ബോധ്യമായി. ആ കവീന്ദ്രൻെറ മധുരസ്മരണയാണു്, കാളിദാസൻെറ പാവനനാമമാണു് വിശ്വവിശ്രുതരായ കവികളുടെ ഗണനയിൽ സഹൃദയഹൃദയത്തിൽ ആദ്യമായി ഉദയം ചെയ്യുന്നതു്. ഈ അഭിമാനാദരങ്ങൾക്കു ഭാജനമായ ആ മഹാകവി ആരായിരുന്നു? എവിടെ, ഏതു കാലത്തു്, എങ്ങിനെ ജീവിതം നയിച്ചു? പാഞ്ഞുപോകുന്ന കാലപ്രവാഹത്തിൽ അടിഞ്ഞുപൊങ്ങി, പല നൂററാണ്ടുകളായി തേഞ്ഞുമാഞ്ഞ ചില കല്പനാശില്പങ്ങളല്ലാതെ പ്രാമാണികവും വിശ്വാസ്യവുമായ യാതൊരു രേഖകളും ആ കവിസംവിധമനെപ്പററി നമുക്കു ലഭ്യമല്ല. എങ്കിലും വിശാലമായ വിശ്വത്തിൻെറ ഗഹനമായ സൗന്ദര്യവും രഹസ്യവും പ്രതിഫലിപ്പിക്കുന്ന കൈലാസസമുന്നതമായ പ്രതിഭയും അലോകസാധാരണമായ കലാവൈഭവവും തികഞ്ഞ ഒരു മഹാവ്യക്തി നമുക്കു പ്രത്യക്ഷമാകുന്നുണ്ടു്. ചേതോഹരമായ ഒരു അന്തരീക്ഷമാണു് അതു്. വെൺമുകിലുകൾ ഉമ്മവയ്ക്കുന്ന ഉത്തുംഗങ്ങളായ ശൈലശൃംഗങ്ങളും വരിവണ്ടുകൾ കാന്തമാരൊത്തു നറുംതേൻ നുകരുന്ന പൂംകുടം വിടർന്ന താമരപ്പൊയ്കകളും പൂത്തും തളിർത്തും തഴച്ചുനില്ക്കുന്നു ദേവദാരുവിൻെറ പരിമളം പരത്തുന്ന കുളിർകാററും ആ അന്തരീക്ഷത്തെ അലങ്കരിക്കുന്നു.

ക്രിസ്ത്വബ്ദം നാലാംശതകത്തിൻെറ അന്തിമഘട്ടത്തിൽ ഉജ്ജയിനി രാജധാനിയാക്കി വാണിരുന്ന ചന്ദ്രഗുപ്തവിക്രമാദിത്യൻെറ സദസ്യനായിരുന്നു കാളിദാസൻ എന്നു ഗവേഷണനിപുണന്മാർ ഏറിയകൂറും അഭ്യൂഹിക്കുന്നുണ്ടു്. പ്രതാപശാലിയായ വിക്രമാദിത്യചക്രവർത്തിയുടെ അപദാനഗരിമയും ദാനമഹിമയും എല്ലാം കാലയവനികയിൽ തിരോധാനം ചെയ്തു കഴിഞ്ഞു. അദ്ദേഹത്തിൻെറ ഔദാര്യം ദരങ്ങൾക്കു പാത്രമായ ആ വിനീതനായ കവിയുടെ കൃതികൾ ഇന്നും അഭംഗുരഭാസ്സോടെ വിജയിക്കുന്നു. വിവിധങ്ങളായ ലോകഭാഷകളിൽ വിവർത്തിതമായി പാശ്ചാത്യവും പൗരസ്ത്യവുമായ ഭൂമണ്ഡലങ്ങളിൽ ബഹുകോടിജനങ്ങളുടെ വിജ്ഞാനവും വിവേകവും ആനന്ദവും വികസിപ്പിച്ചു വിശേഷാത്തരമായ പ്രശംസ ആർജ്ജിച്ചു വിലസുന്നു.

കാളിദാസൻ അദ്ദേഹത്തിൻെറ കാലത്തെ പുരോഗമനസാഹിത്യകാരൻ ആയിരുന്നുവെന്നു ഊഹിക്കുവാൻ ന്യായമുണ്ടു്. സ്വകൃതിയെപ്പററി പറയുമ്പോൾ--

"പുരാണമിത്യേവ ന സാധുസർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരദ് ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ!"

പഴയതെല്ലാം നല്ലതെന്നോ, പുതിയതെല്ലാം പോരാത്തതെന്നോ പറയുന്നതു മൗഢ്യമാണു്. സത്തുക്കൾ പരീക്ഷിച്ചാണു വിവേചിക്കുന്നതു് എന്നു പറയുന്നതിൽനിന്നും അദ്ദേഹം അന്നൊരു പുതുമക്കാരനായിരുന്നുവെന്നു തെളിയുന്നുണ്ടു്. പക്ഷേ എന്തൊരു പുതുമക്കാരൻ! വാളെടുത്തവനെല്ലാം വെളിച്ചപ്പാടെന്ന പുതിയ സാഹസമല്ല ആ പുതുമ. ധർമ്മാർത്ഥകാമമോക്ഷങ്ങൾ എന്ന നാലു പുരുഷാർത്ഥങ്ങളെ അധികരിച്ചുള്ള ശാസ്ത്രങ്ങളും കലകളും അഭ്യസിച്ചു പരിണതപ്രജ്ഞനായ ക്രാന്തദർശിയുടെ പുതുമയാണു അതു്. ഒരുകാലവും പഴകാത്ത പുതുമ. അതേ! എന്നും പുതുതായ പഴമ. ആ നിത്യനൂതനത്വത്തിൻെറ കാതലായി നില്ക്കുന്നതു് അസാമാന്യമായ കവിപ്രതിഭയാണു്, നവനവോന്മേഷശാലിനിയായ പ്രജ്ഞയാണു്. ആ പ്രജ്ഞയെ നവോന്മേഷംകൊള്ളിക്കുന്ന ദോഹദം ലോകനിരീക്ഷണവും ശാസ്ത്രപാനവുമാണു്. ഏതു ശാസ്ത്രം? കാമശാസ്ത്രം വരെയുള്ള സകല ശാസ്ത്രവും "ആ വാത്സ്യായനതന്ത്രമാശ്രുതി ശിരഃസിദ്ധാന്തം" എന്ന രീതിക്കു വിപുലമായ വിദ്യാസാമ്രാജ്യം കാളിദാസനു വിധേയമായിരുന്നു എന്നതിനു ധാരാളം തെളിവുകൾ ഉണ്ടു്.

മേഘദൂതാദികളായ കൃതികളിൽ വർണ്ണിക്കുന്ന അനംഗദശയുടെ അനുക്രമം വാത്സ്യായനതന്ത്രത്തെ അനുസ്മരിക്കുന്നുണ്ടു്. നൃത്യ-സംഗീതാദിശാസ്ത്രങ്ങളിൽ കവിക്കുണ്ടായിരുന്ന അവഗാഹം മാളവികാഗ്നിമിത്രത്തിൽ മാളവികയുടെ നൃത്യവർണ്ണനയിൽനിന്നും സുസ്പഷ്ടമാണു്. ചിത്രകലയിലും കവിക്കു അസാധാരണമായ വിജ്ഞാനം ഉണ്ടായിരുന്നുവെന്നു് അദ്ദേഹത്തിൻെറ കൃതികളിൽ എല്ലാം കാണുന്ന ചിത്രപരാമർശത്തിൽനിന്നും പ്രകടമാണു്. ദുഷ്ഷന്തൻ രചിക്കുന്ന ശകുന്തളയുടെ ചിത്രത്തിൻെറ പശ്ചാത്തലം എങ്ങനെ ഇരിക്കണമെന്നു സങ്കൽപ്പിക്കുന്നതു നോക്കുക.

"കാര്യാ സൈകതലീനഹംസമിഥുനാ
സ്രോതോവഹാ മാലിനീ
പാദാസ്താമഭിതോ നിഷണ്ണഹരിണാ
ഗൗരീഗുരോഃ പാവനാഃ
ശാഖാലംബിതവല്ക്കലസ്യ ച തരോർ
നിർമ്മാതുമിച്ഛാമ്യധഃ
ശൃംഗേ കൃഷ്ണമൃഗസ്യ വാമനയനം
കണ്ഡൂയമാനാം മൃഗീം"

ഒഴുകുന്ന മാലിനീനദി എഴുതണം. അതിൻെറ മണൽത്തിട്ടയിൽ തങ്ങിയ ഇണചേർന്ന അരയന്നങ്ങൾ. പിമ്പിലായി പുള്ളിമാൻ കിടക്കുന്ന ഹിമാലയ പർവ്വതത്തിൻെറ പാദങ്ങൾ. കവരത്തിൽ വല്ക്കലംതൂക്കിയ മരത്തിൻെറകീഴിൽ കൃഷ്ണമൃഗത്തിൻെറ കൊമ്പിൻെറ തുമ്പത്തു ഇടതുകണ്ണുചൊറിയുന്ന മാൻപേടയും. ഈ പശ്ചാത്തലത്തിനു് അലങ്കാരമായ ശകുന്തളയുടെ ചിത്രമോ? ദുഷ്ഷന്തൻ രചിച്ച ചിത്രംനോക്കി മായനായ മാഢവ്യൻപോലും പറയുന്നു:—

ശിഥിലിതകേശബന്ധനോദ്വാന്തകുസുമേന കേശാന്തേന, ഉദ്ഭിന്നസ്വേദബിന്ദുനാ വദനേന, വിശേഷതോഽപസൃതാഭ്യാം ബാഹുഭ്യാംഅവസേകസ്നിഗ്ദ്ധതരുണ പല്ലവസ്യ ചൂതപാദപസ്യപാർശ്വേ യാ ഈഷത് പരിശ്രാന്തേവാ ലിഖിതാ സാ ശകുന്തളാ.

കെട്ടഴിഞ്ഞു പൂവുതിരുന്ന മുടിത്തുമ്പോടും, വിയർപ്പുതുള്ളിപൊടിക്കുന്ന മുഖത്തോടും, അയവാന്ന ബാഹുക്കളോടും നനഞ്ഞുമിന്നുന്ന ഇളംതളിരണിഞ്ഞ തൈമാവിനരികിൽ കുറഞ്ഞൊന്നു് തളർന്നമട്ടിൽ എഴുതിയിട്ടുള്ളതാണു് ശകുന്തള. എത്ര മനോഹരമായ ആലേഖ്യം!

സാംഖ്യയോഗാദികളായ ദർശനങ്ങളിലും കാളിദാസനു് ഉണ്ടായിരുന്ന ജ്ഞാനം കുമാരസംഭവം രഘുവംശം മുതലായ കാവ്യങ്ങളിൽനിന്നും വിശദമാകുന്നുണ്ടു്.

കാളിദാസൻെറ വൈഭവം പ്രധാനമായും നിലകൊള്ളുന്നതു പ്രകൃതിയുമായി അനുരഞ്ജനവും താദാത്മ്യവും പ്രാപിക്കുന്നതിനുള്ള പ്രവണതയിലാണു്. "കാമാർത്താഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു" എന്നു് കാമാർത്തന്മാർക്ക് ചേതനാചേതനങ്ങളിൽ അഭേദബുദ്ധിമേഘത്തിൽ ആരോപിക്കുന്നു. പരമാർത്ഥത്തിൽ കവിയും കാമാർത്തനും പ്രായേണ സമാനപ്രകൃതികളാണു്. അചേതനങ്ങളെ ചേതനങ്ങളാക്കുന്ന സഞ്ജീവനമന്ത്രം ഐന്ദ്രജാലികനായ കവിക്കു പ്രകൃതിസിദ്ധമാണു്. അമേയമായ ഒരു ദൃശ്യബന്ധത്തിൽ ആബദ്ധരായി വർത്തിക്കുകയാണു മനുഷ്യനും പ്രകൃതിയും. തപോവനത്തിൽനിന്നും ശകുന്തള പിരിഞ്ഞുപോകുമ്പോൾ,

ഉദ്ഗളിതദർഭകബളാമൃഗ്യഃ! പരിത്യക്തനർത്തനാമയൂരാ
അപസൃതപാണ്ഡുപത്രാ മുഞ്ചന്ത്യ-
ശ്രൂണീവ ലതാ!'

എന്നു ശാകുന്തളത്തിലും,

തപോവനത്തിൽ പരിത്യക്തയായ സീത വിലപിക്കുമ്പോൾ—

നൃത്യം മയൂരാഃ കുസുമാനി വൃക്ഷാ
ദർഭാനുപാത്താൻ വിജഹുർ ഹരിണ്യഃ
തസ്യാം പ്രപന്നേ സമദുഃഖഭാവ
മത്യന്തമാസീദ രുദിതം വനേഽപി"

എന്നു രഘുവംശത്തിലും പ്രസ്താവിക്കുന്നു. മാൻപേടകളുടെ വായിൽനിന്നും തിന്നുതുടങ്ങിയ ദർഭപ്പുല്ലു താനേ ഉതിർന്നുവീണു. ആൺമയിൽ ആട്ടം നിറുത്തി. വള്ളികളിൽനിന്നും കണ്ണുനീർപോലെ വെള്ളിലകൾ അടർന്നുവീണു. അങ്ങനെ വനംപോലും സമദുഃഖഭാവം ആചരിച്ചു. എന്നു കവി വിശ്വസിക്കുന്നു.

പ്രതിയും മനുഷ്യനും മാത്രമല്ല, ഭൂമിയും സ്വർഗ്ഗവുംപോലും കവികല്പനയിൽ സംഗമിച്ചു നിത്യമൈത്രി പുലർത്തുന്നുണ്ടു്. കുമാരസംഭവം രഘുവംശം, വിക്രമോർവ്വശീയം, ശാകുന്തളം മേഘദൂതം എന്നീ കൃതികളിലെല്ലാംതന്നെ ഈ ഭൂസ്വർഗ്ഗബന്ധം പ്രകടമായി കാണാം. അചേതനംതൊട്ടു ചേതനത്തിൻെറ പരിപൂർണ്ണ പരിപാകം വരെയുള്ള അവസ്ഥാഭേദങ്ങളെയെല്ലാം ആസൂത്രണംചെയ്തു് ഒരു സമരഞ്ജനസ്വാരസ്യം കൈവരുത്തുന്നുണ്ടു; അതുകൊണ്ടാണു വിശ്വവിശ്രുതനായ ജർമ്മൻകവി "ഗേഥേ" പറയുന്നതു് —"വസന്തത്തിലെ പൂക്കളും, ശരത്തിലെ കനികളും എന്നുവേണ്ട ആത്മാവിനു് ആകർഷകവും ആനന്ദകരവും സമ്മോഹനവും സന്തർപ്പണവുമായ സർവ്വം—ഭൂമിയും സ്വർഗ്ഗവും എല്ലാം ഒരേ ഒരു പേരിൽ ഒരുമിപ്പിക്കുകയാണെങ്കിൽ—അതാണു് എനിക്കു ശാകുന്തളം" എന്നു്. അതേ, നറുംതേൻ തുളുമ്പുന്നപുതുപൂക്കളും കനികളും ഉതിരുന്നപരിമളംകൊണ്ടു സുരഭിലമാണുകാളിദാസകവിത. മുഗ്ദ്ധമധുരമായ കന്യകാഹൃദയത്തിൽ ഊറിഉയരുന്ന അനുരാഗംമുതൽ കുക്ഷങ്ങളായജീവിതാനുഭവങ്ങളുടെ കട്ടരസം കലർന്നു പരിപക്വമായി വിശുദ്ധമായി, ശാന്തസുന്ദരമായ സമരസമായി പരിണമിക്കുന്ന പരമപ്രേമംവരെയുള്ള ഭാവിപരമ്പരയെല്ലാം ആലോചനാമൃതമായ രീതിയിൽ കവി ആകലനം ചെയ്തിട്ടുണ്ടു്.

ഇരുളും ഒളിയും കലന്ന ലോകത്തിൻെറ ഇരുണ്ടവശം കരിക്കട്ടി ചിത്രീകരിക്കുകയല്ല കാളിദാസൻെറ കലാശൈലി. സൗന്ദര്യവും വൈകൃതവും കലന്ന ജീവിതത്തിൻെറ വൈകൃതത്തിൽനിന്നും ആ സുകുമാരഹൃദയം താനേ പിൻതിരിയുകയാണു്. അതു കാണാതെയല്ല അറിയാതെയുമല്ല. ക്രൂരിരുളിൽ മുഖംമൂടി കണ്ണീർ പൊഴിക്കുന്ന പൂമൊട്ടിൽ പൂനിലാവു പൊഴിച്ചു പുഞ്ചിരിപ്പിക്കുകയാണു ആ കവിവരനു ഹിതതരം. ദുർഗ്ഗന്ധമലിനങ്ങളായ വ്രണങ്ങൾ പൊളിച്ചുകാട്ടി, ദുരന്തദുരിതത്തിൻെറ നഗ്നതയിൽ ആർത്തുല്ലസിക്കാൻ ആ സാത്വികഹൃദയത്തിനു സാദ്ധ്യമല്ല. ദുരിതത്തിലും ദുഃഖത്തിലുംനിന്നു സുഖത്തിലേക്കും ശാന്തിയിലേക്കും ഇരുളിൽനിന്നുംവെളിച്ചത്തിലേയ്ക്കുമുള്ള സന്മാർഗ്ഗം പ്രദർശിപ്പിക്കുകയേ മഹാകവിക്കു കരണീയമായുള്ളൂ.

പ്രകൃതിഗംഭീരമായ ആ കവീന്ദ്രൻെറ ഭാവന ലോകത്തിൻെറ സഹജങ്ങളായ വികൃതികൾ നോക്കി ഇടയ്ക്കിടെ തെല്ലൊന്നു മന്ദഹസിക്കുന്നതു കാണാം. അവ്യക്തമധുരമായ ഒരു മൃദുലഹാസ്യത്തിൻെറ ഛായ അങ്ങിങ്ങു നിഴലിടുന്നുണ്ടു്: "സദാസർവ്വകാലം" നേരംപോക്കെന്നു കല്പിച്ചു ശാപ്പാടിൻെറ കാര്യം പറയുന്ന വിഢ്ഢിയായ മാഢവ്യൻെറ സംഭാഷണത്തിലല്ല. ലങ്കയിൽനിന്നും തിരിച്ചുവന്ന ശ്രീരാമൻ കാണുന്ന താടിക്കാരായ മന്ത്രിവൃദ്ധന്മാരെ വേട്ടുകൾപൊതിഞ്ഞ പേരാലിനോടുപമിക്കുന്നതു നോക്കുക:—

"ശ്മശ്രുപ്രവൃദ്ധി ജനിതാനനവിക്രിയാംശ്ച
പ്ലക്ഷാൻ പ്രരോഹജടിലാനിവ മന്ത്രിവൃ-
(ദ്ധാൻ
അനുഗ്രഹീത് പ്രണമതഃ ശുഭദൃഷ്ടി-
(പാതൈ—
വാർത്താനുയോഗമധുരാക്ഷരയാ ച വാചാ'

ശ്രീരാമനെ അകമ്പടി സേവിച്ചുനിന്ന വാനരനായകന്മാർ മദജലം ഒഴുകുന്ന ആനപ്പുറത്തു കയറിയപ്പോൾ നീർചാലുകൾ ഒഴുകുന്ന കുന്നിൽ കയറിയാലുള്ള സുഖം ആ കുരങ്ങന്മാർക്കുണ്ടായി എന്നു കവി കല്പിക്കുന്നു.

"രാമാജ്ഞയാഹര ചമൂപതയസ്തദാനീ
കൃതോമനുഷ്യവപുരാരുരുഹുർ ഗജേന്ദ്രാൻ
തേഷുക്ഷരത്സു ബഹുധാ മദവാരിധാരാഃ
ശൈലാധിരോഹണസുഖാന്യുപലേ-
ഭിരേതേ"

എന്നാണു് കാളിദാസൻെറ കാവ്യശൈലിക്കു ഇതരാതിരിക്തമായ വൈശിഷ്ട്യം? അകൃത്രിമമായ, ലളിതമായ, പ്രകൃതിസുഭഗമായ പ്രതിപാദനമാണു. സംസ്കൃതസാഹിത്യത്തെ പിൽക്കാലത്തു ആസകലം അലംകോലമാക്കിയ കൃത്രിമത്വം, അനിയന്ത്രിതമായ അതിശയോക്തിപ്രണയം കാളിദാസനെ ബാധിച്ചിരുന്നില്ല. "അപൃഥഗ്യത്നനിർവ്വർത്യം" എന്നു ആനന്ദവർദ്ധനൻ അനുശാസിക്കുന്ന രീതിയിലുള്ള അലങ്കാരങ്ങളെ ശബ്ദപരമായാലും അർത്ഥപരമായാലും കാളിദാസകവിതയിൽ കാണുകയുള്ളൂ. അലങ്കാരങ്ങൾക്കെല്ലാം ജീവാതുവായ ഉപമയാണല്ലോ കാളിദാസകവിതയിൽ പ്രസിദ്ധം. സുപ്രസിദ്ധമായ ഒരു ഉപമ അദ്ദേഹത്തിനു "ദീപശിഖാകാളിദാസൻ" എന്ന ബിരുദംപോലും ആർജ്ജിച്ചിട്ടുണ്ടെന്നു ഒരു വദന്തിയുണ്ടു്.

"സഞ്ചാരിണീ ദീപശിഖേവ രാത്രൌ

(ശേഷം രണ്ടാംപേജിൽ)

# കവിയും—സമുദായപരിഷ്കാരവും

പാലപ്പള്ളിൽ പരമേശ്വരൻപിള്ള, ബി. എ.

നമ്മുടെ, ആദർശങ്ങളും, സങ്കല്പസം ആദർശങ്ങളും, സങ്കല്പവിധാനങ്ങളും എന്നിവയെ തകിടംമറിച്ചുകൊണ്ട് അതാ കാലം അതിവേഗം മുന്നോട്ടു കുതിച്ചുപായുന്നു. ഇതിനിടയിൽ സാമ്രാജ്യങ്ങൾ നശിക്കുന്നു; ശാസ്ത്രകാരന്മാർ നവീനനശീകരണസമ്പ്രദായങ്ങൾ കണ്ടുപിടിക്കുന്നു; സ്ഥലം കാലം എന്നിവയുടെ അകൽച ഇല്ലാതാകുന്നു; ഓരോ പുതിയ സാമ്പത്തികസിദ്ധാന്തങ്ങൾ ഉടലെടുക്കുന്നു! എന്നിങ്ങനെ പ്രാപഞ്ചികപരിവർത്തനങ്ങൾ ദ്രുതഗതിയിൽ വന്നുകൊണ്ടിരിക്കുന്നുവെങ്കിലും, മനുഷ്യന്റെ ഹൃദയവേഴ്ചകളും വികാരവിചാരങ്ങളും അന്നും ഇന്നും വ്യത്യാസപ്പെട്ടിട്ടില്ല. അതു കൊണ്ടുതന്നെയാണു മനുഷ്യജീവിതവുമായി അഭേദ്യസമ്പർക്കം സമ്പാദിച്ച പുരാതനകാവ്യരത്നങ്ങളോ ചിത്രകലാവസ്തുക്കളോ നാം ഇന്നു കാണുമ്പോൾ നമ്മിൽ മയങ്ങിക്കിടന്ന രസഭാവങ്ങൾ ഉണർന്നു തുള്ളിച്ചാടുന്നത്. യഥാർത്ഥകലാവസ്തുക്കൾ മനുഷ്യന്റെ സാംസ്കാരികമായ പുരോഗതിയുടെ അണയാത്ത വഴിവിളക്കുകളാണ്. മഹായുദ്ധങ്ങൾക്കൊ അവയെ മറയ്ക്കാൻ സാധിക്കാത്ത വിധം അവ നമുക്കു മാർഗ്ഗദർശനം ചെയ്യുന്നു. ഇങ്ങനെ കാലത്തെ അതിജീവിക്കുന്ന കലാകാരന്മാരുടെ സ്മരണ നിലനിറുത്തുന്നതിനു അവരുടെ ശിലാപ്രതിമകളോ ഛായാപടങ്ങളോ എങ്ങും ആരും ഉയർത്തിപ്പിടിക്കണമെന്നില്ല. ഉച്ചനീചത്വങ്ങളെ സമീകരണസ്ഥിതിയിലാക്കുന്ന കാലമാണു സാഹിത്യത്തിന്റെ യഥാർത്ഥമായ ഉരകല്ല്.

ഇടിപടഹങ്ങളുടെയിടയ്ക്കു വല്ലപ്പോഴും മാത്രമായിക്കാണുന്ന വിരളമായ വിദ്യുല്ലതികപോലെയാണ് ഇന്നത്തെ കലാസൃഷ്ടികളിൽ കാവ്യഭംഗി നിഴലിക്കാറുള്ളത്. ഇതു സാഹിത്യാദർശങ്ങൾക്കുണ്ടായ സ്ഥിതിവ്യത്യാസത്താലോ അല്ലെങ്കിൽ സഹൃദയരസികത്വത്തിന്റെ രീതിഭേദത്താലോ ഉണ്ടായിട്ടുള്ളതാവാം. ഏതുകാലത്തും, സമുദായത്തിൽ സമാധാനം നിലവിലിരിക്കുമ്പോൾ മാത്രമേ, സംസ്കാരകേന്ദ്രങ്ങൾ ശക്തിവിനിയമനംചെയ്തു സാമാന്യജനതയെ ഉയർത്തിക്കൊണ്ടുവരാറുള്ളു. യാതൊരു മഹാകാവ്യവും ആപാദചൂഡം കാവ്യരസനിഷ്യന്ദിയായിരിക്കയില്ല. എപ്പോഴും അവയ്ക്കു നമ്മുടെ മൃദുലവികാരവീചികളിൽക്കൂടി ഒരു നാദബ്രഹ്മരസാനുഭൂതിയുളവാക്കാനുള്ള അനുഭവൈകശക്തി ഉണ്ടായിയെന്നും വരില്ല. അങ്ങനെ, വാസനയും വിജ്ഞാനസംസ്കാരവും ധാരാളമായുള്ള കാവ്യകാരന്മാർക്ക് ഇത്രയെ സാധിക്കുന്നുള്ളുവെങ്കിൽ പലപ്പോഴും ഇതൊന്നുമില്ലാതെ വെറും കവിയശഃപ്രാർത്ഥികളും ഗ്രന്ഥകർത്താക്കളുമായിത്തീരാനാഗ്രഹിക്കുന്ന ഇന്നത്തെ പല പുതിയ സാഹിതീസേവകന്മാരുടെയും കലാസൃഷ്ടികൾക്ക് നമ്മേയും നമ്മുടെ ഭാവിതലമുറകളേയും എങ്ങനെ കൂടുതൽ സംസ്കാരസമ്പന്നരാക്കാമെന്നുള്ള ചോദ്യം ഒരു പക്ഷെ അനാവശ്യമായി ഇക്കൂട്ടർക്ക് തോന്നിയേക്കാനിടയുണ്ട്.

മനുഷ്യസമുദായത്തിന്റെ നിലനില്പും ഉന്നതിയും അതിലെ ഭിന്നവർഗ്ഗങ്ങളുടെ സാംസ്കാരികനിലയെക്കൂടി ആശ്രയിച്ചാണല്ലൊ ഇരിക്കുന്നത്. സാമ്പത്തികസ്ഥിതിസമത്വം നടമാടുന്ന റഷ്യയിലും, വ്യക്തിസ്വാതന്ത്ര്യം അസ്തമിക്കാത്ത മററു പല പാശ്ചാത്യരാജ്യങ്ങളിലും, മനുഷ്യന്റെ സംസ്കാരപരമായ അഭ്യുന്നതിയ്ക്കുവേണ്ടിയുള്ള പരിപാടികൾ ഭരണകർത്താക്കളോ ഭരണീയരോ ത്യാജ്യകോടിയിൽ തള്ളിക്കളഞ്ഞിട്ടില്ല. മനുഷ്യൻ ഭക്ഷണസുഖസൗകര്യാദികൾക്കായി മാത്രം ജീവിക്കുന്ന ഒരു ജന്തുവല്ലെന്ന്, മനുഷ്യത്വത്തിന്റെ നിലനില്പിന് രക്തസാക്ഷിത്വം വരിച്ച ശ്രീ യേശുക്രിസ്തു എത്രയോകാലം മുൻപു പറഞ്ഞുകഴിഞ്ഞു. സംസ്കാരത്തെ സമുദ്ധരിക്കാൻ ഇത്ര പററിയ ഒരുപകരണം കലയെപ്പോലെ മറെറാന്നില്ല. അപ്പോൾ കലാകാരന്മാരാണ് സമുദായത്തിന്റെ സംസ്കാരമൂർത്തികൾ എന്നു വന്നുചേരുന്നു. എന്തുകൊണ്ടെന്നാൽ കതിരവൻ ഉഷസ്സിൽ ചെങ്കതിരുകൾ വിതറി, അന്തിമനേരമാകുമ്പോൾ അവയെ തന്നിൽതന്നെ പിന്തിരിപ്പിക്കുംവണ്ണം, മനുഷ്യന്റെ അന്തരാത്മാവിൽനിന്നും സർവ്വതോമുഖമായി പ്രസരിക്കുന്ന ദിവ്യചൈതന്യകിരണങ്ങൾ പദാർത്ഥങ്ങളെ സംവരണംചെയ്തു പ്രതിനവർത്തി"ക്കുമ്പോഴാണല്ലൊ മധുരരസനിഷ്യന്ദിയായ കലാസൗഭാഗ്യം ഉടലെടുക്കുന്നത്. അങ്ങനെ, ഭാവനാസമൃദ്ധവും സംസ്കാരസമ്പന്നവുമായ സഹൃദയഹൃദയങ്ങൾ കാലത്തിന്റെ മുൻപിൽ കാഴ്ചവച്ചിരിക്കുന്ന കാവ്യോപഹാരങ്ങൾക്ക് എന്ന് എങ്ങിനെ വാട്ടം സംഭവിക്കാനാണ്.

ശാസ്ത്രത്തെപ്പോലെതന്നെ കലകളും എന്നും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പഴയതെന്നു പറഞ്ഞു പുച്ഛിക്കുന്ന ഇന്നത്തെ പുരോഗമനവാദികൾ ലോകത്തിലെ ഏതു രാജ്യക്കാരുടെയെങ്കിലും സാഹിത്യചരിത്രം ഒന്നു പരിശോധിച്ചു നോക്കട്ടെ. ജീവിതത്തിനു വന്നിട്ടുള്ള പരിവർത്തനത്തിന്റെ പ്രതിബിംബങ്ങളാണ് ഓരോ കാലത്തേയും സാഹിത്യചിത്രങ്ങൾ. മനുഷ്യജീവിതവുമായി സ്ഥായീഭാവമില്ലാത്ത സാഹിത്യ പ്രവർത്തനത്തിനു സമുദായത്തിൽ സ്ഥാനമെവിടെ? യുഗാന്തരങ്ങളുൾക്കൊള്ളുന്ന സംസ്കാരശക്തികളുടെ ഒരു സമാഹാരമാണ് ഇന്നത്തെ മനുഷ്യൻ. ഇന്നലത്തെ പശ്ചാത്തലം മായിച്ചുകളഞ്ഞു ഒരു പുതിയ ചിത്രംവരയ്ക്കാൻ നാമാരുംതന്നെ പ്രാപ്തിയുള്ളവരല്ല. ആശയങ്ങളാണ് ലോകത്തെ ഭരിക്കുന്നത്. വാളല്ല അതിന്റെ പരമായുധം. ഈ ആശയങ്ങൾ ആകാശത്തുനിന്നും പൊട്ടിവീണിട്ടുള്ളവയല്ല. അവ മഹാത്മാക്കളുടെ ചിന്താസന്താനങ്ങളാണ്. പരിസരശക്തികൾക്കു വിധേയരായിക്കഴിയുന്നവരാണു സാധാരണയാളുകളെല്ലാംതന്നെ; പക്ഷെ ഈ അമാനുഷന്മാർ സാഹചര്യങ്ങൾക്കു കീഴ്പ്പെടാതെ, സുഖദസുന്ദരമായ ഒരു ഭാവിയെ സംവിധാനം ചെയ്തുകൊണ്ടും അനവരതം പ്രവർത്തിച്ചതിന്റെ ഫലമാണ് പുതിയതെന്നു തോന്നുന്ന ഈ ആശയസമാഹാരം. ഇന്നത്തെ, സാഹിത്യ സംരംഭങ്ങളെല്ലാംതന്നെ അതിനെ ഒരു സാമ്പത്തിക സ്ഥിതിസമത്വവാദത്തിന്റെ നകത്തിനുള്ളിൽ ആക്കിക്കൊണ്ട്, അവ്യവസ്ഥിതമായ രൂപത്തിൽ നിലകൊള്ളുന്ന സാധുജനങ്ങളുടെ മൃദുലചിന്തകളിൽ ചാലകൾ സൃഷ്ടിപ്പിക്കുകയാണ്. ഈ അക്കരപ്പച്ചയിലുള്ള ഭ്രമം നമ്മുടെ ആളുകൾക്കു അസാധാരണമല്ല. പക്ഷെ കവിയോടും ചിത്രകാരനോടും "ഹേ അതു നോക്കൂ; ഇതു ചിത്രണംചെയ്തു ഈ രൂപത്തിൽ ഒരു ഷഷ്ടിപൂർത്തി സ്മാരകമെഴുതുക, അങ്ങനെ ഒരു മംഗളാശംസ കുറിക്കൂ" എന്നു നിർദ്ദേശിക്കാനൊരുമ്പെടുന്ന ഉപദേശകസമിതിയുടെ ധാർഷ്ട്യം അതിരുകടന്നതാണ്. ഇതുകൊണ്ടും നമ്മുടെയിടയിലുള്ള അഴിമതികളും അനാചാരങ്ങളും, മർദ്ദിതജനചൂഷണങ്ങളും മററവശതകളും നാം നിലനിർത്തണമെന്നു അർത്ഥമാക്കരുത്. നമ്മോടൊപ്പം നമ്മുടെയിടയിൽ ജീവിക്കുന്ന കവിയ്ക്കും ചിത്രകാരനും ഈ അനാശാസ്യ പരിതഃസ്ഥിതികൾ കാണാതിരിക്കാനോ, അവരുടെ പരിവേദനകൾ അയാളുടെ ചെവിയിൽ അത്തുകയില്ലെന്നോ നാം സംശയിക്കുന്നെങ്കിൽ അതു തെററാണ്.

കലാകാരന്റെ ഹൃദയം സാധാരണ മനുഷ്യന്റേതിനെക്കാൾ മൃദുലവും ചിന്താജന്യവുമാണ്. അയാൾക്കു ചുററുപാടുകൾ മറന്നു ജീവിക്കാൻ സാദ്ധ്യമല്ല. നാം നമ്മുടെ കുട്ടികളെ സ്നേഹിക്കുന്നതുപോലെയാണ് കവികൾ അവരുടെ ആശയസമാഹാരമായ കാവ്യങ്ങളെ സംവീക്ഷണം ചെയ്യുന്നത്. ഹൃദയമറിയാതെ ആശയങ്ങൾക്കു: ഊന്നിറങ്ങാൻ സാധിക്കയില്ല. വിപ്ലവാത്മകമായ ആശയങ്ങൾക്കു കഴിവില്ലാത്തവൻ സന്താനസൃഷ്ടികർമ്മത്തിൽപോലും പരാജിതയാവുകയേ ഉള്ളുവെന്നു (Dr. Johnson) ഡാക്ടർ ജോൺസൺ പരിഹാസദ്യോതകമായിട്ടെങ്കിലും അഭിപ്രായപ്പെട്ടതു്, കാവ്യരചനാകൃത്യം ഒരു സൃഷ്ടികർമ്മമാണെന്നുള്ള കാര്യം നമ്മേ വിസ്മരിപ്പിക്കാതിരിക്കാനാണ്. തന്റെ ഹൃദയത്തിൽ വസ്തുസ്ഥിതകളുടെ പ്രകാശരശ്മികൾ തട്ടുമ്പോൾ പ്രതിബിംബിക്കുന്ന ചിത്രങ്ങളാണ് സാഹിത്യം സംഗീതം എന്നീ ഭിന്നമാർഗ്ഗങ്ങളിൽക്കൂടി കലാരൂപമെടുക്കുന്നത്. അതിലെല്ലാം അയാൾക്ക് പരമ്പരാനുഗതമായിട്ടുള്ള സംസ്കാരത്തിന്റെയും അതോടു ഒട്ടിച്ചേരുന്ന വ്യക്തിത്വത്തിന്റേയും നിഴൽപാടുകൾ നമുക്കു കാണാൻ കഴിയും. അതിനു പരപ്രേരണകൾ ആവശ്യമില്ല. പ്രേരണകൊണ്ടും, അതില്ലാതെ സ്വകീയമായ പ്രചോദനശക്തികൊണ്ടും ഉണ്ടാകുന്ന ഫലങ്ങൾക്കു രുചിവ്യത്യാസം കാണാതിരിക്കയില്ല.

ഒരു പ്രത്യേകോദ്ദേശത്തെ ലാക്കാക്കിയെഴുതുന്ന സാഹിത്യഗ്രന്ഥങ്ങൾ അതിന്റെ ഉദ്ദേശസാദ്ധ്യതയിൽ തന്റെ ഭാഗം അഭിനയിച്ചുകഴിഞ്ഞ നടനെപ്പോലെ അണിയറയിൽ തിരോധാനംചെയ്യുന്നു. ജാതിമതഭിന്നതകളുടെ നേർക്കു് പ്രയോഗിച്ച കാവ്യശകലങ്ങളുടെ അന്നത്തെ ഓജസ്സും പ്രസരിപ്പും ഇന്നു് എവിടെപ്പോയി? കലാകാരനെ ഈ ഉപദേശികളൊന്നുംചെന്നു വീർപ്പുമുട്ടിക്കാതിരുന്നാൽ മതി; പ്രകൃതിയും അതിന്റെ ഒരംശമായ മനുഷ്യ

(ശേഷം പതിനൊന്നാംപേജിൽ)

(ഒന്നാംപേജിൽനിന്നും തുടർച്ച)

യം യം വ്യതീയായ പതിംവരാ സാ
നരേന്ദ്രമാർഗാട്ട ഇവ പ്രപേദേ
വിവർണ്ണഭാവം സ സ ഭൂമിപാലഃ"

സ്വയംവരമണ്ഡപത്തിൽ സന്നിഹിതരായിരുന്ന കമിതാക്കളായ രാജാക്കന്മാരെ ഓരോരുത്തരേയും ഭഗ്നാശരാക്കി കടന്നുപോയ ഇന്ദുമതിയെ ദീപശിഖയോടുപമിക്കുകയാണല്ലോ കവി ചെയ്യുന്നത്. ഇങ്ങനെ മനോഹരങ്ങളായ അനേകം ഉപമകൾ കാളിദാസകൃതികളിൽ സുലഭമാണ്. രഘുവംശത്തിൽ ഗംഗാ യമുനാ സംഗമം വർണ്ണിക്കുമ്പോൾ:—

'കചചിത് പ്രഭാലേപിഭിരിന്ദ്രനീലൈ-
മുക്താമയീയഷ്ടിരിവാനുവിദ്ധാ'

എന്നു തുടങ്ങുന്ന ഉപമാമാലിക കോൾമയിർക്കൊള്ളാതെ വായിക്കുവാൻവയ്യ.

കാളിദാസൻ ഒരു രാജസേവകൻ ആയിരുന്നുവെന്നും രാജസ്തുതിപരങ്ങളായ പ്രസ്താവങ്ങളേ കാളിദാസകവിതയിൽ ഉള്ളുവെന്നുംപല്ലവഗ്രാഹികളായ ആധുനികർ പറയാറുണ്ട്, എന്നാൽ:—

"ആജന്മനഃ ശാഠ്യമശിക്ഷിതോ യ-
സ്തസ്യാപ്രമാണം വചനംജനസ്യ
പരാതിസന്ധാനമധീയതേ യൈർ-
വിദ്യേതി തേ സന്തു കിലാപ്തവാചഃ"

എന്നു രാജസമക്ഷം പരവഞ്ചനം വിദ്യയായിട്ടു അഭ്യസിക്കുന്നവർ എന്നു രാജാക്കന്മാരെ പൊതുവെ ശാർങ്ഗരവനെക്കൊണ്ടു അധിക്ഷേപിപ്പിക്കുന്ന കാളിദാസൻ കേവലം സ്തുതികാരനല്ലതന്നെ. ശാർങ്ഗരവൻതന്നെ ജനസങ്കുലമായ രാജധാനിയിൽ പ്രവേശിക്കുമ്പോൾ

"ജനാകീർണ്ണം മന്യേ ഹുതവഹപരീതം ഗൃഹമിവ" എന്നു പറഞ്ഞുപോകുന്നു. ചുററും തീപററുന്ന വീടുപോലെ തോന്നുന്നു. ഈ രാജധാനി എന്നു പറയുന്നതു കേവലം ജനസംബാധംകൊണ്ടാണെന്നു തോന്നുന്നില്ല, ജനനിബിഡമായ ഒരു മഹാനഗരത്തിലെ കൃത്രിമവും ദുഷ്ടവുമായ ജീവിതഗതി ആ ശുദ്ധസത്വനായ യുവാവിന്റെ അന്തരാത്മാവിനെ പീഡിപ്പിച്ചിരിക്കുന്നു.

ദൃഢമായ പുനർജന്മവിശ്വാസത്തിന്റെ ലക്ഷണങ്ങൾ കാളിദാസന്റെ കവിതകളിൽ കാണാം. ഒരു മധുരമായ ഗീതം കേട്ട് അവ്യക്തമായ ഏതോ ആന്തരമാൽ സുകൃതത്തിനു വിധേയനായ ദുഷ്ഷന്തൻ പറയുന്നു—.

"രമ്യാണി വീക്ഷ്യ മധുരാംശ്ച
നിശമ്യ ശബ്ദാൻ
പര്യുൽസുകീ ഭവതി യത്
സുഖിതോഽപി ജന്തുഃ
തച്ചേതസാ സ്മരതി
നൂനമബോധപൂർവ്വം
ഭാവസ്ഥിരാണി ജനനാ-
ന്തരസൗഹൃദാനി"

രമ്യങ്ങളായ രംഗങ്ങൾ കാണുമ്പോഴും മധുരങ്ങളായ നാദങ്ങൾ കേൾക്കുമ്പോഴും ചിലപ്പോൾ അവ്യക്തമായ ഒരു ഔൽസുക്യം സ്വസ്ഥനെപ്പോലും പീഡിപ്പിക്കാറുണ്ട്. ജന്മാന്തരങ്ങളിലെ സൗഹൃദബന്ധങ്ങളെ പ്രകടമായ ബോധംകൂടാതെ ആത്മാവു അനുസ്മരിക്കയായിരിക്കാം. എന്ന് ആശങ്കിക്കുന്നു.

ആ കവീശ്വരന്റെ വിശേഷാത്തരങ്ങളായ ആദർശങ്ങൾ ഇന്നും നമുക്കു ആസേവ്യങ്ങളാണ്.

ബഹ്വ്ൗപ്യാശമൈർഭിന്നാഃ
പന്ഥാനഃ സിദ്ധിഹേതവഃ
ത്വയ്യേവനിപതന്ത്യോഘാ
ജാഹ്നവീയാ ഇവാർണ്ണവേ

എന്നു സർവ്വമതസാഹോദര്യവും ലക്ഷ്യൈക്യവും പ്രഖ്യാപനംചെയ്യുന്ന ആ മന്ദ്രഗംഭീരശംഖധ്വാനം ഭൂമണ്ഡലം മുഴുവൻ മാറെറാലിച്ചുകൊണ്ട് നവപ്രബോധം അരുളട്ടെ. അവിഭക്തമായ ആ ജാഹ്നവീപ്രവാഹം ഭാരതഭൂമിയെ എന്നെന്നും പുണ്യതരമാക്കട്ടെ.

"ചിത്രകാരന്റെ പുത്രി"



ലണ്ടനിലെ ഇൻഡ്യാഹൗസിൽവച്ചു നടത്തപ്പെട്ട ഭാരതീയചിത്രകലാപ്രദർശനത്തിലുൾപ്പെട്ട മി. റാവുവിന്റെ ചിത്രങ്ങളിലൊന്നായ 'ചിത്രകാരന്റെ പുത്രി'. ഇടതുവശം മിസ്സ് രംഗനാഥറാവുവും വലതുവശം മിസ്സ് ശാലിനീ റാവുവും ചിത്രകാരൻ "മോഡൽ"ആയി സ്വീകരിച്ചിരിക്കുന്നതു്. ശാലിനി റാവുവിനെയാണ്.

ചെറുകഥ

# *വാറണ്ടുപുള്ളി

ഡാക്ടർ പി. എസ്. നായർ, ചേർത്തല

I

മുരളിയെക്കാൾ നാലുവയസ്സിന് ഇളയതാണ് കമല. അവരുടെ ബാല്യകാലത്തിൽതന്നെ, മാതാപിതാക്കൾ അന്തരിച്ചുപോയി. ദാരിദ്ര്യത്തെ സാധാരണ അനുധാവനംചെയ്യുന്ന വിഷൂചികയായിരുന്നു, അവരുടെ മരണഹേതുകമായ രോഗം. പിതാവു മരിച്ച മൂന്നാംദിവസം, മാതാവും ഇഹലോകവാസം വെടിഞ്ഞു.

തനുവാനകലം തണുത്തു്, കരചരണങ്ങൾ മരവിച്ചു്, ആവേശത്തോടെ അങ്ങുമിങ്ങും ഉരുളുന്നതിനിടയിൽ, തന്റെ അരികിൽ കയ്യും കാലും തല്ലി കരഞ്ഞുകൊണ്ടുകിടന്ന ആ കൊച്ചോമനക്കുഞ്ഞിനെ-കമലയെ-അമ്മ വലിച്ചെടുത്തു മുരളിയുടെ കയ്യിൽ ഏല്പിച്ചതാണ്.

കണ്ണുനീർ തൂകിക്കൊണ്ടു അവൻ ആ പൈതലിനെ മേടിച്ചു. അല്പനിമിഷങ്ങൾക്കകം, അമ്മ കണ്ണടച്ചു; എന്നെന്നേയ്ക്കുമായി.

അന്നു മുരളിക്കു് അഞ്ചുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു. മാതാവിന്റെ മരണശേഷം, കമലയേയും കൈത്തണ്ടിലെടുത്തുകൊണ്ടു മുരളി തെണ്ടിത്തുടങ്ങി.

പ്രസവിച്ച സ്ത്രീകളെ ആരെയെങ്കിലും കാണുമ്പോൾ, അവന്റെ ആനന്ദം അപരിമിതമാണ്. മുഖം പ്രസന്നമാക്കി വിനയഭാവം അവലംബിച്ചുകൊണ്ട്, അവൻ അവരുടെ അടുത്തുചെല്ലും.

അവരുടെ പയോധരങ്ങളിൽ തുളുമ്പുന്ന ആ പാലു്-ആ അമൃതം-അതാണു അവനുവേണ്ടതു്; തന്റെ കൊച്ചനുജത്തിയുടെ പ്രാണൻ കെട്ടുപോകാതിരിക്കുന്നതിനുവേണ്ടി.

അശ്രുക്കൾ തുടച്ചുകൊണ്ടു ദീനതയോടെ ആ ബാലൻ അവരോടഭ്യർത്ഥിക്കും:-

"അമ്മയില്ലാത്ത ഈ കുഞ്ഞിനു ഇച്ചിരി മുലകൊടുക്കണെ."

അങ്ങിനെ കണ്ടപെണ്ണുങ്ങളുടെ മുലപ്പാലുകുടിപ്പിച്ചും, പിച്ചതെണ്ടി തീററിയും മുരളി കമലയെ പോററി വളർത്തിവന്നു. ഈ പാരിൽ അവന്റെ ഏകസമ്പാദ്യം ആ ഓമന അനുജത്തി മാത്രമാണ്.

കമലയുടെ മുഖമൊന്നുകറുത്താൽ, മുരളിയുടെ ഹൃദയം എരിപൊരികൊള്ളലായി. ജ്യേഷ്ഠന്റെ കണ്ണുകളിൽ അശ്രുക്കൾ പൊടിയുന്നതുകണ്ടാൽ, കമലയുടെ ഉള്ളം തകരുകയായി.

ഇങ്ങിനെ ആ സഹോദരീസഹോദരന്മാർ, പരസ്പരമുള്ള സ്നേഹവാത്സല്യത്തിന്റെ തണലിൽ വളർന്നുവന്നു.

രാത്രിയിൽ കമലയെ കഥകൾ പറഞ്ഞുകേൾപ്പിച്ചു ഉറക്കിയതിനുശേഷം, മുരളി ചിലപ്പോൾ മുററത്തുവന്നിരുന്നു്, തന്റെ ദയനീയസ്ഥിതിയോർത്തു കുറേനേരം കരയും. അവൻ മേല്പോട്ടു്-നീലാകാശത്തിലേയ്ക്കു-നോക്കി നെടുവീർപ്പിടും. ആയിരമായിരം കണ്ണുകളോടുകൂടി തന്റെ അമ്മ, തന്നെനോക്കി അനുഗ്രഹിക്കുന്നതുപോലെ, അവനു് അപ്പോൾ തോന്നും.

അവൻ ആ മുററത്തിരുന്നു പലപ്പോഴും മയങ്ങാറുണ്ടു്. ചിലപ്പോൾ അച്ഛൻവന്നു് അവനെ അൻപുകലർന്നു ആശ്ലേഷിച്ചു്, വാത്സല്യപൂർവ്വം കവിളത്തു ഉമ്മവയ്ക്കുന്നതായി അവൻ സ്വപ്നംകാണും.

II

മുരളിക്കു് എട്ടുവയസ്സായി. അവൻ അടുത്തുള്ള ഒരു ഗ്രാന്റുപള്ളിക്കൂടത്തിലെ മൂന്നാംക്ലാസ്സിൽ പഠിക്കുകയാണ്.

നേരംവെളുത്താൽ സ്കൂളിൽപോകുന്ന സമയംവരെ അവൻ ജോലിചെയ്യും. അയൽവക്കത്തുള്ള ധനവാന്മാരുടെ ഗൃഹങ്ങളിൽചെന്നു്, പഞ്ചിയ്ക്കു നനയ്ക്കുകയോ-വെള്ളം കോരിക്കൊടുക്കുകയോ-കന്നാലികളെ അഴിച്ചു വയലിൽ കൊണ്ടുപോയി കെട്ടുകയോ-ഇങ്ങിനെയുള്ള എന്തെങ്കിലും ജോലികൾ.

ആ വേലയ്ക്കു പ്രതിഫലമായി അവനു ലഭിക്കുന്ന പഴംകഞ്ഞി, വീട്ടിൽകൊണ്ടുവന്നു് ഊററി വററാക്കി പകുതിയിലധികവും അനുജത്തിക്കു കൊടുത്തിട്ടു്, ബാക്കിയുള്ള വെള്ളവുംമോന്തി പരിതൃപ്തനായി അവൻ പള്ളിക്കൂടത്തിലേയ്ക്കുപോകും.

സ്കൂളിൽ ചെന്നാലും അവനു ജോലിയുണ്ടു്. സാറന്മാർക്കുവേണ്ടി വല്ലപ്പോഴും ചന്തയിൽ പോയി വല്ല പച്ചക്കറിസാമാനങ്ങളും വാങ്ങിച്ചുകൊണ്ടുവരണം. ചിലപ്പോൾ അഞ്ചലാഫീസുവരെ ഒന്നു പോകണം. ഹെഡ്മാസ്റ്റർസാറിന്റെ "ആഡുതലി"യായി പറയുന്നിടത്തെല്ലാം ഓടണം.

ഇതിനു പ്രതിഫലമായി അവരും വല്ലതുമൊക്കെ അവനു കൊടുത്തുകൊണ്ടിരുന്നു,—പഠിക്കാനുള്ള വല്ല പഴയ പുസ്തകങ്ങളോ—സ്ലേററോ.

അക്കൊല്ലത്തെ മദ്ധ്യവേനൽഒഴിവുകഴിഞ്ഞു സ്കൂളുകൾ തുറന്നു. മുരളി മൂന്നാംക്ലാസിൽനിന്നും ജയിച്ചു. ആ വർഷം കമലയേയും സ്കൂളിൽ ചേർക്കണം. അവൾക്കും ഒരു ഒന്നാംപാഠപുസ്തകവും സ്ലേററും ആവശ്യമാണ്. അതിനുംപുറമേ ഉടുക്കാൻ ഒരുപാവാടയും വേണം.

അയൽവക്കത്തുള്ള ഒരു പ്രവൃത്തിയാരുദ്ദേഹത്തിന്റെ കുട്ടിയുടെ ഒരു കീറപ്പാവാട അവനു കിട്ടി. അദ്ദേഹത്തിന്റെധർമ്മപത്നി ദയാപൂർവ്വം അവനതു സമ്മാനംചെയ്തതാണു്. ഒരുതയ്യൽക്കാരന്റെ അടുക്കൽചെന്നു അവൻ 'കരഞ്ഞുപിഴിഞ്ഞിട്ടു' അയാൾ അതിന്റെ കീറലൊക്കെ മൂടിതയിച്ചുകൊടുത്തു.

ഒരു ഒന്നാംപാഠപുസ്തകത്തിനും സ്ലേററിനുംവേണ്ടി, ആ അശരണനായ ബാലൻ പലരോടും ചെന്നു യാചിച്ചു. ജീവകാരുണ്യത്തിൽ അത്ര പിന്നണിയിലാണു ഈ ലോകം. ആരും അവനെ സഹായിച്ചില്ല.

ഒരു കീറിയ ഒന്നാംപാഠപുസ്തകം—വില്ക്കാൻനോക്കിയിട്ടു ഒരുകാശുപോലും കിട്ടാഞ്ഞിട്ടു—അയൽവക്കത്തുള്ള ആശാരിരാമൻ അവനു സമ്മാനിച്ചു.

സ്ലേററിന്റെ കാര്യം? അതായി പിന്നീടു അവന്റെ ചിന്ത. ഒടുവിൽ, തന്റെ സ്ലേററുതന്നെ അനുജത്തിയ്ക്കു നൽകുവാൻ അവൻ തീരുമാനിച്ചു. അതും പൊട്ടിയതാണു്. എങ്കിലും സാരമില്ല.

കീറിപ്പറിഞ്ഞ പുസ്തകവും, പൊട്ടിയ സ്ലേററും, മുഷിഞ്ഞു അങ്ങുമിങ്ങും തയ്ച്ചിട്ടുള്ള പഴഞ്ചൻപാവാടയും!—കമലയ്ക്കു തീരെ തൃപ്തിയായില്ല. പിണങ്ങി അവൾ മുഖം വീർപ്പിച്ചു

അവളേപ്പോലുള്ള മററു പെൺകുട്ടികൾ, നല്ലവണ്ണം ചമഞ്ഞൊരുങ്ങി മിടുക്കത്തികളായി, പുത്തൻപുസ്തകങ്ങളുംസ്ലേററുകളുമൊക്കെയായി, സ്കൂളിൽവരുമ്പോൾ, അവൾമാത്രം ഇങ്ങനെ ചെല്ലുന്നതു—അതെ-അവൾ എന്നും ചേട്ടന്റെ അടുക്കൽ ഈ കാര്യം പറഞ്ഞുകരയും. അവൻ അതിനു മറുപടി ഒന്നും പറയാതെ, കണ്ണുനീർ തുടച്ചുകൊണ്ടു ഇറങ്ങിപ്പോകും. അല്ലാതെ അവനെന്തു ചെയ്യാൻ കഴിയും? പാവം.

ക്ലാസിൽ മുരളിയ്ക്കു സ്ലേററില്ല. അദ്ധ്യാപകൻ എന്നും അവനോടു ചോദിക്കും:—

"നിന്റെ സ്ലേററു എവിടെ?"യെന്നു്.

അവൻ ഒന്നും മിണ്ടാതെ കീഴോട്ടു നോക്കിനില്ക്കും. അവന്റെ മൗനവിയെക്കുറിച്ചു കുററപ്പെടുത്തിക്കൊണ്ടു ഉപാദ്ധ്യായൻ ദിവസവും അവനെ ശാസിക്കും.

ട്ടരെയുള്ള ഒന്നാംക്ലാസിൽ ഇരുന്നുകൊണ്ടു കമല അതു കാണും. അവൾ പേടിച്ചു സങ്കടത്തോടെ വിതുമ്പിവിതുമ്പിക്കരയും. അതുകണ്ടു അവളുടെ അദ്ധ്യാപകനും കാര്യമറിയാതെ അവളെ ശകാരിക്കും.

വൈകിട്ടു സ്കൂളുവിട്ടു വീട്ടിൽ വന്നാൽ കമല ചോദിക്കും:-

"ചേട്ടനെ എന്തിനാ സാറു തല്ലിയതു്?"

അവൻ എന്തെങ്കിലും കളവുരച്ചു അനുജത്തിയെ ചിരിപ്പിക്കുവാൻ ശ്രമിക്കും. അവളുടെ പിഞ്ചുചെഞ്ചൊടികളിൽ തഞ്ചുന്ന പുഞ്ചിരികണ്ടു അവൻ ആനന്ദിക്കും. തന്റെ പരമാർത്ഥം കമലയെ ധരിപ്പിച്ചാൽ, അവൾ കൂടുതൽ സങ്കടപ്പെടും. അവൾ പിന്നീടു സ്ലേററു എടുക്കുകയില്ല; സ്കൂളിൽ പോകുകയില്ല. അവനു അതു അറിയാമായിരുന്നു.

ഉച്ചയ്ക്കു സ്കൂളുവിടുന്ന അവസരത്തിൽ, കുട്ടികളെല്ലാം ഭക്ഷണം കഴിയ്ക്കുവാനായി ആർത്തുവിളിച്ചുല്ലാസത്തോടെ സ്വഗൃഹങ്ങളിലേയ്ക്കു ഓടുമ്പോൾ, തന്റെ ഓമനഅനുജത്തി പച്ചവെള്ളം കോരികുടിച്ചു വിശപ്പടക്കുന്നതു കണ്ടു കരളുപൊട്ടി, അവൻ ബഞ്ചിന്മേൽ കമിഴ്ന്നു കിടന്നു കരയുകയാണു പതിവു്.

III

കാലം കുറേ കഴിഞ്ഞു. ഏടുകൾ മറിഞ്ഞു. മുരളിയുടെ കുടിലിനു മുൻവശം നിന്നിരുന്ന തൈമാവു കായ്ച്ചുതുടങ്ങി. പല വസന്തങ്ങളും കടന്നുപോയി. മുരളി ഇപ്പോൾ ഒരു ഓട്ടുകമ്പനിയിലെ കൂലിവേലക്കാരനാണ്. ആഴ്ചതോറും കണക്കുതീർത്തുകിട്ടിവന്ന കൂലിയിൽനിന്നും മിച്ചപ്പെടുത്തി സമ്പാദിച്ച ഒരു ചെറിയ തുകകൊടുത്തു്, ആ കുടിലും അതിനു ചുററുമുള്ള പത്തുസെന്റു പുരയിടവും അവൻ തീറുവാങ്ങി.

കമലയ്ക്കു ൧൮ വയസ്സു പ്രായമായി. ബാലികയായിരുന്ന അവളുടെ ശരീരസ്ഥിതി ആകപ്പാടെ ഒന്നു മാറി. താരുണ്യം ചില ചായപ്പണികളും ചെപ്പിടിവിദ്യകളും അവളുടെ തളിർമേനിയിൽ നടത്തിക്കഴിഞ്ഞു. അവളുടെ കണ്ണുകൾ വിടർന്നു: നോട്ടങ്ങൾക്കു വശ്യതവളർന്നു; വാക്കുകൾക്കു മാധുര്യം കലർന്നു; വദനത്തിൽ മന്ദസ്മിതം വിരിഞ്ഞു. അവൾ ഒരു സുന്ദരിയായ യുവതിയാണെന്നു് എല്ലാവരും അറിഞ്ഞു.

കമലയെ തനിച്ചു കുടിലിലാക്കിയിട്ടു് ഫാക്ടറിയിലേക്കു പോകുവാൻ മുരളിയ്ക്കു ഭയം വർദ്ധിച്ചു. വിരിയാൻ തുടങ്ങുന്ന യൗവനം കടിഞ്ഞാണിട്ടു പിടിച്ചില്ലെങ്കിൽ, അതിന്റെ ഗതി എങ്ങോട്ടെന്നില്ലാത്തവണ്ണം തിരിഞ്ഞു ചിലപ്പോൾ ആപൽഗർത്തത്തിൽ വീഴാൻ ഇടയുണ്ടെന്നു് മുരളി പഠിച്ചിട്ടുണ്ടു്. പോരെങ്കിൽ ദാരിദ്ര്യം അതിനു പ്രേരകമായും തീരും.

ഏതു സമയവും ആ സഹോദരന്റെ വിചാരം അനുജത്തിയുടെ വിവാഹക്കാര്യത്തെക്കുറിച്ചു മാത്രമായിരുന്നു. പാവപ്പെട്ട തന്റെ സഹോദരിക്കു് ആരാണൊരുവരൻ വന്നുചേരുക? അവന്റെ മനസ്സു് വല്ലാതെ കലങ്ങി. ആലോചന പല വശത്തേയ്ക്കും തിരിഞ്ഞു.

വിവാഹദല്ലാളുകൾ!—അങ്ങിനെ ഒരു കൂട്ടരെക്കുറിച്ചു മുരളി കേട്ടിട്ടുണ്ടു്. തന്റെ കൂട്ടുകാരിൽ ചിലരുടെ കല്യാണം നടത്തിച്ചുകൊടുത്തതു് ആ കൂട്ടരാണ്. മുരളി ഒരു ദിവസം അങ്ങിനെയുള്ള ഒരുവനെ കണ്ടുപിടിച്ചു്, സൂത്രത്തിൽ അവനോടു അടുത്തുകൂടി വിവരം ധരിപ്പിച്ചു.

അയാളുടെ ബുദ്ധിമുട്ടിനു പ്രതിഫലമായി, പത്തുരൂപാ കൊടുക്കാമെന്നും അവൻ സമ്മതിച്ചു. കൂടാതെ വയറുനിറയെ അയാൾക്കു് അന്നു് അവൻ ചായയും വാങ്ങിക്കൊടുത്തു.

കമലയുടെ വരനായി കിട്ടുപിള്ളവക്കീലിന്റെ ഗുമസ്തനായ ഗണേശൻപിള്ളയെയാണു്, ആ ദല്ലാളു് കുറിയിട്ടെടുത്തതു്. അയാളുടെ "സ്റ്റോക്കി"ൽ ഇത്തരം പല വരന്മാരും എപ്പോഴും ഉണ്ടായിരിക്കുന്നതാണ്.

പെണ്ണുകാണാൻ വരൻ ദല്ലാളുമൊരുമിച്ചു് ഒരു ഞായറാഴ്ച മുരളിയുടെ കുടിലിൽവന്നു. അവരെ വേണ്ടവണ്ണം സല്ക്കരിച്ചു പറഞ്ഞയച്ചതിനു് മുരളിക്കു് അന്നു് അഞ്ചു രൂപാ ചിലവാണു്.

ഗണേശൻപിള്ളയ്ക്കു് കമലയുടെ ആകൃതിയും പ്രായവും പിടിച്ചു. അവളുടെ ഗുണഗണങ്ങളെപ്പററി ദല്ലാളു് വാനോളം പുകഴ്ത്തി. പക്ഷെ; പോകാൻനേരത്തു് ആ മണവാളൻ ഒരു കാര്യം പ്രത്യേകം മുരളിയോടു പറഞ്ഞു:

"പെണ്ണിനു് ൫൦ പവന്റെ ആഭരണം നിങ്ങൾ കൊടുക്കണം; കേട്ടോ."

"കൊടുക്കാം." യാതൊരു വൈമനസ്യവും സംശയവും കൂടാതെ ആ സഹോദരൻ ഉടനടി സമ്മതിച്ചു.

പക്ഷെ അവന്റെ കയ്യിൽ ഒരു കാശുപോലും അപ്പോൾ ഉണ്ടായിരുന്നില്ല. അന്നു ചിലവാക്കിയ ൫ രൂപാതന്നെ, അവൻ കടം വാങ്ങിയതാണു്. എങ്കിലും സഹോദരിക്കുവേണ്ടി അവൻ എന്തുവേണമെങ്കിലും സമ്മതിക്കുവാൻ സന്നദ്ധനായിരുന്നു.

വിവാഹദിവസം അടുത്തു. മുരളി രാവും പകലും ബുദ്ധിമുട്ടി ഓടിനടക്കുകയാണു്. അവനു് ഒരു "ദമ്പിടി"പോലും കിട്ടിയിട്ടില്ല. ൫൦ പവന്റെ ആഭരണം വേണം. അതിനുതന്നെ കുറഞ്ഞതു് ൩൫൦ രൂപയാകും. അടിയന്തരം നടത്തണം. പെണ്ണിനു് ബ്ളൗസും സാരിയും വാങ്ങണം.

അവൻ ആകപ്പാടെ കുഴങ്ങി. ആ പത്തുസെന്റു പുരയിടവും പുരയുംകൂടി പണയപ്പെടുത്തിയിട്ടു, അവനു ൭൦ രൂപാ കിട്ടി. അതുകൊണ്ടു് അവൻ എന്തുചെയ്യും? ഏതായാലും ൨൦ രൂപാകൊടുത്തു് ഒരു ബ്ളൗസിനുള്ള തുണിയും സാരിയും വാങ്ങി. ബാക്കി ൫൦ രൂപാ കല്യാണച്ചിലവിനും മാററിവച്ചു.

ആഭരണം......? ആ ചിന്ത അവന്റെ ഹൃദയത്തെ നീറിപ്പുകച്ചുകൊണ്ടിരുന്നു. തന്റെ കൊച്ചനുജത്തിയുടെ മെയ്യിൽ ആഭരണങ്ങൾ അണിഞ്ഞു കാണുവാൻ, അവനോളം കൊതിച്ചവർ മററാരുമില്ല. പക്ഷെ; എന്തുഫലം?

മുരളിയുടെകരളിനെ കരണ്ടുകൊണ്ടു് വിവാഹദിനം സമാഗതമായി. വരനും 'പാർട്ടി'യും മുഹൂർത്തിനുമുമ്പുതന്നെ വന്നുചേർന്നു. അലംകോലമൊന്നുംകൂടാതെ വിവാഹമങ്ങു നടന്നു. സദ്യയും കഴിഞ്ഞു.

പെണ്ണിനെ കൊണ്ടുപോകാനുള്ള സമയമായി. കല്യാണവേളയിൽ വധുവിന്റെ കഴുത്തിൽകിടന്ന ആഭരണങ്ങൾ ഒന്നുംതന്നെ ഇപ്പോൾ കാണുന്നില്ല. എവിടെയെന്നു ചോദ്യമായി.

"ഇരവായിരുന്നു." ഒരു അപരാധിയെപ്പോലെ നിന്നുവിറച്ചുകൊണ്ടു മുരളി സത്യം അറിവിച്ചു.

വരൻ ദല്ലാളിന്റെ മുഖത്തേക്കു് ഉഗ്രമായി നോക്കി. അഞ്ചുപവന്റെ ആഭരണം നാൾകാമെന്നുള്ള കരാറു ലംഘിച്ചതു് ന്യായമായില്ലെന്നു് അയാൾ കർക്കശവും കഠിനവുമായ നിലയിൽ ശഠിച്ചു; ശകാരിച്ചു; പുലമ്പിച്ചു.

മുരളി ഒന്നും മിണ്ടിയില്ല. ജ്യേഷ്ഠന്റെ ദയനീയസ്ഥിതിഓർത്തു് കമല മൂകയായി നിന്നു വിലപിച്ചു. അല്ലാതെ അവൾക്കു് എന്തു കഴിവുണ്ടു്?

ഉഭയകക്ഷികൾക്കും ദോഷമില്ലാത്തവണ്ണം ദല്ലാളു് ഒരു വിധി പ്രസ്താവിച്ചു; രണ്ടു മാസത്തിനകം മുരളി അഞ്ചുപവന്റെ ആഭരണമൊ അതിനുള്ള വിലയോ കൊടുക്കണമെന്നു്. മുരളി സമ്മതിച്ചു. എരിഞ്ഞുകൊണ്ടിരുന്ന അവന്റെ ഉള്ളം അങ്ങിനെ ഒന്നു തണുത്തു; അല്പനേരത്തേയ്ക്കു്.

മാസം രണ്ടിനു മൂന്നുകഴിഞ്ഞു ഭർത്തൃഗൃഹത്തിൽനിന്നും കമല ജ്യേഷ്ഠനെ കാണുവാനായി വന്നു. അവൾ സ്വയമേവ വന്നതല്ല. ഭർത്താവു് അവളെ അങ്ങോട്ടു 'ഉന്തിത്തള്ളി' അയച്ചിരിക്കുകയാണു്; ആഭരണത്തെപ്പററി ചോദിക്കുവാൻ. 'മനാമനസ്സോടെ' അവൾ ആ കാര്യം ജ്യേഷ്ഠനെ ഓർമ്മിപ്പിച്ചു. അവൻ സങ്കടപ്പെട്ടു. സഹോദരിയെനോക്കി അവൻ മെല്ലെ ക്ഷമാപണരൂപത്തിൽ പറഞ്ഞു:

'കമലെ നീ പിണങ്ങരുതു്. ഞാൻ നോക്കിയിട്ടു് യാതൊരു മാർഗ്ഗവും ഇപ്പോൾ കാണുന്നില്ല. ഞാൻ ഉടനെ ഉണ്ടാക്കിച്ചുതന്നുകൊള്ളാം. എന്നെ തെററിദ്ധരിക്കരുതെന്നു് അളിയനോടു നീ പ്രത്യേകം പറയണം.'

ജ്യേഷ്ഠന്റെ കഷ്ടസ്ഥിതിയോർത്തു മനഃസ്ഥാപിച്ചുകൊണ്ടു കമല മടങ്ങിപ്പോയി.

വെറുംകയ്യോടെ തിരിച്ചുവന്ന ഭാര്യയെ ഗണേശൻപിള്ള നിർദ്ദയം ശകാരിച്ചു.

'ആങ്ങളയും പെങ്ങളുംകൂടി എന്നെ വഞ്ചിക്കയാണു ചെയ്തതു്. ഇനിമേൽ എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം.' അയാൾ പരുഷമായി പറഞ്ഞു.

കമല ഒന്നും മിണ്ടിയില്ല. അവളുടെ ഹൃദയം കിടന്നു പിടച്ചു് ചിറകിട്ടു് അടിച്ചു.

അടുത്തദിവസം ഗണേശൻപിള്ളതന്നെ മുരളിയെ കാണുവാനായി തിരിച്ചു.

(ശേഷം നാലാംപേജിൽ)

(മൂന്നാംപേജിൽനിന്നും തുടർച്ച)

അളിയനെ കണ്ടതോടുകൂടി മുരളിയുടെ മുഖം മുഗ്ദ്ധമായ ചെന്താമരപോലെ വിരിഞ്ഞുഎങ്കിലും ആഭരണത്തിന്റെ കാര്യമോർത്തപ്പോൾ, പെട്ടെന്ന് അന്ധകാരം വീണതുപോലെ അതു ശുഷ്കിച്ചു മങ്ങിപ്പോയി.

മുരളി ഗണേശൻപിള്ളയെ കാപ്പികുടിക്കുവാനായി ഒരു ചായക്കടയിലേക്കു ക്ഷണിച്ചു. അയാൾ ആ സൽക്കാരം നിരസിച്ചുകളഞ്ഞു. മുരളിയുടെ മനസ്സിന്റെ വേദന വർദ്ധിച്ചു.

"കമലയ്ക്കു സുഖമാണോ?" അവൻ പതുക്കെ ചോദിച്ചു. അവനു് അറിയേണ്ടതായ ഒരൊററസംഗതി അതുമാത്രമെയുള്ളു.

'അനുജത്തിക്കു് സുഖത്തിനെന്താണു കുറവു്? വേണ്ടതെല്ലാം ചേട്ടൻ കൊടുത്തിട്ടില്ലേ? പിന്നെ എന്തുവേണം.' ഗണേശൻപിള്ള ഇങ്ങിനെ വക്രഗതിയിലൊന്നു കളിയാക്കി. അനന്തരം ആഭരണത്തിന്റെ കാര്യം എടുത്തിട്ടു- അയാൾ മുരളിയെ കണ്ടമാനം ശകാരിച്ചു. കള്ളനെന്നുവിളിച്ചു. അവനു ക്ഷോഭമുണ്ടായില്ല. മ്ലാനവദനനായി മാപ്പുചോദിച്ചുകൊണ്ടു നിന്നതല്ലാതെ, ആ ദരിദ്രൻ യാതൊന്നും മറുത്തുപറഞ്ഞില്ല. അവനറിയാം—അവൻ അപരാധിയാണെന്നു്; അവൻ സത്യലംഘനം ചെയ്തവനാണെന്നു്.

മുരളി കിഴിഞ്ഞുപറഞ്ഞു:—

'അളിയാ! എന്റെ അപരാധം ക്ഷമിക്കണം. അടുത്തമാസത്തിൽ എങ്ങിനെ എങ്കിലും കുറച്ചുരൂപ ഞാൻ അവിടെ കൊണ്ടുവന്നുതരാം. അളിയൻ കമലയെ സങ്കടപ്പെടുത്തരുതു്.'

ഗണേശൻപിള്ളയ്ക്കു ആ വാക്കുകൾ തീരെ സുഖിച്ചില്ല. അയാൾ ഗൗരവത്തോടെ മറുപടിപോലും പറയാതെ മുഖം ചുമപ്പിച്ചുകൊണ്ടു് ഇറങ്ങിപ്പോയി.

പിറേറദിവസം രാവിലെ അയാൾ നാലഞ്ചു കടലാസ്സിൽ കമലയെക്കൊണ്ടു് ഒപ്പിടുവിച്ചു. സാധുവായ ജ്യേഷ്ഠനെ പ്രതിയാക്കിയുള്ള ഒരു അന്യായത്തിലാണു് താൻ ഒപ്പിട്ടതെന്നു അവൾ അറിഞ്ഞില്ല. ഗണേശൻപിള്ള അതേപ്പററി ഒന്നും അവളോടു പറഞ്ഞുമില്ല; അവൾ ചോദിച്ചുമില്ല

പത്തിരുപതുദിവസംകഴിഞ്ഞു ഒരു സായാഹ്നത്തിൽ, ഒരു മുൻസിഫ്കോടതി ശിപായി മുരളിയെ വന്നുകണ്ടു്, ഒരു അച്ചടിച്ച കടലാസിൽ അവനെക്കൊണ്ടു് ഒപ്പിടുവിച്ചു. അനന്തരം ആ കടലാസ്സു കീറി ഒരു പകുതികഷണവും, മറെറാരു കടലാസും അവനെ ഏല്പിച്ചിട്ടു് ആ ശിപായി മറഞ്ഞു.

മുരളി അന്ധാളിപ്പോടെ അതു വായിച്ചു നോക്കി. അഞ്ചുപവന്റെ വില നൂറുരൂപയും അതിന്റെ പലിശ പത്തുരൂപയും ഉൾപ്പടെ നൂറെറ രൂപയ്ക്കു തന്നെ പ്രതിയാക്കികമല—തന്റെ ഓമനയായ കൊച്ചനുജത്തി കമല—ആരെ ഉദ്ദേശിച്ചാണോ തന്റെ ആശാസൗധം കെട്ടിപ്പൊക്കിയതു്, ആ കമല—അന്യായംകൊടുത്തിരിക്കുന്നു.

മുരളിയുടെ ഹൃദയത്തിൽ ഒരു അഗ്നിപർവ്വതംപൊട്ടി. അവൻ നിന്നനിലയ്ക്കു നിന്നുപോയി. നാലഞ്ചുനെടുവീർപ്പുകൾ അവൻ തെരുതെരെ തള്ളിവിട്ടു. അവന്റെ നയനങ്ങളിൽനിന്നും നാലഞ്ചു പളുങ്കുമണികൾ അടന്നു താഴെവീണു.

ആദ്യവിചാരണദിവസം മുരളി കോടതിയിൽ ഹാജരായില്ല. കോടതിയിൽ ഹാജരാകുക എന്നുവെച്ചാൽ, എന്താണെന്നു് അവനു് അറിഞ്ഞുകൂടായിരുന്നു. അന്നു മുഴുവനും കരഞ്ഞുകൊണ്ടു് അവൻ കുടിലിൽതന്നെ കിടന്നു.

"എക്സ്പാർട്ടി"യായി കേസു വിധിച്ചു. ഗണേശൻപിള്ള പിന്മാറിയില്ല. ഉടനേതന്നെ മുരളിയെ വാറണ്ടിൽപിടിക്കാനുള്ള നടപടി അയാൾ നടത്തി. അയാൾ വക്കീൽഗുമസ്തനല്ലെ. അയാൾക്കതു് അറിയാമായിരുന്നു.

ഒരുദിവസം പ്രഭാതത്തിൽ മുരളി കിടക്കപ്പായിൽനിന്നും എഴുന്നേററു പുറത്തുവന്നപ്പോൾ പണ്ടത്തെപ്പോലെ ഒരു ശിപായി അവിടെ നില്ക്കുന്നു. മുന്നോട്ടുവച്ച കാൽ അവൻ പിറകോട്ടു വലിച്ചു. അവന്റെ ഉള്ളം തുടിച്ചു. ശിപായി ഗൗരവപൂർവ്വം അവനോടു പറഞ്ഞു.

"തനിക്കൊരു വാറണ്ടു് ഉണ്ടു്."

മുരളി ഞെട്ടിപ്പോയി. വാറണ്ടോ? ആ ഭീരുവിന്റെ ശരീരം വിറച്ചു. വാറണ്ടു് എന്നു് അവൻ കേട്ടിട്ടുണ്ടു്. അതൊരു ഭയങ്കരശിക്ഷയാണെന്നാണു അവൻ അറിഞ്ഞിട്ടുള്ളതു്.

അവൻ കരഞ്ഞുതുടങ്ങി. ശിപായി അതു വകവച്ചില്ല. ആ സർക്കാർ ഉദ്യോഗസ്ഥൻ അവനേയും കൂട്ടിക്കൊണ്ടു് നേരെ വാദിയുടെ വീട്ടിലേയ്ക്കു ചെന്നു.

അവന്റെ ദീനഭാവം കാണാൻകഴിയാതെ ബാലരവി മേഘത്തിനിടയിൽ മറഞ്ഞുകളഞ്ഞു.

മുരളി കമലയുടെ വീട്ടിലെത്തി. സഹോദരനെക്കണ്ടു വർദ്ധിച്ച സന്തോഷത്തോടെ,-ഒന്നുമറിയാത്ത കമല-"ഹാ! എന്റെ ചേട്ടൻ." എന്നു പറഞ്ഞു ചിരിച്ചുകൊണ്ടു് ഓടി അടുത്തുവന്നു.

മുരളി അനുജത്തിയുടെ മുഖത്തേയ്ക്കു സങ്കടത്തോടെ ഒന്നു നോക്കി. കണ്ണുനീരിന്റെ രണ്ടു ചാലുകൾ അവന്റെ ഗണ്ഡങ്ങളിൽ തെളിഞ്ഞു. ഗദ്ഗദത്തോടെ അവൻ പറഞ്ഞു:—

"കമലേ! ഞാൻ തടവുകാരനാണു്. എന്റെപേരിൽ നീ അന്യായംകൊടുത്തു എന്നെ വാറണ്ടിൽ പിടിപ്പിച്ചല്ലൊ."

അവൻ അശ്രുക്കൾ തുടച്ചു.

കമല പകച്ചു അങ്ങുമിങ്ങും നോക്കി. അവളുടെ കണ്ണുകൾ മങ്ങിച്ചു; കണ്ണുകൾ കൊട്ടിയടച്ചു. അവൾ ബോധംകെട്ടു പെട്ടെന്നു താഴെ വീണു. അരുണന്റെ തങ്കക്കതിരുകൾ കരുണാപുരസ്സരം അവളെ തലോടി.

* പകർപ്പവകാശം കാഥികനു്

—o—

# വിജയപ്രതീക്ഷ

കൈപ്പള്ളിൽ, കെ. കൃഷ്ണപിള്ള

കരളുനൊന്തുഞാൻ കേണുകേണീവിധം
കദനവാരിയിലാറാടിനിൽക്കിലും
കലിതകൌതുകംകാണുന്നതുണ്ടിതാ
കനകകാല്യക്കതിരിൻകണികകൾ!
അനുനിമേഷമടുത്തടുത്താഞ്ഞണ-
ഞ്ഞമിതമാമോദമൊന്നെനിക്കേകുവാൻ
വികലചിന്തയാൽ വാടിത്തളരുമെ-
ന്നകതളിരിനെയാശ്വസിപ്പിക്കുവാൻ
മുകുളിതാശയമിമ്മലർത്തോപ്പിനെ-
പ്പുളകപുഷ്പിതം,പൂർണ്ണാഭമാക്കുവാൻ,
നിജകരങ്ങളെൻനേർക്കുനീട്ടുന്നിതാ
'വിജയ'മാത്ത'പ്രതീക്ഷ'യാം ഭാനുമാൻ!
ജനിമുതലിത്രനാളുമിരുളിലായ്-
ക്കനകദീപമൊന്നാരാഞ്ഞലഞ്ഞഞാൻ
ഒരുവെളിച്ചമരികിലായ്ക്കണ്ടതോ
ചപലമാമൊരുമിന്നാമ്മിനുങ്ങിയായ്!
അരിയശീതളവാരിനുകരുവാൻ
പെരുകുമാശയോടോടിക്കുഴഞ്ഞുഞാൻ
ഒരുശിലാതലംപൂകിനേൻ,തുള്ളിയും
തരികയില്ലു നീര,ക്കരിമ്പാറയോ!!
ഹരിതസസ്യസുമശതരാജിത-
മൃദുലശയ്യയിൽ വിശ്രമിച്ചീടുവാൻ
ഉഴറിയെത്തി ഞാനേകാന്തശൂന്യമാ
മൊരുമരുസ്ഥലത്താലംബഹീനനായ്!!!
ഇതുവിധമാണനുഭവമെങ്കിലു,-
മിതുവിധംതന്നെമേലിലായീടിലും
മധുരഭാവിയെ ബ്ഭാവനമാത്രമായ്
മുകരുവാനെന്നെവിട്ടേയ്ക്കുലോകമേ!
പരിഭവമില്ല തെല്ലുമെനിക്കതിൽ-
ഗ്ഗതിമുടരട്ടെ,മുന്നോട്ടുഞാനിനി!
മധുകരാലാപലോലമാരാമമൊ-
ന്നധികൃതസ്ഥമല്ലെന്നറിവു ഞാൻ!
ഇരവിനെല്ലാം പുലരിയുണ്ടാകുമെ-
ന്നനുഭവം മർത്ത്യനേകുന്നു ബോധനം,
നിയതി നിശ്ചയം തെററുമാറില്ല,പി-
ന്നാഴലിനില്ലെനിക്കാവശ്യമല്പവും!
കരയുവാനില്ലകാണിയും,നേരമി-
ങ്ങണിനിരക്കുന്നു കർത്തവ്യമായിരം
അവശനാകിലു,മാവശ്യചോദിത-
നരുളിടട്ടവയ്ക്കാതിഥ്യമിന്നുഞാൻ!

മധുരമാമെൻമിഴിനീരലകളെ,
മഹിതഭാവിയെപ്പുൽകുവാൻപോട്ടെഞാൻ,
ഇനിയൊരിക്കലും വിസ്മരിക്കില്ലഞാ-
നനുപമങ്ങളേ,നിങ്ങൾതൻസൌഹൃദം!

—

# കലാകാമുകൻ

ത്രാമ്പിക്കൽ പത്മനാഭമേനോൻ, ഇടപ്പള്ളി

കരിവാർകുഴൽവെള്ളിക്കമ്പിപോൽവെളുത്തുപോയ്
കരിമീൻകളിയാന്ന മിഴികൾ കുഴിയിലായ്
രണ്ടുവത്സരംമുൻപുതാരുണ്യവിലാസശ്രീ-
പൂണ്ടൊരു'സരോജ'മിന്നെത്തിനാൾ-വാർദ്ധക്യത്തിൽ
വിളറീപകൽചന്ദ്രനൊപ്പമായ്തദാനനം
വിലസൽസ്മിതമതിൽനിന്നെങ്ങോമറഞ്ഞുപോയ്!
വല്ലപാടുമായ്പ്രാണധാരണംചെയ്വൂ സാധ്വി
ചൊല്ലിടാ കദനത്തിൻകാരണമാരോടുമേ!

* * *

നടിയാം"കലാവതി"യൊത്തുതൻപ്രാണേശ്വരൻ
നടനംചെയ്തീടുന്നു സ്വച്ഛന്ദം കലാപ്രിയൻ
ഓർക്കെയിത്രയും സരോജത്തിൻറശരീരത്തിൽ
ചീർക്കുന്നൂപുളകങ്ങൾ — വേർപ്പുകൾപൊടിക്കുന്നു!!
ശോണസുന്ദരമാകും കലതൻകവിൾപൂവിൽ
പ്രാണവല്ലഭനാത്മവദനമണയാതെ
ഇടയുംകടാക്ഷങ്ങൾ മാധുര്യമയക്കാതെ
ഇരുഹൃത്തിനുമേകിയന്യോന്യമലിയില്ലെ
കണ്ടിരിക്കുവാനുമാകാതെ സരോജാക്ഷി
പണ്ടുഖിന്നയായ്നാട്യശാലവിട്ടിറങ്ങിപ്പോയ്!
അന്നുതൊട്ടാശങ്കയാംപാഴ്ക്കീടം കടന്നെത്തി
കാർന്നുതിന്നുന്നു തന്നുഗാത്രിതന്നുൾപൂവിനെ!!
"ഫലശൂന്യമായ്പ്പോമോ കലതൻകലാലോല-
വിലസൽക്കടാക്ഷങ്ങൾവരനിൽപ്പതിക്കുകിൽ
നലമേറുമെൻനാഥൻനടനായ്നടിപ്പുതാ-
കലതൻകടാക്ഷത്തെ കാമിക്കയാലല്ലല്ലീ?"
വീർത്തുവീർത്തിതിചിന്താവിഷ്ടയാം സരോജത്തെ
രാത്രിനിദ്രയുംകൃപാഹീനമായ്വെടിയുന്നു!!
വാക്കൊന്നുമവൾക്കില്ല മായികസ്വപ്നങ്ങളെ
പാർക്കുന്നപ്രിയനാത്മബോധത്തെയുണർത്തുവാൻ

* * *

കലയെ പൂച്ചൂടിക്കെ ദാമ്പത്യകേദാരം ഹാ
കരിയുന്നെന്നീ കലാകാമുകനറിഞ്ഞെങ്കിൽ

—

1

കുഞ്ഞു കരയുന്നു 

(എന്തിനുവേണ്ടിയാണെന്നറിഞ്ഞുകൂടാ-)

2

യാതൊരു ദുസ്സ്വാദുമില്ലാത്ത

ഗ്രൈപ്പ് സിറപ്പ് 

അവനു കൊടുക്കുക

3

അതാ, കുഞ്ഞു പുഞ്ചിരിതൂകുന്നു 

ഒരു I.T.L. ഉല്പാദനം

നിർമ്മാതാക്കൾ:—
ദി മൈസൂർ ഇൻഡസ്ട്രിയൽ ടെസ്റ്റിങ്ങ് ലാബൊറട്ടറി ലിമിററഡ്, മല്ലേശ്വരം, ബാംഗ്ളൂർ.

BGK-16-ML

# CHEMICAL FERTILISERS

S. Nallaperumal, B. A., B. Sc (Eng), M. I. S. E., A. A. I. E. E.
And
R. Sankaran Nair, M. Sc.

The development of agriculture has become a national necessity. Travancore could be proud that she leads the rest of India in this respect A strong fertiliser industry is one of the basic essentials to the growth of agriculture on modern lines. The first modern fertiliser factory for the manufacture of Ammonium Sulphate is situated within her domain.

The process of manufacture of Sulphate of ammonia in this plant is unique. It depends upon her only natural resource, namely wood for the manufacture of Ammonia. It is a break from the usual convention which has coal as the starting material for its production The giant plant at Billingham starts on coal for its production of Ammonium Sulphate. So is going to be the factory at Sindhri for the production of Sulphate of Ammonia.

But Travancore has no deposit of coal, but has a vast natural resource of wood. It is no wonder then that she should turn to this unlimited resource of hers for the production of Ammonia. A hundred sq miles of forest has been set aside for the plant's needs. Because of the ideal growing condition - the tropical forest and 150 inches average rainfall—the resource will never be exhausted when scientifically managed.

Another point of interest which again draws our attention in the working of a plant is that the Merseburg gypsum process is for the first time combined with direct neutralisation to make ammonium sulphate. These are some of the salient features of the plant which makes it the first of its kind in the world for the manufacture of Ammonium sulphate by this process.

Nitrogenous fertilisers are only a part of the plant requirements. One other element of equal importance for promotion of plant growth is phosphor s. The application of phosphatic fertilisers to the soil supplies this important element of plant food Vast areas of our land are found deficient in this element and no wonder then that plans have already been set afoot for setting up factories for the manufacture of phosphatic fertilisers Superphosphate is the most common form of chemical fertiliser manufactured to supply this important plant nutrient.

Two plants are to be set up for the manufacture of Superphosphate one at Alwaye and the other at Kundara with a combined producation capacity of 60,000 tons. This producation figure is significant since the requirement of South India alone for superphosphate is of the order of 2.5 Lakhs of tons.

The site of the factory is at Kundara on the shores of lake Ashtamudi The plant will be centrally situated in Travancore and the position is ideal in regard to the rice producing areas of Nanjinad and Kuttanad. Transportation facilities by road, rail and water make it a very advantageous location. The preliminary works are all over and the plant is expected to arrive at the factory site by January 1948 The machinary are simple and standard and the plant can be put into operation by March 1948 We have been fortunate in getting the plant from one of the leading American manufacturers.

The raw material for the manufacture of Superphosphate is tricalcium phosphate which is obtained either from bones or phosphatic fock deposits. South Ind a is deficient in bones, and the special committee set up by the Government of India, after careful study of the sources of raw material, have recommended manufacture of superphosphate from rock in South India and from bones in North India We can claim that we have studied this proposition well and to start production in the quickest time possible have already ordered out for rock and we expect to receive the first shipload of raw material from north Africa. It is well-known that India has also deposits of phosphate rock in the Phosphatic nodules of Trichinopoly. Ultimately our intention is to utilize Trichy nodules; but some of the drawbacks of Trichy phosphatic nodules have to be overcome and we are already carrying out research work in that direction The country's need of phosphatic fertilizers can not wait and that makes us to get from the beginning, at leest for an year or two, the raw material from North Africa The use of phosphate rock as a fertiliser had its beginning a hundred years ago and it has steadily increased and production of rock phosphate has become one of the world's largest industries and over 12 million tons are now produced and consumed annually in one form or other as a fertiliser.

The plant when set up will be simple and will be almost fully machanised and can be run with the minimum amount of supervision. The chemistry of the process of its manufacture is extremely simple. But the qualities involved are great and hence handling involved requires speciality plants and careful designs and lay-out.

To the layman superphosphate can be explained as a compound of lime and phosphoric acid. Its value depends on its easy availability of phosphoric acid as plant food. Phosphorus is one of the essential constituents of plant food. It plays a very important part in the early years of plant growth by helping the formation of roots and thus giving them a better start in their ife. In the later stages of life its importance is equally well displayed. The ripening of the fruit is quickened and saves much valuable time An adequate dressing of phosphoric acid will increase the proportion of fruit to plant and in particular the weight of grain to the weight of straw. Researches into plant metabolism have shown evidence of a vital role they play in the formation of chlorophyll. These are but a few examples of the necessity of phosphoric acid to plant growth.

Thus phosphorus forms one of the elemental food of plants which moulds their growth into strength and sturdiness. Superphosphate is one of the means by which this important element is applied to the soil. It is but a link in a long chain of chemical fertilisers whose importance grow day by day. In a world of growing population and shrinking of arable lands intensive cultivation of the soil is necessary to keep up the food level This is essentially so in our land and is closely linked with the setting up of chemical fertiliser industry on a strong foundation.

Scientific research and knowledge of soil shows that chemical fertilisers have a vital role to play in the conservation of soil fertility. A balanced use of the natural and the artificial fertilisers will be the optimum condition of sound cultivation Chemical fertil ser applied properly in the right time and in the proper manner with green manure and dung will increase yields by 60 to 100%.

The need for developing agriculture and agricultural lands needs no emphasis. The existing agricultural plots have to be made fertile and more lands also have to be brought under the plough Of the above two the easier one will be increasing fertility of the already cultivated lands. That can be accomplished quickly and easily only by the application of artificial manures. It is necessary that our people shoul study more and more about plant food and the way of increasing production by raising fertility of soil

In the forefront of country's needs is food and development of agriculture. The saying "Whoever makes two ear of corn or two blades of grass to grow, where only one grew before, deserves batter of mankind and does more essential service to his country than the whole race of politicians put together" has the greatest significance now.

ടാക്കീസ്

കൊല്ലം S. M P. പാലസ്സിൽ
കൃഷ്ണവേണി, അഞ്ജലിദേവി, രഘുരാമയ്യ, ശ്രീ രഞ്ജിനി, അഭിനയിച്ച
ഗൊല്ലഭാമാ
OR
പാൽക്കാരി

മഹത്തായ 2-ാംവാരം
കൊല്ലം ലക്ഷ്മിടാക്കീസിൽ
എൻ. എസ്. കൃഷ്ണൻ, റ്റി. എ മധുരം സഹസ്രനാമം അഭിനയിച്ച
പൈതൃക്കാരൻ
എന്ന പുതിയചിത്രം

ചവറ കെ. സി. ടാക്കീസിൽ
മിസ് ബ്രിജ്റാണി, അമീർബാനു, ലീല, ബാബുറാവു പഹെൽവാൻ, മിസ് സുരേന്ദ്ര, അമീർഹുസൈൻ, ശങ്കർ മിറാജ്കാർ മുതലായവർ അഭിനയിച്ച
— വനറാണി —

ആനന്ദകരമായ നാലാംവാരം
ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
ഗാനസരസ്വതി ഡി. കെ. പട്ടമ്മാൾ, റ്റി. എസ്. രേവതി, കെ. വി. ജാനകി, പി. ജി. വെങ്കിടേശൻ ഇവരുടെ ഗാനങ്ങളോടുകൂടിയ
രാമരാജ്യം
തമിഴ് ചിത്രം

ജ്യോതിഷബ്രഹ്മരഹസ്യം
(സവ്യാഖ്യാനം)
വില രൂപാ ൧ ണ ൮
ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

എളുപ്പമുള്ള പ്രശ്നം

Competition F. 34 | Rs 25000 | Govt. Reg. No. 1564

തുക മുഴവൻ പിരിയുന്നപക്ഷം

അഞ്ചു സമ്മാനങ്ങൾ:—മദ്രാസിലെ റിലയൻസ് ബാങ്ക് ഓഫ് ഇൻഡ്യയിൽ സീൽവച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനോപ്പം ശരിയാകുന്നവക്ക് 1-ാംസമ്മാനം രൂ. 10,000/- ആദ്യത്തെ രണ്ടുവരി മാത്രം ശരിയായാൽ രണ്ടാം സമ്മാനം രൂ. 6000/- ആദ്യത്തെ ഒരുവരി മാത്രം ശരിയായാൽ മൂന്നാംസമ്മാനം രൂ. 4000/- ആദ്യത്തെ രണ്ടു അക്കം മാത്രം ശരിയായാൽ നാലാംസമ്മാനം രൂ. 3000/- ആദ്യത്തെ ഒരൊററയക്കം മാത്രം ശരിയായാൽ അഞ്ചാംസമ്മാനം രൂ. 2000/- പിരിഞ്ഞുകിട്ടുന്ന ആകത്തുക 25000-ത്തിൽ കുറവാണെങ്കിൽ സമ്മാനത്തുകയും അതനുസരിച്ചു കുറയ്ക്കുന്നതായിരിക്കും. ഒന്നും രണ്ടും സമ്മാനം കിട്ടുന്നവരെ ഉടൻതന്നെ കമ്പിമൂലം അറിയിക്കുന്നതാണ്. എല്ലാവക്കും പ്രൈസ്‌ലിസ്റ്റ് അയക്കുന്നതാണ്.

അവസാനത്തിയതി 24-12-1947 ഉത്തരം 31-12-1947.

പ്രവേശനഫീസ് ഒരുത്തരത്തിന് 1 രൂപാ. 6 ഉത്തരങ്ങൾക്ക് 5 രൂപാ മാത്രം.

34

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

പൂരിപ്പിക്കേണ്ടവിധം:—ഇടത്തുഭാഗം മുകളിലത്തെ ഖണ്ഡംമുതൽ തുടങ്ങി 1 മുതൽ 16 വരെയുള്ള അക്കങ്ങൾകൊണ്ടു പൂരിപ്പിക്കുക. നേരെയും, കുറുകെയും, തുകകൾ കൂട്ടിയാൽ ആകത്തുക 34 ആയിരിക്കണം.

നിബന്ധനകൾ:—പോസ്റ്റൽ ആർഡർസഹിതം ഉത്തരങ്ങൾ അയക്കുക. വെള്ളക്കടലാസിൽ എത്ര ഉത്തരങ്ങളും സ്വീകാര്യമാണ്. ശരിയായ ഉത്തരത്തിന് സ്റ്റാമ്പയച്ചിരിക്കണം. ഉത്തരങ്ങൾ രജിസ്റ്റർചെയ്തയക്കുന്നതു നന്നായിരിക്കും. സാധാരണ കവറിൽ അയച്ചു ഉത്തരങ്ങൾ നഷ്ടപ്പെടുകയോ കിട്ടാതിരിക്കയോ ചെയ്താൽ ഞങ്ങൾ ഉത്തരവാദികളാകുന്നതല്ല. എല്ലാ കാര്യങ്ങളിലും ഞങ്ങളുടെ തീരുമാനം അവസാനവും എല്ലാവരേയും ബന്ധിക്കുന്നതുമായിരിക്കും. ഇംഗ്ലീഷിൽതന്നെ എഴുതേണ്ടതാണ്.

LUCK & CO.
43. 5. Iswaran Street,
Mambalam,
Madras 17.

തുക 46. പ്രശ്നം D

| | | | |
|---|---|---|---|
| 5 | 16 | 15 | 10 |
| 19 | 6 | 9 | 12 |
| 8 | 13 | 18 | 7 |
| 14 | 11 | 4 | 17 |

# മഹാത്മജിയുടെ ധർമ്മമാർഗ്ഗത്തിൽ ചരിക്കുവിൻ

## അലഹബാദ് കാൺവക്കേഷനിൽ ബാബുരാജേന്ദ്രപ്രസാദിൻെറ ഉൽബോധനം

അല്ലഹബാദ്, ഡിസം ൧൨—ബാബു രാജേന്ദ്രപ്രസാദ്, അല്ലഹബാദ് കോൺവക്കേഷനിൽ ഇന്നു ചെയ്ത പ്രസംഗത്തിൽ മഹാത്മാഗാന്ധിയുടെ ധർമ്മമാർഗ്ഗത്തിൽ ചരിക്കാൻ പുതിയ ബിരുദധാരികളെ ഉപദേശിക്കയുണ്ടായി.

ലോകത്തിലെങ്ങും ഇന്നു കാണുന്ന വലിയ അധികാരഭ്രമത്തിൽ രാജൻ ബാബു ഖേദം പ്രകടിപ്പിച്ചു. നാശത്തിൻെറ ഈ മാർഗ്ഗത്തിൽനിന്നു സാഫല്യത്തിൻെറ മാർഗ്ഗത്തിലേക്കു മനുഷ്യവർഗ്ഗത്തെ തിരികെ കൊണ്ടുവരേണ്ടതു "നിങ്ങളുടെ സർവ്വപ്രധാനമായ ചുമതലയാണെ"ന്നു അദ്ദേഹം അവരെ ഉപദേശിച്ചു. ഈ മാർഗ്ഗം സ്ഥിതി ചെയ്യുന്നതു ഇന്ത്യയുടെ പുരാണമായ സംസ്കാരത്തെ പുനരുദ്ധരിക്കുന്നതിലാണ്. അതു ആത്മദമനത്തിൻെറയും, സേവനത്തിൻെറയും, ത്യാഗത്തിൻെറയും, സഹകരണത്തിൻെറയും മാർഗ്ഗമാണ്. ദേശീയമോ, വർഗ്ഗീയമോ, വ്യക്തിപരമോ ആയ വൈരങ്ങൾക്കു അതിൽ ഒട്ടുംതന്നെ സ്ഥാനമില്ല.

അവർ പ്രവേശിക്കാൻ പോകുന്ന നവീനലോകത്തിൻെറ ചില അടിസ്ഥാന തത്വങ്ങളെ വിവരിച്ചുകൊണ്ട്, പ്രകൃതിയുടെ മേൽ മനുഷ്യൻെറ യജമാനത്വത്തെപ്പററിയും, ശാസ്ത്രങ്ങളിലൂടെയുള്ള കണ്ടുപിടുത്തങ്ങളെപ്പററിയും, ദൂരത്തെയും സമയത്തെയും അടക്കുന്നതിനെപ്പററിയും അദ്ദേഹം സൂചിപ്പിക്കയുണ്ടായി. നവീനലോകത്തിൻെറ മറെറാരു വിശേഷത എല്ലാം രാഷ്ട്രങ്ങളും തമ്മിലുള്ള അടിസ്ഥാന ഐക്യമാണ്. ഒരു ലോകപൌരനെന്ന നിലയിൽ വ്യക്തികൾ തങ്ങളെ എണ്ണണമെന്നും, തങ്ങളുടെ കുടുംബാംഗങ്ങളോടു തങ്ങൾക്കുള്ള വലിയ ചുമതല സകല മനുഷ്യരോടും ഉണ്ടാകണമെന്നുമുള്ളതാണ് പണ്ടത്തെ പ്രബുദ്ധരുടെ ഏററവും വലിയ ആദർശം. ഈ ആദർശം സ്വീകരിക്കൽ, പരിഷ്കൃതമനുഷ്യൻെറ ഒന്നാമത്തെ ചുമതലയായി, ഇന്നത്തെലോകത്തിൽ തീർന്നിട്ടുണ്ട്. ഈ ചുമതല, ഇന്നത്തെ ലോകം നിലനിൽക്കണമെങ്കിൽ, അവന് സ്വീകരിക്കാതെ നിവൃത്തിയില്ലതാനും.

ദൈവീകശക്തികളുമുണ്ടെങ്കിലും, അവൻെറ ആത്മാവിന് ശാന്തതയില്ലെന്നും, അവൻെറ ജീവിതത്തിൽ സ്ഥിരതയില്ലെന്നും ഉള്ളതു മനുഷ്യൻെറനേരെ വിധിയുടെ ക്രൂരമായ ഒരു പരിഹാസമാണ്. അവൻെറ ശക്തിതന്നെ, അവൻെറ വലിയ ശത്രുവും കാലനുമായി പരിണമിച്ചതായിത്തോന്നുന്നു. നശീകരണശക്തിയുടെ എല്ലാം ലക്ഷണങ്ങളും ഇന്നു നാം അവനിൽ കാണുന്നു.

നമ്മുടെ രാജ്യം വിഭജിക്കപ്പെട്ടതു നമുക്കൊരു വലിയ ദുർഭാഗ്യമാണ്. അനേകലക്ഷക്കണക്കിനു ജനങ്ങൾ അവരവരുടെ പുരാതന ഭവനങ്ങളിൽ നിന്നും ക്രൂരമായി വേരോടുകൂടിപറിച്ചുനീക്കപ്പെട്ട ദുഃഖകരമായ സംഭവം നമുക്കു കാണേണ്ടിവന്നു. ക്രൂരതയും കാട്ടുമനുഷ്യസ്വഭാവവും, രാജ്യത്തിൻെറ ഒരുഭാഗത്തും മറെറാരുഭാഗത്തും 'ഇന്ത്യയിലെസ്വർഗ്ഗ'മെന്ന അപരാഭിധാനത്തിൽ അറിയപ്പെടുന്ന കാശ്മീരിലും ഭയങ്കരമായി നൃത്തംവെക്കയുണ്ടായി. ഇന്നും ഇത്തരംസംഭവങ്ങൾ ചിലേടങ്ങളിൽ നടക്കുന്നുണ്ട്.

൨൦൦൦ സംവത്സരങ്ങൾക്കു മുമ്പ്, മഹാനായ അശോകൻ 'ധർമ്മവിജയത്താൽ' അടക്കപ്പെട്ടതൊഴിച്ചുള്ള സർവ്വവും പരിത്യജിക്കുകയുണ്ടായി. മഹാത്മാഗാന്ധി, ഈ പുരാതന സന്ദേശം ഇന്നു ഇന്ത്യൻ ജനതയ്ക്കുംലോകത്തിനും വീണ്ടും നൽകുകയാണ്. നവീനപരിഷ്കാരം കണ്ടു കണ്ണുമഞ്ചിനിന്നിയ നാം, "ധർമ്മവിജയ"ത്തിൻെറ മാഹാത്മ്യം കാണാൻ അപ്രാപ്തരായെന്നു വന്നിട്ടുണ്ടാകാം. നവീന യന്ത്രങ്ങളുടെ ഭ്രാന്തുപിടിപ്പിക്കുന്ന ശബ്ദങ്ങൾകൊണ്ടു "സുരക്ഷിത"മായ നമ്മുടെ ചെവികൾക്കു ധാർമ്മിക നിയമങ്ങൾ അനുസരിക്കാൻ കഴിഞ്ഞില്ലെന്നും വന്നിരിക്കാം.

എന്നാൽ മനുഷ്യജീവിതത്തിൽ ധാർമ്മിക നിയമങ്ങളുടെ സമ്പൂർണ്ണവിജയത്തിനായി നമ്മുടെ നാട്ടുകാരെന്നപോലെ ലോകത്തിലുള്ളവരെല്ലാം ആത്മസമർപ്പണം ചെയ്യണമെന്നതാണ നിലനിൽക്കുന്ന പരമാർത്ഥം. അവർ താമസിയാതെ ഉണരുന്നില്ലെങ്കിൽ നാശവും മരണവും അതിവേഗം അവരെ പ്രാപിക്കും. ധാർമ്മികനിയമങ്ങൾ സർവ്വപ്രധാനങ്ങളാണെന്ന വിശ്വാസം ഇന്നു ലോകം വീണ്ടും സ്വീകരിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രത്തിൻെറയും വ്യവസായത്തിൻെറയും സകല നിയമങ്ങളുടെയും മീതെ ലോകം ആത്മദമനമാർഗ്ഗം സ്വീകരിക്കേണ്ടിയിരിക്കുന്നു. (എ-പി)

## അഖിലേന്ത്യാ മുസ്ലിംലീഗ്യോഗം

കറാച്ചി ഡി: 14 അഖിലേന്ത്യാ മുസ്ലിംലീഗ്യോഗം മി. ജിന്നയുടെ അദ്ധ്യക്ഷതയിൽ ഇന്നും കൂടി. ൨൫-പ്രതിനിധികൾ ഹാജരുണ്ടായിരുന്നു. ഇംഗ്ലീഷിൽ നടത്തപ്പെട്ട അദ്ധ്യക്ഷപ്രസംഗം അബ്ദർനിഷ്താർ പരിഭാഷപ്പെടുത്തി. നാളെ കൂടാനായി യോഗം പിരിഞ്ഞു. (എ. പി.)

## പ്രത്യേകാധികാരനിയമം പാസ്സായി

ന്യൂഡെൽഹി ഡി ൧൨—ലഹളയുള്ളതായി പ്രഖ്യാപിക്കപ്പെട്ടപ്രദേശങ്ങളിലെ ഇന്ത്യൻസൈന്യത്തിലെ ആഫീസർമാർക്കു ചില പ്രത്യേകാധികാരങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ബില്ലിന് ഇന്ത്യൻ നിയമസഭയിൽ വലിയ എതിർപ്പുണ്ടായെങ്കിലും ബിൽ പാസ്സായിരിക്കുന്നു. (എ: പി.)

## പണ്ഡിതജിയ്ക്കു സ്വാഗതം

ലണ്ടൻ ഡി: ൧൪—ജനുവരി രണ്ടാംവാരത്തിൽ പണ്ഡിതനെഹ്റു മിക്കവാറും ലണ്ടനിൽ എത്തുമെന്നു റെയിറ്റേഴ്സ് ന്യൂസ് എന്ന വാരിക പ്രസ്താവിക്കുന്നു. ലണ്ടനിൽ ഹൃദയപൂർവ്വമായ ഒരു സ്വീകരണം പണ്ഡിതജിയെ കാത്തുനിൽക്കുന്നു. (റായിട്ടർ)

# പരസ്പരമുള്ള അധിക്ഷേപവും കുററപ്പെടുത്തലും

## അതാണ് ഇന്നത്തെ സാർവ്വലൗകിക പ്രവർത്തനങ്ങൾ

### ഡാ: രാധാകൃഷ്ണൻെറ പ്രസംഗം

ബനാറീസ്, ഡിസം ൧൨—'സാർവ്വലൗകിക സമ്മേളന നടപടികൾ വായിക്കുന്നവർക്ക്, സാർവ്വരാഷ്ട്രീയമായ ഒരേ ഒരു പ്രവൃത്തി അന്യോന്യം അധിക്ഷേപിക്കുകയാണെന്നു മനസ്സിലാകും. അധിക്ഷേപവും, ശകാരവും അന്യോന്യം വർഷിക്കുകയാണു ജയിച്ച ശക്തികളുടെ തൊഴിൽ "എന്നിപ്രകാരമാണ് ജെ. എച്ച്. ഹോംസിനു നൽകിയ ഒരു സ്വീകരണവേളയിൽ ഡാ: രാധാകൃഷ്ണൻ പ്രസംഗിച്ചതു്. അമേരിക്കയും റഷ്യയും ജനായത്തരാജ്യങ്ങളാണെന്ന് അവകാശപ്പെടുന്നു. എന്നാൽ റഷ്യ ഒരു സ്വേഛാധിപത്യരാജ്യമാണെന്നും, അവിടെ ചിന്താസ്വാതന്ത്ര്യം ഇല്ലെന്നും, മററു സ്വാതന്ത്ര്യങ്ങളും അടിച്ചമർത്തപ്പെട്ടിരിക്കുന്നുവെന്നും ഉദ്യോഗദുഷ്പ്രഭുത്വം നടമാടുന്ന അവിടെ ബഹുജനങ്ങൾ അടിമകൾക്കു തുല്യമാണെന്നും അമേരിക്കയും, അമേരിക്കയിലെ ഭരണാധികാരവും പത്രങ്ങളും റേഡിയോയും അവിടുത്തെ പണക്കാരുടെ കൈയിലാണെന്നും, അവിടെ നീഗ്രോകളുടെ നേരെ കാണിക്കുന്ന കടുംകൈയ് ജനായത്ത സിദ്ധാന്തത്തിൻെറ പ്രാഥമിക തത്വങ്ങളുടെതന്നെ നിഷേധമാണെന്നും മററും റഷ്യയും കുററപ്പെടുത്തുന്നു. ഈ രണ്ടു ആരോപണങ്ങളിലും വളരെ പരമാർത്ഥമുണ്ട്. പ്രജായത്ത സിദ്ധാന്തങ്ങളും ജനസ്വാതന്ത്ര്യവും നടപ്പിൽ വരണമെങ്കിൽ വളരെയെല്ലാം സഞ്ചരിക്കേണ്ടതായിട്ടാണിരിക്കുന്നതു്." കാൺസ്റ്റിറ്റ്യുവൻറ്-അസംബ്ലി നടത്തുന്ന പ്രവർത്തികളെപ്പററിയും അദ്ദേഹം പറഞ്ഞു. രാഷ്ട്രീയവും സാമ്പത്തികവും ആയ സ്വാതന്ത്ര്യം ഏതാനുംപേരുടെ കൈയിൽ ചെന്നുചേരുന്ന ഒരു ഭരണഘടന രൂപീകരിക്കുന്നതിലല്ല ഞങ്ങൾ ഏർപ്പെട്ടിരിക്കുന്നതു്. എല്ലാം ന്യൂനപക്ഷത്തേയും മതത്തേയും ഞങ്ങൾ ബഹുമാനിക്കും. ആദർശപരമായ സമ്രാജ്യത്വം ഇവിടെ ഉണ്ടായിരിക്കില്ല തന്നെ.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയിൽ പൊട്ടിപ്പുറപ്പെട്ട വർഗ്ഗീയഭ്രാന്തിനെപ്പററിയും രാധാകൃഷ്ണൻ പ്രസ്താവിച്ചു:- "എന്നാൽ ഇക്കാലത്തെ ചരിത്രം എഴുതപ്പെടുമ്പോൾ, പ്രകോപനപരമായ കാരണങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇന്ത്യൻജനതയും ഗവൺമെൻറും സ്വബോധമുള്ളവരായിരുന്നുവെന്നും, അന്തസ്സോടും ആദർശങ്ങളിൽനിന്നു പതറാതേയും പ്രവർത്തിച്ചുവെന്നും രേഖപ്പെടുത്തപ്പെടുന്നതാണ്. മുൻചെയ്ത പാപങ്ങളുടെ ഫലമാണ് ഞങ്ങൾ അനുഭവിച്ചതു്. എന്നാൽ രാഷ്ട്രീയമായ സന്മാർഗ്ഗം ഞങ്ങൾ അശേഷം അധഃപതിപ്പിച്ചില്ല." (എ. പി.)

—o—

പാരീസ് ഡി: ൧൪—കഴിഞ്ഞ ൪൮ മണിക്കൂറുകൾക്കുള്ളിൽ ൬ റഷ്യൻ പൗരന്മാർ പാരീസിൽവച്ചു അറസ്ററുചെയ്യപ്പെട്ടിരിക്കുന്നു. അവർ വിധ്വംസകപ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കയായിരുന്നുവെന്നാണ് അവരുടെ പേരിൽ ചുമത്തിയ കുററം. അവരിൽ "ഒരാളെങ്കിലും" അധികാരപത്രം കൂടാതെയാണ് ഫ്രാൻസിൽ പ്രവേശിച്ചതെന്നും ഒരാൾ റഷ്യൻ കോൺസുലർഡിപ്പാർട്ടുമെൻറുമായി സുപ്രധാനമല്ലാത്ത ഒരു ബന്ധമുള്ള ആളായിരുന്നുവെന്നും ഗവൺമെണ്ടുവൃത്തങ്ങൾ അറിയിക്കുന്നു. (എ. പി)

## നിയമനങ്ങൾ

ആലപ്പുഴയിലെ ആ: ഡിസ്ട്രിക്ട് സെഷൻസ് ജഡ്ജിയായ മി: എ. ആർ. പത്മനാഭറാവുവിനെ തിരുവനന്തപുരത്തു സ്ഥാപിക്കുന്ന ടെമ്പററി സെഷൻസുകോടതി ജഡ്ജിയായും, മി: റാവുവിനു പകരം കൊല്ലം അഡീഷനൽ രണ്ടാംജഡ്ജിയായ മി: കെ. സി. രാജരാജവർമ്മയെ പ്രൊമോട്ടു ചെയ്തു ആലപ്പുഴയിലേയ്ക്കും നിയമിക്കുവാൻ ഗവൺമെൻറു ഉത്തരവായിരിക്കുന്നു.

റെയിൽവെയും ടാഫിക്കും എ. എസ്. പി-യായി മററജോലിയിലിരിക്കുന്ന മി: എൻ. എസ്. ശങ്കരനാരായണയ്യർക്കുപകരം പോലീസ് ഇൻസ്പെക്ടർ മി. നാർമൻ ഫേൽപ്പസിനെ നിയമിച്ചിരിക്കുന്നു. (എ-പി)

## പണിമുടക്ക തീരുമാനം

കൊല്ലം, വൃശ്ചികം ൨൮ –"വിശപ്പിൻെറ മുമ്പിൽ യുക്തിവാദത്തിനു സ്ഥാനമില്ലെന്നെനിക്കറിയാം. അദ്ധ്യാപകരുടെ പണിമുടക്ക് അവരുടെ വിശപ്പിൽനിന്നു ഉത്ഭവിച്ചിട്ടുള്ളതാണ്. രാജ്യത്തു സമാധാനപരമായ ഒരന്തരീക്ഷം പുലരേണ്ട ഈ സന്ദർഭത്തിൽ അദ്ധ്യാപക പണിമുടക്കു നീട്ടിക്കൊണ്ടുപോകാനിടവരരുതു്. പണിമുടക്കവസാനിപ്പിക്കാനുള്ള പരിശ്രമങ്ങൾ എവിടെനിന്നുണ്ടായാലും, പണിമുടക്ക് അതിവേഗം അവസാനിപ്പിക്കാൻ സഹായിക്കുന്ന സന്ധിമനോഭാവവും സൃഷ്ടിപരമായ ചിന്താഗതിയും നിങ്ങൾക്കുണ്ടാകണം. ജീവിക്കാൻ പര്യാപ്തമായ കൂലി എല്ലാം അവശവിഭാഗത്തിനും കൈവരുത്താനുള്ള സൃഷ്ടിപരമായ മാർഗ്ഗങ്ങളെപ്പററി സ്റ്റേററ്കോൺഗ്രസ്സ് ആലോചിക്കുകയാണ്. ഇന്നു നമ്മുടെ അവശതകൾക്കു പരിഹാരം കാണേണ്ട ചുമതല നമുക്കുതന്നെയാണുള്ളതു്." എന്നിപ്രകാരമാണ് ഇന്നു ഇവിടെവച്ചുകൂടിയ കൊല്ലം അദ്ധ്യാപകയൂണിയൻ പൊതുയോഗത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു മി. വി. ഗംഗാധരൻനായർ പ്രസ്താവിച്ചതു്. അഖിലതിരുവിതാംകൂർ അദ്ധ്യാപകസംഘടനയുടെ കർമ്മസമിതിയുടെതീരുമാനമനുസരിച്ചു ധനു ൧-ാംതീയതിമുതൽ പണിമുടക്കാനുള്ള പ്രമേയം സിക്രട്ടറി മി. ജോസഫ് അവതരിപ്പിച്ചതു് ഐകകണ്ഠ്യേന യോഗം പാസ്സാക്കി. മി. നാരായണപിള്ള അദ്ധ്യാപകരുടെ അവകാശങ്ങളെ സംബന്ധിച്ചു ഒരു പ്രസംഗം ചെയ്തു ശ്രീമതി ലക്ഷ്മി ഒരു പദ്യപാരായണം നടത്തി. ഉപസംഹാരത്തിൽ ഇന്നു രാജ്യത്തുള്ള കുഴപ്പങ്ങൾ വർദ്ധിപ്പിക്കാൻ അദ്ധ്യാപകർ ഒരുങ്ങരുതെന്നു അദ്ധ്യക്ഷൻ ചൂണ്ടികാണിക്കുകയുണ്ടായി. (സ്വ-ലേ)

# ഹൈദ്രബാദിൽ നികുതി നിഷേധപ്രസ്ഥാനം

## ഇൻഡ്യൻയൂണിയനിൽ ചേരുന്നതിലും പൂർണ്ണഉത്തരവാദിത്വഭരണത്തിലും രാജിയില്ല

### ഹൈദ്ര: സ്റ്റേ: കാൺഗ്രസ്സിൻെറ തീരുമാനം

ബാംബെ ഡിസം: ൧൪—ഹൈദ്രബാദ് സ്റ്റേററുകാൺഗ്രസ്സിൻെറ ഇന്നു കൂടിയ കർമ്മസമിതിയോഗത്തിൽവച്ച് നികുതി നിഷേധമാരംഭിക്കാനും തദ്വാരാ ഇപ്പോഴത്തെ സമരത്തെ ശക്തിമത്താക്കിത്തീർക്കാനും തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു. ഇന്ത്യൻയൂണിയനിൽ ചേരുന്നതു സംബന്ധിച്ചും പൂർണ്ണ ഉത്തരവാദഭരണമേർപ്പെടുത്തുന്നതു സംബന്ധിച്ചുള്ള മൗലികകാര്യങ്ങളിൽ യാതൊരു രാജിമനസ്ഥിതിയും കാണിക്കാൻ പാടില്ലെന്ന് സമിതി തീരുമാനിച്ചിരിക്കുന്നതായി അറിവായിരിക്കുന്നു. സമിതി നാളെയും കൂടുന്നതാണ്. (എ: പി)

## ആസാദിനെ അനുഗമിക്കുക

### ജമാൽ മുഹമ്മദിൻെറ പ്രസ്താവന

ന്യൂഡൽഹി ഡി. ൧൪—മുസ്ലിംലീഗ് ഉടനടി പിരിച്ചുവിട്ടിട്ട് മൗലാനാ അബ്ദുൽകലാംആസാദിനെ അനുഗമിക്കാൻ ഇന്ത്യൻ യൂനിയനിലും പകിസ്ഥാനിലുമുള്ള മുസ്ലിങ്ങളോടു മദ്രാസിലെ മി: ജമാൽ മുഹമ്മദ്സാഹിബ്ബ് ഉപദേശിക്കുന്നു. (എ-പി)

(എട്ടാംപേജിൽനിന്നും തുടർച്ച)

ല പ്രസ്ഥാനവിശേഷങ്ങളും ഭാഷയിൽ ആവിർഭവിച്ചിട്ടുണ്ട്. അവയെല്ലാം നമുക്കിന്നാവശ്യമായ രീതിയിലും ഗതിവേഗത്തിലും ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. ആധുനികശാസ്ത്രങ്ങളുടെ ഭാഷാവിവത്തനങ്ങൾ അനുക്രമമായും സമഗ്രമായും ലഭിക്കുവാനുള്ള ഒരു അന്തരീക്ഷത്തെ സൃഷ്ടിക്കുകയാണു മററൊരു കത്തവ്യം. അനുനിമിഷം ശീഘ്രഗതിപ്രാപിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രങ്ങളെ സംബന്ധിച്ച് ഗ്രന്ഥനിർമ്മാണം ചെയ്യുന്നതിൽ നാം കാണിക്കുന്ന അശ്രദ്ധ അക്ഷന്തവ്യമാണു്. എന്നാൽ ഗവർമ്മെണ്ടുകളുടെ പ്രേരണയും സാഹായവുമുണ്ടെങ്കിൽ അതിവേഗത്തിൽ സാധിക്കുന്ന കാര്യമാണതു്.

സാങ്കേതികപദങ്ങളുടെ കാര്യത്തിൽ കേരളത്തിന്നൊട്ടാകെ സ്വീകാര്യമായ ഒരു നിഘണ്ടു ആവശ്യമാണെന്നതിൽ അഭിപ്രായവ്യത്യാസത്തിന്നവകാശമില്ല ഈ ഐകരൂപ്യത്തിന്നു സുഗമമായ വഴി സംസ്കൃതത്തെ ആശ്രയിക്കുകയാണു് അങ്ങിനെയായാൽ അതു ഭാരതത്തിന്നൊട്ടാകെ അംഗീകാര്യമായ ഒരു പദ്ധതിയേട്ടുയോജിക്കുകയുംചെയ്യും. സംസ്കൃതത്തെ ഏററക്കുറവായി ആശ്രയിച്ചുവരുന്ന ദ്രാവിഡഭാഷകൾക്കു ഇതിന്നു യാതൊരുവിധത്തിലും വിഷമമുണ്ടായിരിക്കുകയുമില്ല. ഈ അഭിപ്രായത്തെ അടിസ്ഥാനമാക്കിയാണു് പ്രഖ്യാത പണ്ഡിതനായ ഡാക്ടർ രഘുവീരൻ എം. എ പി. എച്ച് ഡി. മദ്ധ്യസംസ്ഥാന ഗവർമ്മെൻറിൻെറ നിർദ്ദേശപ്രകാരം ഇരുപതോളം പണ്ഡിതന്മാരുടെ സഹകരണത്തോടുകൂടി ബൃഹത്ത്കോശമെന്ന ഒരു നിഘണ്ടു നിർമ്മിക്കുവാൻ പരിശ്രമിച്ചുവരുന്നതു്. ഗണിതം, രസതന്ത്രം, സസ്യശാസ്ത്രം, ഭൗതികവിജ്ഞാനം, ജന്തുശാസ്ത്രം എന്നീവിഷയങ്ങളിലുള്ള പരിശ്രമം മുക്കാലും പൂണ്ണമായിക്കഴിഞ്ഞു. ശേഷം ഭാഗങ്ങളിലും പ്രവത്തനം ത്വരിതമായിത്തന്നെ നടക്കുന്നുണ്ടു്. ഡാക്ടർ രഘുവീരൻെറ അഭിപ്രായത്തിൽ സംസ്കൃതഭാഷയുടെപ്രത്യേകതകൊണ്ടും മഹത്തായ ആ ഭാഷയിൽഅനവധി ശാസ്ത്രങ്ങളെക്കുറിച്ചു ഗവേഷണം ചെയ്യുന്നതിന്നു സൗകര്യമുള്ളതുകൊണ്ടും ഭാരതത്തിന്നുമാത്രമല്ല ലോകത്തിന്നാകമാനം സംസ്കൃതധാതുക്കളിൽനിന്നുണ്ടാകുന്ന ശാസ്ത്രീയശബ്ദങ്ങൾ ഉപകാരപ്പെട്ടുമെന്നാണു്. ലോകത്തിലെ പ്രധാനഭാഷകളിലെല്ലാം അവഗാഹം സിദ്ധിച്ചിട്ടുള്ള ഈ അഭിനവപാണിനി, ഗ്രീക്കു്, ലത്തീൻ, അറബിക്കു്, പേർസ്യൻ എന്നീഭാഷകളിലെ പദങ്ങളേയും സംസ്കൃതപദങ്ങളേയും താരതമ്യപ്പെടുത്തി സംസ്കൃതപദങ്ങളുടെ അത്ഥപ്രകാശനശക്തിയിലുള്ള സ്വാതന്ത്ര്യം സ്പഷ്ടമായിക്കാണിച്ചിരിക്കുന്നു. സംസ്കൃതവുമായി പൂവ്ബന്ധം സമ്പാദിച്ചിട്ടുള്ള കൈരളിക്കു ഡാക്ടർ രഘുവീരൻെറ മാർഗ്ഗം സ്വീകരിക്കുന്നതു ആശാസ്യമായിരിക്കും അദ്ദേഹത്തിൻെറ ആഭിമുഖ്യത്തിൽ ഉണ്ടാക്കപ്പെടുന്ന ബൃഹത്ത്കോശം നമുക്കു വളരെ സഹായകവുമായിരിക്കും. ഇതുകൂടാതെ കേരളത്തിൽതന്നെ വന്നു ഈ വിഷയത്തിൽ വേണ്ടപ്പെട്ട സഹായവും ഉപദേശവും നൽകുവാനും അദ്ദേഹം സന്നദ്ധനാണെന്നു സദയം സമ്മതിച്ചിട്ടുണ്ടു്.

ഇതുയെല്ലാം ഭാഷാസൌകര്യവും സഹായസഹകരണങ്ങളുമുള്ള കേരളീയക്കു ഇന്നത്തെ വിദ്യാഭ്യാസവിഷയത്തിൽ വരാവുന്ന ശാസ്ത്രഗ്രന്ഥദാരിദ്ര്യവും അതിന്നു കാരണമായേക്കാവുന്ന സാങ്കേതികപദവൈരള്യവും നിസ്സാരമാണു്. കൈരളിയുടെ ആത്മഭാവത്തിന്നു യോജിച്ചവിധം സാങ്കേതികശബ്ദങ്ങൾക്കായി സംസ്കൃതത്തെ ആശ്രയിച്ചു ഒരു ബൃഹത്ത് കോശം നിർമ്മിക്കുകയും നാനാശാസ്ത്രവിഷയങ്ങളിലുള്ള ഇംഗ്ലീഷുഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുവാനായി വിദഗ്ദ്ധസംഘങ്ങളെ ഏപ്പെടുത്തുകയും കഴിയുന്നവേഗത്തിൽ സവ്കലാശാലകളിലും മാതൃഭാഷയിൽകൂടി വിദ്യാഭ്യാസം ചെയ്യിക്കുകയും നമ്മുടെ അടിയന്തിരമായ ശ്രദ്ധയെ അർഹിക്കുന്നു. ഭാരതത്തിന്നൊട്ടാകെ സംസ്കൃതത്തെ ആശ്രയിച്ചുള്ള ഏകസാങ്കേതികനിഘണ്ടുവും ഹിന്ദുസ്ഥാനിപൊതുഭാഷയും ആയിത്തീരുന്നതായാൽ കന്യാകുമാരിമുതൽ ഹിമാചലംവരെ വിദ്യാസമ്പക്കത്തിന്നു സൌകര്യവും ഉണ്ടാകുന്നതാണു്. അന്യരാജ്യങ്ങളുമായുള്ള ബന്ധത്തിനും അന്യസംസ്കാരസമ്പാദനത്തിനും ഐച്ഛികമായി നിൽത്താവുന്ന ഇംഗ്ലീഷു ഉപകരിക്കുന്നതുമാണു്. ഭാരതത്തിൻെറ പൂവ്ചരിത്രവും ഇന്നത്തെ സ്വഭാവവിശേഷങ്ങളും ഓക്കുമ്പോൾ വിദൂരമായ ഒരു ഭാവിയിൽ ലോകമൊട്ടാകെ ഇന്നു ഇംഗ്ലീഷിന്നുള്ള സ്ഥാനം ഹിന്ദുസ്ഥാനിക്കു ലഭിച്ചുവെന്നും വരാം.

—o—

# സ്റ്റേററുകാൺഗ്രസ്സ് വക്കിംഗ്കമ്മററി

## പാസ്സാക്കപ്പെട്ട പ്രമേയങ്ങൾ

തിരുവനന്തപുരം വൃശ്ചികം ൨൮

സ്റ്റേററുകാൺഗ്രസ് പ്രവത്തകസമിതിയോഗം ഇന്നും തുടൻകൂടി. മി. ശങ്കപ്പിള്ളയും മിസ് അക്കാമ്മചെറിയാനും ഒഴികെയുള്ള എല്ലാവരും ഉണ്ടായിരുന്നു.

പര്യാലോചനകൾക്കുശേഷം താഴെ കാണുന്ന രണ്ടു പ്രമേയങ്ങൾ പാസ്സാക്കിയശേഷം ൧ മണിക്കു പിരിഞ്ഞു. നാളെ ഒരു മണിക്കു വീണ്ടും കൂടുന്നതാണു്.

### പ്രമേയങ്ങൾ

൧) പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ പ്രഖ്യാപനം ചെയ്തിരിക്കുന്ന പണിമുടക്കിനെപ്പററി പ്രവത്തകസമിതി പയ്യാലോചിച്ചു. ഇപ്പോൾ അവക്കു ലഭിക്കുന്ന ശമ്പളം ഏററവും കുറഞ്ഞ ജീവിതാവശ്യങ്ങൾക്കുപോലും പയ്യാപ്തമല്ലെന്നും അവരുടെ സ്ഥിതി നന്നാക്കുവാൻ എല്ലാവിധശ്രമങ്ങളും നടത്തേണ്ടതുമാണെന്നുമാണു് കമ്മിററിയുടെ ദൃഢമായ അഭിപ്രായം. അദ്ധ്യാപകന്മാരോടു സഹതാപം പ്രകടിപ്പിക്കുന്നതോടൊപ്പം എത്ര യഥാത്ഥമായ അവശതകളായിരുന്നാലുംഅവ പരിഹരിച്ചുകിട്ടുന്നതിന്നു് അവർ പണിമുടക്കുന്നതിനെ അപലപിക്കാതിരിക്കുവാൻ കമ്മററിക്കു നിവ്വാഹമില്ല. മുൻപു് ഏതുകാലത്തെക്കാളും കൂടുതലായി ഇപ്പോൾ വിദ്യാത്ഥികളിൽ ശിക്ഷണബോധം ഉണ്ടാക്കണമെന്നും, ആ പരിപാവനമായ ചുമതല അദ്ധ്യാപകന്മാരിലാണു് സ്ഥിതിചെയ്യുന്നതെന്നും അവർ നല്ലവണ്ണം മനസിലാക്കി പണിമുടക്കു പരിപാടി ഉപേക്ഷിക്കുമെന്നു കമ്മററി വിശ്വസിക്കുന്നു.

ആലുവാ, ചങ്ങനാശേരി, യൂനിവേഴ്സിററി എന്നീ കാളേജുകളിലും സംസ്ഥാനത്തെ മററു ചില വിദ്യാഭ്യാസസ്ഥാപനങ്ങളിലും നടക്കുന്ന വിദ്യാത്ഥിപ്പണിമുടക്കിനെപ്പററിയും കമ്മററി പയ്യാലോചിച്ചു. സെലക്ഷൻപരീക്ഷകൾ നിത്തൽചെയ്യണമെന്നും കാളേജുക്ലാസ്സിലെ അഭിവൃദ്ധി പരിഗണിച്ചു് ഓരോ വിദ്യാത്ഥിയേയും പരീക്ഷക്കു് ഇരിക്കുവാൻ അനുവദിക്കണമെന്നും ആണു വിദ്യാത്ഥികളുടെ ആവശ്യങ്ങൾ. വിദ്യാത്ഥികൾക്കുള്ള ബുദ്ധിമുട്ടുകൾ നീക്കംചെയ്യേണ്ടതാണു്, എന്നാൽ അങ്ങിനെചെയ്യുന്നതു് ഒരിക്കലും വിദ്യാഭ്യാസത്തിൻെറ കായ്യക്ഷമതയെ ബലികഴിച്ചിട്ടാകരുതു്. ഈ വിദ്യാഭ്യാസവർഷത്തിൽ ഏതാനും മാസങ്ങളിൽ നിലവിലിരുന്ന അവ്യവസ്ഥിതി നിമിത്തം വിദ്യാത്ഥികൾക്കു വേണ്ടിടത്തോളം സമയം പഠിത്തക്കാര്യത്തിൽ ചെലവാക്കുവാൻ സാദ്ധ്യമായിരുന്നില്ലെന്നു വിദ്യാഭ്യാസാധികൃതർ മനസ്സിലാക്കണമെന്നും, സെലക്ഷൻ തുടങ്ങിയ പരീക്ഷകളുടെ കാര്യത്തിൽ കക്കശമായി പെരുമാററരുതെന്നും, യൂണിവേഴ്സിററി പരീക്ഷകളിലൊ അതുപോലെയുള്ള പരിക്ഷകളിലൊ ഉണ്ടായിട്ടുള്ള ഫലത്തെ അടിസ്ഥാനമാക്കി വിദ്യാത്ഥികളുടെ മിടുക്കു് നിശ്ചയിക്കണമെന്നും, ആണു് ഈ വർഷത്തെ സംബന്ധിച്ചിടത്തോളം കമ്മിററിയുടെ അഭിപ്രായം.

എന്നാൽ പണിമുടക്കുകളും അതുപോലുള്ള ബലപ്രയോഗങ്ങളും വിദ്യാത്ഥികൾ ഒരിക്കലും കൈക്കൊണ്ടുകൂടെന്നും അത്തരം പ്രവൃത്തികൾ ഡിസിപ്ലിൻ ഇല്ലാതാക്കുമെന്നുള്ളതിനാൽ ഒഴിവാക്കണമെന്നുമാണു കമ്മിററിയുടെ സുനിശ്ചിതമായ അഭിപ്രായം. അതിനാൽ സ്ട്രൈക്കു പാടില്ലെന്നും ഇപ്പോൾതന്നെ തുടങ്ങിക്കഴിഞ്ഞ സ്ഥലങ്ങളിൽ അതു ഉപേക്ഷിക്കണമെന്നും കമ്മിററി വിദ്യാത്ഥികളെ ഉൽബോധിപ്പിക്കുന്നു. ഉപരിചെയ്ത നിർദ്ദേശങ്ങളെപ്പററി അധികാരികളും ആലോചിക്കുമെന്നു കമ്മിററി പ്രത്യാശിക്കുന്നു. സ്വ.ലേ.

—o—

# മുസ്ലിംലീഗ് കൗൺസിൽ

—o—

## സ്ഥാനാത്ഥികളെ നിശ്ചയിക്കുന്നതുസംബന്ധിച്ച പ്രമേയം

സ്റ്റേററ് മുസ്ലിംലീഗ് സെൻട്രൽകൗൺസിലിൻെറ ഒരു യോഗം ഇന്നു ഇവിടെവച്ചുകൂടി മുസ്ലീങ്ങൾക്കുള്ള സീററിൽ വൃ-ലീഗ് സ്ഥാനാത്ഥികളും ഒന്നു് കാൺഗ്രസ്സ് നിർദ്ദേശിക്കുന്ന സ്ഥാനാത്ഥിയും ആയിരിക്കണമെന്നുള്ള പരസ്പരധാരണയിൽ അക്കൂട്ടരും അന്യോന്യം സഹായിക്കണമെന്നും മേൽ നടപടികൾ നടത്തുവാൻ സ്റ്റേററ് മുസ്ലിംലീഗ് വൎക്കിംഗ് കമ്മററിയെ അധികാരപ്പെടുത്തുന്നുവെന്നും തീരുമാനിച്ചതായി അറിയുന്നു. സ്റ്റേററ് മുസ്ലിംലീഗ് നാഷണൽഗാഡ് രൂപവൽക്കരിക്കണമെന്നു തീരുമാനിച്ചിട്ടുള്ളതു്, മുസ്ലിംലീഗ് വാളണ്ടിയർകോർ എന്നു മാററണമെന്നും ഇന്നു കൂടിയ കൗൺസിൽയോഗം തീരുമാനിച്ചതായി അറിയുന്നു. സ്വ. ലേ.

—o—

# നീപ്പാളിലെ ഇന്ത്യൻ അംബാസഡർ

ന്യൂഡെൽഹി, ഡിസം: ൧൩- നീപ്പാളിലെ ഇന്ത്യൻസ്ഥാനപതിയായി നിയമിക്കപ്പെട്ടിട്ടുള്ള സർദാർ സുർജിത്തുസിംഗ് മുജിത്യാ, ഡിസംബർ ൧൦-ാംനു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു ലോകമെങ്ങും കേൾവികേട്ട ഗൂക്കാപട്ടാളത്തെ ഇന്ത്യൻ സൈന്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതു ഇന്ത്യയും നീപ്പാളും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ഉത്തമദൃഷ്ടാന്തമാണെന്നു് അധികാരപത്രം സമപ്പിക്കുന്ന അവസരത്തിൽ നീപ്പാൾരാജാവിനോടു അദ്ദേഹം പ്രസ്താവിച്ചു. (ഏ: പി)

—o—

# കാഷ്മീർ പ്രശ്നം

## വിട്ടുവീഴ്ച അരുതെന്നു് സർദാർ ശാന്തസംഗ്

സിംലാ, ഡിസം ൧൨—ആക്രമണകാരികളെ മുഴവൻ കാഷ്മീറിൽനിന്നു തുരത്തുമെന്നു് പണ്ഡിത നെഹ്റുചെയ്ത വാഗ്ദാനത്തെക്കുറിച്ചു പകിസ്ഥാനുമായി വിട്ടുവീഴ്ച കാട്ടുന്ന ഒരു ഒത്തുതീപ്പും ഉണ്ടായിക്കൂടെന്നു് സർദാർ ശാന്തസിംഗ് ഇന്നു ആവശ്യപ്പെട്ടു വിട്ടുവീഴ്ചയോടുകൂടിയ ഒരു ഒത്തുതീപ്പുണ്ടാക്കാൻ മൌണ്ട്ബാററൻപ്രഭു ശ്രമിക്കുന്നുവെന്നും കാഷ്മീർ വിഭജനത്തിനുള്ള ഈ പരിശ്രമംകൊണ്ടു് മൌണ്ടുബാററൻപ്രഭു തൻെറ നിലയുതന്നെ കോട്ടമുണ്ടാക്കുകയാണെന്നും സർദാർ ശാന്തസിംഗ് പ്രസ്താവിക്കയുണ്ടായി. (ഏ-പി)

# പണ്ഡിതജിയുടെ സംഭാവന

## ആത്മകഥയുടെ കൈയ്യെഴുത്തുപ്രതി

അലഹബാദ്, ഡിസം ൧൪—തൻെറ ആത്മകഥയുടെ കൈയ്യെഴുത്തുപ്രതി അലഹബാദ് മൃൂസിയത്തിനു സംഭാവന ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതായി പണ്ഡിത ജവഹരിലാൽ നെഹ്റു പ്രഖ്യാപിച്ചിരിക്കുന്നു. (ഏ-പി)

# പാലസ്റ്റൈൻ

—*—

## ബ്രിട്ടൻ അമേരിക്കയെ കുററംപറയുന്നു

ലണ്ടൻ ഡിസം: ൧൨—പുറമെനിന്നു് ഇടപെടലുണ്ടായില്ലെങ്കിൽ ജൂതരും, അറബികളും തമ്മിൽ ഒരു ഒത്തുതീപ്പുണ്ടാക്കാൻ തനിക്കു കഴിയുമായിരുന്നുവെന്നും പലപ്രാവശ്യവും വിജയം കരഗതമായെന്നു് വിശ്വസിക്കാറായ സന്ദർഭങ്ങളിൽ അതു തകക്കപ്പെടുകയുണ്ടായെന്നും മി: ബെവിൻ വെള്ളിയാഴ്ച കാമൺസ്സഭയിൽ പ്രസ്താവിക്കയുണ്ടായി. പുറമെനിന്നുള്ള ഇടപെടലിനെക്കുറിച്ചുള്ള ഈ പ്രസ്താവന അമേരിക്കയെയാണു് സൂചിപ്പിക്കുന്നതെന്നു വിശ്വസിക്കപ്പെടുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. യു. എൻ. ഒ. യു-മായുള്ള കൂടിയാലോചനകൾ വിജയിച്ചാൽ മേ ൧൫-ാംതീയതിക്കുമുമ്പുതന്നെ മാൻഡേററ് ഉപേക്ഷിക്കാൻ ബ്രിട്ടൻ തയ്യാറായിരിക്കുകയാണെന്നും മി: ബെവിൻ പ്രസ്താവിക്കുകയുണ്ടായി. (ഏ. പി.)


—o—

# ചക്കയുടെ കഴിവ്

## ഗാന്ധിജിയുടെ ഉൽബോധനം

ന്യൂഡെൽഹി ഡി: ൧൩—ചക്കയെപ്പററിയാണു ഇന്നത്തെ പ്രാത്ഥനായോഗത്തിൽ ഗാന്ധിജി പ്രധാനമായും പരാമർശിച്ചതു്. സാധുകർഷകനേയും ഗ്രാമീണസ്ത്രീകളേയും സഹായിക്കണമെന്നുകരുതിയാണു് ചക്കാപ്രസ്ഥാനം ആരംഭിച്ചതു്. കാലക്രമത്തിൽ ചക്കയിൽ എത്ര അപാരമായ ശക്തിയാണു് അടങ്ങിയിരിക്കുന്നതെന്നു അദ്ദേഹം മനസ്സിലാക്കി. ഏററവും പ്രബല സൈനികശക്തിക്കുപോലും കീഴ്പ്പെടുത്തുവാൻ സാധിക്കാത്തവിധം അപാരമായ ശക്തിയാണു് അക്രമരാഹിത്യത്തിൽ അന്തർഭവിച്ചിട്ടുള്ളതു്. ഇന്ത്യയിലുള്ള പ്രായപൂത്തിയായുള്ള എല്ലാവരും നൂൽക്കുവാൻ തയ്യാറാകുകയാണെങ്കിൽ, ഇവിടെയുള്ള എല്ലാവക്കും ധരിക്കാനുള്ള വസ്ത്രം ഉണ്ടാക്കാവുന്നതും കോടിക്കണക്കിനു രൂപാ ലാഭിക്കാവുന്നതും ആണു്. നിശ്ചയദാർഢ്യത്തോടും കാര്യം മനസ്സിലാക്കിയും എല്ലാവരുംതന്നെ ഈ യത്നത്തിൽ ഏപ്പെടണമെന്നും അദ്ദേഹം ഉപദേശിച്ചു. അക്രമരാഹിത്യവും സാമൂഹ്യജീവിതവും ചക്കയിൽ അന്തർഭവിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. (ഏ. പി.)

മലയാളരാജ്യം




# സൌന്ദര്യനിരീക്ഷണം

ഗ്രന്ഥകർത്താ:—എം. പി. പോൾ, എം. ഏ.

പ്രസാധകന്മാർ, മംഗളോദയംലിമിറ്റഡ്, തൃശ്ശിവപേരൂർ

വില അണ 12.

കലാപരമായ സിദ്ധാന്തപക്ഷങ്ങളുടെ ശബ്ദകോലാഹലം നിലച്ചുകഴിഞ്ഞിട്ടില്ലെന്ന വസ്തുതയാണു പ്രസ്തുത ഗ്രന്ഥത്തിന്റെ ഉള്ളടക്കം നമുക്കു വെളിപ്പെടുത്തിത്തരുന്നതു്. കാവ്യമീമാംസയെസംബന്ധിച്ച പൌരാണികവും അതിനെ അനുസന്ധാനംചെയ്തും അതിജീവിച്ചും ഉണ്ടായിട്ടുള്ള കാവ്യാദർശാദിഭേദവും സംസ്കൃതത്തിനെ സർവ്വസമ്പൂർണ്ണസമഗ്ര്യമാക്കിയിട്ടുമുണ്ടു. ബുദ്ധി കഠിനാദ്ധ്വാനംചെയ്തു സാധിക്കേണ്ട ഈ സാഹിത്യസമ്പത്തിനു വേണ്ടി മിനക്കെടാൻ കഴിവില്ലാത്ത ഇന്നത്തെ മൂഢശിരസ്കന്മാർ [illegible]ളുവിൽ ഒരുതരം കലാവ്യാപാരം നടത്തുന്നുണ്ടു്. ചില സാങ്കേതികപദങ്ങൾ അങ്ങിങ്ങു കുത്തിത്തിരുകി ആകപ്പാടെ ഒരു വേഷപ്പകർച്ച വരുത്തി കാണിക്കണം എന്നതിൽ കവിഞ്ഞൊന്നും നമ്മുടെ ഇന്നത്തെ സാഹിത്യാചാര്യന്മാരെന്നു സ്വയം ഭാവിക്കുന്നവരുടെ നിഗമനങ്ങളിൽനിന്നു അനുഭവപ്പെടുന്നില്ല.

കല സൌന്ദര്യാത്മകമാണെന്നു വിശ്വസിക്കുന്നവരുണ്ടു്. ശ്രീ: എം: പി. പോൾ കലാത്മകമായ ഈ സൌന്ദര്യത്തെ നിരീക്ഷണംചെയ്യുകയാണു ഈ ഗ്രന്ഥത്തിൽ. സൌന്ദര്യത്തിന്റെ അധിഷ്ഠാനം എന്ന പ്രശ്നത്തെ ഉന്നയിച്ചുകൊണ്ടു അതിനൊരുത്തരം കണ്ടുപിടിക്കാനായി ഉപപാദനമാർഗ്ഗേണയുള്ള ഒരുപ്രതിപാദനമാണു അദ്ദേഹം അംഗീകരിച്ചുകാണുന്നതു്. എന്നാൽ സൌന്ദര്യത്തിന്റെ അധിഷ്ഠാനത്തെ അന്വേഷിച്ചുപോകുന്ന മി. പാൾ സൌന്ദര്യം എന്താണെന്നു ഒരു വിശദീകരണം അനുവാചകനു നൽകിക്കാണുന്നില്ല. അതുകൊണ്ടു ജിജ്ഞാസുക്കളായി നാം അദ്ദേഹത്തിന്റെ പുറകേ നടന്നുകൊള്ളണം. സൌന്ദര്യത്തിന്റെ ആസ്ഥാനത്തെപ്പറ്റി ചിന്തിക്കുമ്പോൾ ആത്മപ്രതീതം, വസ്തുപ്രതീതം എന്നീ ദുർഘടപദങ്ങളാണു ആദ്യം ഓർമ്മയിൽ വരുന്നതു്" എന്നാണു അദ്ദേഹത്തിന്റെ ഉപക്രമം. സൌന്ദര്യം ആത്മനിഷ്ഠമോ വസ്തുനിഷ്ഠമോ എന്നു താർക്കികോചിതമായ രീതിയിൽ പക്ഷപ്രതിപക്ഷങ്ങളെ സ്വയം ഉദ്ഭാവനചെയ്കയും സ്വയം ഖണ്ഡനംചെയ്കയുമാണു ആ അദ്ധ്യായത്തിൽ കല്യാണസൌഗന്ധത്തിലെ ഭീമന്റെയും ഹനുമാന്റെയും ഭാവങ്ങൾ തുള്ളക്കാരൻ പാടി അടി ഫലിപ്പിക്കുന്നതുപോലെ ഒരു രസമാണു ഇതിൽനിന്നു നമുക്കനുഭവപ്പെടുക: സൌന്ദര്യം പദാർത്ഥജന്യമോ ആത്മപ്രഭാവമോ എന്ന വിചാരണ ആരംഭിക്കുന്ന ശ്രീ: പാൾ അതിനെ താർക്കികകസർത്തെന്നു 'വിശേഷിപ്പിച്ചിരിക്കുന്നേതിൽ നിന്നുതന്നെ അതിൽ അദ്ദേഹത്തിന്റെ ഹൃദയം നമുക്കു ദർശിക്കാൻ സാധിക്കുന്നു. ഈ ബീജാങ്കുരന്യായചർച്ചയിൽ അദ്ദേഹം നിർദ്ദാക്ഷിണ്യമായ നിലതന്നെ വഹിച്ചിരിക്കുന്നു. സ്ഥായൈകമനനതയെ സസൂക്ഷ്മം വിശകലനംചെയ്തു സൌന്ദര്യാനുഭൂതിയുടെ പ്രതീതിസാരമായ പ്രധാനലക്ഷ്യത്തിൽതന്നെ എത്തിച്ചേരുന്നു. ശ്രീ: പാളിനു ലക്ഷ്യഭ്രമം പറ്റിപ്പോയിട്ടില്ല. മനോഹരം, ചേതസ്സമാകർഷകം, അപഹൃതചിത്തവൃത്തി എന്നിങ്ങനെ സൌന്ദര്യജന്യമായ ഭാവാവിഷ്കരണപൌഷ്കല്യം തികച്ചും മനസ്സിലാക്കി സൌന്ദര്യത്തിന്റെ അധിഷ്ഠാനം കണ്ടെത്തണമെങ്കിൽ നമ്മുടെ അന്തരംഗത്തിൽമാത്രം ദത്താവധാനരായിരുന്നാൽ പോരെന്നും ബഹിർല്ലോകത്തിലേയ്ക്കു ദൃഷ്ടികൾ വ്യാപരിപ്പിക്കേണ്ട ആവശ്യമുണ്ടെന്നും അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു അദ്ദേഹം സ്വമതസ്ഥാപനംചെയ്യുന്നു.

ബാഹ്യലോകത്തിലെ ഏതേതു ഗുണങ്ങളെ ആസ്പദമാക്കിയാണു നാം സൌന്ദര്യത്തിന്റെ ഉല്പത്തി കണ്ടെത്തുക എന്ന ചോദ്യമാണു പിന്നീടു തുടരുന്നതു്. ഭൌതികമായ ചില ഗുണങ്ങളെ ആസ്പദമാക്കി സൌന്ദര്യനിർണ്ണയംചെയ്തിട്ടുള്ള ചില കലാചിന്തകന്മാരുടെ അഭിപ്രായം ആ വിഷയത്തിലേയ്ക്കു തെളിവായി ഹാജരാക്കിക്കൊണ്ടു പരിശോധിക്കാൻ തുടങ്ങുന്നു. രമണീയമായ വസ്തു പ്രായേണ ചെറുതായിരിക്കണംഎന്നുള്ള ബർക്കിന്റെ ഒരു സിദ്ധാന്തമാണു ആ പക്ഷത്തിൽ ആദ്യം പ്രത്യക്ഷപ്പെടുത്തിത്തരുന്നതു്. മാർദ്ദവം, ആകൃതി തുടങ്ങി ബർക്ക് അപ്രതർക്കമായി ആവിഷ്കരിക്കുന്ന തത്വങ്ങളെ മി. പാൾ പഠിക്കുന്നു. ഭൌതികവാദത്തിന്റെ പരിഷ്കരിച്ച രൂപം കൊടുത്തിരിക്കുന്ന ഹെർബർട്ട് സ്പെൻസറിനെ അദ്ദേഹം അടുത്തു പിടികൂടുന്നു. എവിടെ ശ്രമം പ്രത്യക്ഷപ്പെടുന്നുവോ അവിടെ സൌന്ദര്യം വിരളമെന്ന സ്പെൻസർ മതം അവിമൃഷ്ടവിധേയാംശമാണെന്നു പരിശോധിച്ചു നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

സൌന്ദര്യനിരീക്ഷണം പ്ലേറ്റോവിന്റെ ദർശനമാർഗ്ഗത്തിൽ എത്തിച്ചേരുന്നു. അങ്ങനെ അതിനു ഒരു ഭാരതീയച്ഛായ വന്നുചേരുന്നു. പ്രപഞ്ചത്തിൽ കാണുന്ന സൌന്ദര്യമെല്ലാം കേവലം നിഴൽപ്രായമാണെന്ന പ്ലേറ്റോയുടെ സങ്കല്പത്തിനു ജീവദാനംചെയ്യുന്ന ഷെല്ലിയും ആ ആത്മപ്രചോദനത്തിലവഗാഹനംചെയ്യുന്ന ടാഗോറും സൌന്ദര്യത്തിന്റെ അനിർവചനീയതയിൽ ചെന്നെത്തിയിരിക്കുന്ന വിധം വിവരിക്കുന്നു. ചില അനുഗ്രഹീതസന്ദർഭങ്ങളിൽ ആത്മാവിൽ ആവിർഭവിക്കുന്നതും അതേ ക്ഷണത്തിൽ അദൃശ്യമാകുന്നതുമായ സൌന്ദര്യജ്യോതിസ്സിനെ സാക്ഷാൽകരിക്കയാണു കലാരഹസ്യമെന്നു പറഞ്ഞാൽ നമ്മുടെ ഏകദ്വ്യക്ഷരകഷ്ടിപിഷ്ടികലനാനഭിജ്ഞാതഗവേഷതന്മാർ എന്തു പറയുമോ ആവോ. സൌന്ദര്യാത്മകമായ ചിദ്രൂപം സ്ഥൂലതയെ പ്രാപിക്കാനുള്ള ശ്രമമാണു് പ്രപഞ്ചഗതി, എന്നു ജർമ്മൻ ചിന്തകനായ ഹെഗൽ ഉന്നയിച്ചിരിക്കുന്ന വാദഗതിയെക്കൂടി പരിശോധിച്ചു സൌന്ദര്യത്തിന്റെ അധിഷ്ഠാനത്തെക്കുറിച്ചുള്ള വാദംതന്നെ വ്യർത്ഥമായിത്തോന്നുന്നതായി മി: പാൾതന്നെ സമ്മതിക്കുന്നു.

ഇങ്ങനെ ഉദാസീനമായ വിധി പ്രസ്താവിച്ചുകൊണ്ടു അദ്ദേഹത്തിന്റെ വീക്ഷണഗതിയെ അവിടെ ഉപസംഹരിക്കുന്നില്ല. അപ്രാപ്യമായ പരമമണ്ഡലത്തിലേക്കു കുതിച്ചുയർന്നു, "അചിന്ത്യമജ്ഞാതമവർണ്ണനീയം, എന്നൊക്കെ ജല്പിച്ചിട്ടു നമ്മെ അദ്ദേഹം വഴിയിലിട്ടിട്ടുപോകുന്നില്ല. സൌന്ദര്യജ്യോതിസ്സിനെ സമീപിക്കുവാനല്പതിച്ചു ക്ഷീണിച്ചു നിപതിച്ചുപോയ അദ്ദേഹത്തിന്റെ അഭിപ്രായപക്ഷങ്ങൾ വീണ്ടും നീങ്ങിത്തുടങ്ങുന്നു.

പ്രാചീന യവനതത്വശാസ്ത്രജ്ഞന്മാർ ഈ വിഷയത്തെ ആധാരമാക്കി ചെയ്തിട്ടുള്ള പ്രസ്താവനകളും കീറ്റ്സ് തുടങ്ങിയ ഭാവനാസമ്പന്നന്മാരുടെ അഭിപ്രായങ്ങളും അദ്ദേഹത്തിന്റെ സൌന്ദര്യനിരീക്ഷണത്തിൽ ഉടലെടുക്കുന്നു. സൌന്ദര്യം സത്യത്തിൽനിന്നും ഇവരണ്ടും നന്മയിൽനിന്നും അഭേദമാണെന്നുബോധ്യപ്പെടും. ഈ ഭാവനാമണ്ഡലത്തിൽ ഇവയ്ക്കുതമ്മിൽ പൊരുത്തംമാത്രമല്ല പരിപൂർണ്ണമായ ഐക്യവുമുണ്ടെന്നു ഭാവനാസമ്പന്നരായ കവികൾ കണ്ടെത്തിയിട്ടുണ്ടെന്നു പറയുവാനേ സൌന്ദര്യാധിഷ്ഠാനത്തെക്കുറിച്ചു വിദൂരവീക്ഷണംചെയ്തിരിക്കുന്ന വിദഗ്ദ്ധനായ ഗ്രന്ഥകർത്താവിനു സാധിക്കുന്നുള്ളു. അത്രയുമെങ്കിലും വെളിപ്പെടുത്തിത്തന്നതിൽ നാം അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുതന്നെവേണം.

സൌന്ദര്യത്തിന്റെ അധിഷ്ഠാനം പ്രകൃതീസൌന്ദര്യവുംകലാസൌന്ദര്യവും, ചിത്രകലയും കാവ്യകലയും, ആദർശവും യാഥാർത്ഥ്യവും എന്നീക്രമത്തിൽ ശാസ്ത്രീയസ്വഭാവമുള്ള ഇതിലെ പ്രമേയങ്ങൾ ഗ്രന്ഥകർത്താവിന്റെ സരസമായ പ്രതിപാദനംകൊണ്ടു് സമാസ്വാദനീയമായിട്ടുണ്ടു്. ശ്രീ പാൾ പാശ്ചാത്യസാഹിത്യപര്യടനത്തിൽ പൂർവ്വാധികം ഉൽസുകനായി കൈരളിക്കു ശാസ്ത്രീയസമ്പത്തുകൾ നേടിക്കൊടുത്തുകാണുവാനുള്ള ആഗ്രഹം മറച്ചുവയ്ക്കേണ്ടതുമില്ല. എന്നാൽ ഈ പുസ്തകത്തിൽ ലേഖകപ്രമാദമെന്നു സംശയിപ്പിക്കത്തക്ക നിലയിൽ അച്ചടിപ്പിശകുകടന്നുകൂടികാണുന്നു: എട്ടാംപേജിൽതന്നെ എട്ടിൽപരം തെറ്റുകൾ എണ്ണിത്തിട്ടപ്പെടുത്താൻകഴിഞ്ഞു.

(സി. എം. പി.)

# നമ്മുടെ ഭാഷാപ്രശ്നം

എം. നാരായണൻ ബി. എ. എൽ. ടി.

സ്വതന്ത്രഭാരതത്തിനു ഒരു പൊതുഭാഷ ആവശ്യമാണെന്നുള്ള കാര്യം ഇതിനുമുമ്പു പലവുരു പലരാലും സിദ്ധാന്തപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ആ കാര്യം വാദമാത്രമായി നിലകൊള്ളുന്ന കാലം കഴിഞ്ഞുപോയി. ഇനി ആവുംവേഗത്തിൽ ഇന്ത്യയുടെ പൊതുഭാഷയായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഹിന്ദുസ്ഥാനി സാർവ്വത്രികമായി പ്രചരിപ്പിക്കുവാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു. ദേശീയൈക്യത്തിനും അഭിപ്രായൈക്യരൂപ്യത്തിനും ഉപരിപഠനത്തിനും ഭാഷാപരമായ അവിച്ഛിന്നത സഹായകമായിരിക്കുമെന്നതു നിർവ്വിവാദമാണ്. ദക്ഷിണേന്ത്യയെ സംബന്ധിച്ചിടത്തോളം ഹിന്ദുസ്ഥാനി അത്ര വേഗത്തിൽ സാർവ്വത്രികമാക്കുവാനും ഉപരിപഠനവും മററും അതിലാക്കി മാററുവാനും കഴിഞ്ഞുവെന്നുവരികയില്ല. അതിനാൽ ഇംഗ്ലീഷുതന്നെ നീട്ടിക്കൊണ്ടുപോകേണ്ടതാണോ എന്നൊരു പ്രശ്നം ഇവിടെ ഉത്ഭവിക്കുന്നു.

ഭാഷയുടെ അടിസ്ഥാനത്തിന്മേൽ സംസ്ഥാനവിഭജനം നടത്തേണമെന്നുള്ളതു കോൺഗ്രസ്സിന്റെ ഒരു പ്രഖ്യാപിതനയമാണ്. അതു നീതിപൂർവ്വകവുമാണ്. അങ്ങിനെയാണെങ്കിൽ ഓരോ സംസ്ഥാനത്തിലെ വിദ്യാഭ്യാസവും ഇങ്ങുന്നങ്ങോളം അതതുദേശത്തെ ഭാഷയിൽ കൂടിയാക്കുന്നതാണ് യുക്തം. ദക്ഷിണേന്ത്യയെ സംബന്ധിച്ചാണെങ്കിൽ പ്രധാനമായ ഭാഷകൾ നാലാകയാൽ നാലുസംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടുമ്പോൾ ആ ഭാഷകൾ മുഖേന വിദ്യാഭ്യാസം നടത്തുന്നതു സൗകര്യമായിരിക്കും. തമിഴ്, തെലുങ്ക്, കണ്ണാടകം മലയാളം എന്നീ ഭാഷകൾ പരിഷ്കൃതമായ മററിന്ത്യൻഭാഷകളെപ്പോലെ അതിനു പര്യാപ്തവുമായിരിക്കുന്നു. സംസ്കാരസംസ്കരണത്തിനു മാതൃഭാഷയ്ക്കു തുല്യമായി മറെറാരു ഭാഷയില്ലെന്നു ശാസ്ത്രസിദ്ധവുമാണ്. അതിനാൽ ഇംഗ്ലീഷിന്റെ സ്ഥാനത്തു പൊതുഭാഷയായി ഹിന്ദുസ്ഥാനിയും പാഠ്യഭാഷയായി മാതൃഭാഷയും ഉപയോഗിക്കുന്നതായിരിക്കും ഉത്തമം.

ഇപ്പോൾ ഒരു കൊല്ലമായി എല്ലാ പാഠ്യവിഷയങ്ങളും ഹൈസ്കൂളുകളിൽ മാതൃഭാഷയിൽത്തന്നെ പഠിപ്പിക്കേണമെന്നുള്ളതു നിർബന്ധമാക്കിയിരിക്കുകയാണല്ലോ. ഉപരിപഠനവും അധികകാലം ചെല്ലുന്നതിനു മുമ്പു മാതൃഭാഷയിൽതന്നെ നടത്തുന്നതായിരിക്കും സ്വാഭാവികവും സുഗമവും. ശാസ്ത്രേതരങ്ങളായ വിഷയങ്ങളെ സംബന്ധിച്ചു ഈ കാര്യം ക്ലേശലേശമില്ലാതെ അനുവർത്തിക്കാമെങ്കിലുംശാസ്ത്രവിഷയത്തിൽ ആദ്യഘട്ടത്തിൽ കുറഞ്ഞൊന്നു ശിഥിലീഭവിക്കാതെയിരിക്കുകയില്ലെന്നു സമ്മതിക്കാം. അതു അനിവാര്യവുമാണല്ലോ. മാതൃഭാഷയിൽകൂടി വിദ്യാഭ്യാസം നടത്തുവാൻ സഹായകമായ ചില പരിശ്രമങ്ങൾ ഇതിനിടയിൻ ചെയ്തുവന്നിട്ടുണ്ടെങ്കിലും അതൊന്നും വേണ്ടത്ര ഫലപ്രദമായിട്ടില്ല. മദിരാശിഗവർമ്മെണ്ടു പ്രസിദ്ധംചെയ്തിട്ടുള്ള നിഘണ്ടു കേവലം താൽക്കാലികമാണെന്നു അവർ തന്നെ സമ്മതിച്ചിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി, മലബാർ ഈ വിഭാഗങ്ങളിൽ എന്നുവേണ്ട മലബാറിൽ ത്തന്നേയും പാഠഗ്രന്ഥങ്ങളിലെ സാങ്കേതികപദങ്ങളിൽ ഐകരൂപ്യമില്ലാതെയാണിരിക്കുന്നതു് കേരളത്തിന്നൊട്ടാകെ ഉപയോഗിക്കാവുന്ന ഒരു സാങ്കേതികശബ്ദകോശമാണു ഒന്നാമത്തെ ആവശ്യം. ഇതു മനസ്സിലാക്കി തിരുവിതാംകൂർ സർവ്വകലാശാല ആ വഴിക്കു പരിശ്രമം ചെയ്തുവരുന്നുണ്ടെന്നതു ആശാജനകമായിരിക്കുന്നു. അവരുടെ നിഘണ്ടുനിർമ്മാണകമ്മിററിയിൽ മദിരാശിഗവർമ്മെണ്ടു തങ്ങളുടെ പ്രതിനിധികളെ നിയോഗിക്കുകയും തൽക്കാലം മൂന്നുവർഷത്തേക്കു അയ്യായിരം ഉറപ്പികുവീതം സഹായധനം നൽകുവാൻ തീരുമാനിക്കുകയും ചെയ്തതു സ്തുത്യർഹംതന്നെ. എന്നാൽ തൽസംബന്ധമായ പ്രവൃത്തികൾ ഊർജ്ജിതമാക്കേണ്ടിയിരിക്കുന്നു.

ഇംഗ്ലീഷുഭാഷയുടെ പ്രചാരത്തിനു മുമ്പുതന്നെ ഇന്ത്യയിൽ ശാസ്ത്രേതരമായ വിഷയങ്ങളിൽ നാട്ടുഭാഷകൾ കുറേയൊക്കെ പുരോഗതി പ്രാപിച്ചിരുന്നു. ഇംഗ്ലീഷിന്റെ പ്രചാരത്തിനുശേഷം പാശ്ചാത്യരീതിയിലുള്ള ചി

(ശേഷം ഏഴാംപേജിൽ)

# പൌരസ്ത്യവൈദ്യശാസ്ത്രം

വിദ്വാൻ കെ. വാസുപ്പണിക്കർ തിരുവനന്തപുരം

ലോകത്തിൽ ഇന്നു അറിയപ്പെടുന്ന സകല വിജ്ഞാനത്തിന്റേയും ഉല്പത്തിസ്ഥാനം ഭാരതഭൂമിയാണെന്നു പ്രൊഫസർ ഫീറൺ, മാക്സ്ടക്കർ മുതലായ പാശ്ചാത്യശാസ്ത്രജ്ഞന്മാർപോലും നിർവ്വിശങ്കം ഉൽഘോഷിച്ചിട്ടുണ്ട്. ഭൂമുഖത്തു ഒരു കാലത്തു പ്രചാരത്തിലിരുന്നതും അനന്തരകാലത്തു ലുപ്തപ്രചാരമായിട്ടുള്ളതും ഇപ്പോൾ പ്രചുരപ്രചാരത്തിലിരിക്കുന്നതുമായ സർവ്വവിധവൈദ്യസമ്പ്രദായങ്ങളുടേയും മൂലഗ്രന്ഥം ബ്രഹ്മോപജ്ഞമായ "ആയുർവേദ"മാകുന്നു. അലോപ്പതി, ഹോമിയോപ്പതി, ഹൈഡ്രോപ്പതി, നാച്ചുറോപ്പതി തുടങ്ങിയ എല്ലാ വൈദ്യശാസ്ത്രങ്ങളും ആദിവൈദ്യശാസ്ത്രഗ്രന്ഥമായ ആയുർവേദത്തെ അതിജീവിച്ചുണ്ടായിട്ടുള്ളവയാണെന്നു അവയുടെ തത്വങ്ങളും പ്രയോഗസമ്പ്രദായങ്ങളും സൂക്ഷ്മമായി നിരീക്ഷണംചെയ്യുന്ന ഒരു ശാസ്ത്രജ്ഞനു കണ്ടെത്തുവാൻ കഴിയും. അതാതു കാലദേശാവസ്ഥകൾക്കനുയോജ്യമായ രീതിയിൽ ഔഷധനിർമ്മാണംചെയ്തു അതാതു രാജ്യത്തെ സംസ്കാരത്തിനും ഭാഷയ്ക്കുമനുയോജ്യമായ പേർ നൽകി പ്രചരിപ്പിക്കപ്പെടുന്ന വിവിധ വൈദ്യസമ്പ്രദായങ്ങൾ പ്രഥമദൃഷ്ടിയിൽ നവീനങ്ങളും പൌരസ്ത്യവൈദ്യശാസ്ത്രത്തിൽനിന്നു വിഭിന്നങ്ങളുമാണെന്നു ഒരു പ്രതീതി നമ്മിൽ ജനിപ്പിക്കുന്നുവെന്നു മാത്രമേയുള്ളു. ഗ്രീക്കുവൈദ്യശാസ്ത്രത്തിന്റെ പ്രഥമപ്രവർത്തകനായ പിത്തഗോറസ്സിനു ഈജിപ്റ്റുകാരോടും, ഈജിപ്റ്റുകാർക്കു ഭാരതീയരോടു വൈദ്യശാസ്ത്രത്തിലുള്ള ആധമർണ്ണ്യം അനിഷേധ്യമാണെന്നുള്ളതിനു ചരിത്രലക്ഷ്യങ്ങളുണ്ട്. ക്രിസ്ത്വബ്ദത്തിന്റെ ആദിയിൽ യവനന്മാരും അറബികളും വൈദ്യശാസ്ത്രം ഭാരതീയരിൽനിന്നും അഭ്യസിച്ചതായി അഭ്യൂഹിക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ പാശ്ചാത്യവൈദ്യശാസ്ത്രം യവനന്മാരിൽനിന്നും അറബികളിൽനിന്നും ജനിച്ചുവളർന്നതാണെന്നുള്ളതിനു പക്ഷാന്തരവുമില്ല. ആയുർവേദശാസ്ത്രത്തിലെ പ്രാമാണികഗ്രന്ഥങ്ങളായ ചരകസുശ്രുതാദികൾ ലാററിനിലും അറബിയിലും തർജ്ജിമചെയ്തു അവരുടെ വൈദ്യശാസ്ത്രത്തെ പോഷിപ്പിച്ചിട്ടുള്ളതായി കാണുന്നുണ്ട്.

വേദാംഗമായ ആയുർവേദം ഒരു ഉപവേദമാകുന്നു. ഋക്ക്, യജുസ്സ്, അഥർവ്വം എന്നീ വേദത്രയങ്ങളുടെ സാരത്തിൽനിന്നും പ്രപഞ്ചസ്രഷ്ടാവായ ബ്രഹ്മദേവൻ 'ആയുർവേദം' എന്ന ഉപവേദത്തെ നിർമ്മിച്ചുവെന്നു ബ്രഹ്മവൈവർത്തപുരാണത്തിൽ കാണുന്നു. ബ്രഹ്മമുഖനിർഗ്ഗളിതമായ ആയുർവേദം ലക്ഷം ശ്ലോകങ്ങളടങ്ങിയ ഒരു ശതാദ്ധ്യായിയാകുന്നു. ശല്യം, ശാലാക്യം, കായചികിത്സ, ഭൂതവിദ്യ, കൗമാരഭൃത്യ, അഗദം, രസായനം, വാജീകരണം ഇങ്ങനെ അഷ്ടാംഗങ്ങളായിട്ടത്രേ ദ്രുഹിണദേവൻ ആയുർവേദശാസ്ത്രതത്വങ്ങളെ പ്രതിപാദിച്ചിട്ടുള്ളത്. പ്രസ്തുത ശാസ്ത്രം അത്യന്തം പുണ്യകരവും, ദീർഘായുസ്സിനെ നിലനിർത്തുന്നതും, ജരാവ്യാധികളെ നശിപ്പിക്കുന്നതും, അമൃതതുല്യവും, മംഗളകാരിയും സർവ്വജനശരണ്യവും ഉൽകൃഷ്ടവുമായ ഒരു ജ്ഞാനകോശമാകുന്നു. ധർമ്മാർത്ഥസുഖങ്ങളാകുന്ന പുരുഷാർത്ഥങ്ങൾക്കു ആയുർവേദവിജ്ഞാനം അപരിത്യാജ്യമാകയാൽ എല്ലാ മനുഷ്യരും അതിനെ ശ്രദ്ധയോടെ പഠിക്കയും, വിധിപ്രകാരം ആചരിക്കയും പ്രചരിപ്പിക്കയുംചെയ്യണമെന്നത്രേ ആർഷമതം.

ബ്രഹ്മാവു് പുത്രനായ ദക്ഷപ്രജാപതിക്കായിക്കൊണ്ടു് ആദ്യമായി ആയുർവേദം ഉപദേശിച്ചു. ദക്ഷനിൽനിന്നും അശ്വിനീകുമാരന്മാരും, അവരിൽനിന്നു ഇന്ദ്രനും ഇന്ദ്രനിൽനിന്നു് ആത്രേയനും ധന്വന്തരിയും, ആത്രേയനിൽനിന്നു അഗ്നിവേശൻ, പരാശരൻ, ഹാരീതൻ തുടങ്ങിയവരും ആയുർവേദം അഭ്യസിച്ചതായി കാണുന്നു. ഉഗ്രതപോനിധികളും ബ്രഹ്മജ്ഞാനികളുമായ മരീചി, അംഗിരസ്സ്, വസിഷ്ഠൻ, അഗസ്ത്യൻ തുടങ്ങിയ മഹർഷിമാരുടെ പ്രത്യേകാപേക്ഷാനുസരണം ഭരദ്വാജമഹർഷി ഇന്ദ്രനിൽനിന്നും ആയുർവേദം അഭ്യസിച്ചു മററു മഹർഷിമാർക്കു് ഉപദേശിച്ചുകൊടുത്തുവെന്നത്രേ ചരകാചാര്യമതം. മത്സ്യാവതാരം എടുത്തു അംബുധിയിൽ ആണ്ടുപോയ മാകളെ സമുദ്ധരിച്ച മഹാവിഷ്ണുവിൽനിന്നും ആയുർവേദം അഭ്യസിച്ചിട്ടു ഭൂമിയിൽ വിശുദ്ധമുനിയുടെ പുത്രനായി ജനിച്ച അനന്തനത്രേ ചരകാചാര്യൻ. ഇദ്ദേഹം വൈദികകാലത്തു ജീവിച്ചിരുന്ന വൈദ്യശാസ്ത്രപാരാവാരപാരംഗതനായിരുന്നു. ചരകവിരചിതമായ 'ചരകസംഹിത' ചികിത്സാവിഷയത്തിൽ അദ്വിതീയമായ ഒരു പ്രശസ്തഗ്രന്ഥമാകുന്നു.

ദേവന്മാരുടെ പ്രാർത്ഥനയാൽ ധനഗുപ്തവിമുക്തിക്കായിക്കൊണ്ടും ആയുർവേദശാസ്ത്രത്തിന്റെ സമുദ്ധരണത്തിനായിക്കൊണ്ടും ധന്വന്തരിമഹർഷി വാരാണസീനഗരത്തിൽ കാശിരാജാവായി ദിവോദാസൻ എന്ന പേരോടുകൂടി ആശ്വിനിമാസത്തിൽ കൃഷ്ണപക്ഷത്രയോദശിയും ഗുരുവാരവും ചതയം നക്ഷത്രവും കൂടിയ ദിവസത്തിൽ രാത്രിയുടെ ആദ്യയാമത്തിൽ അവതരിച്ചു എന്നു ഗാരുഡപുരാണത്തിൽ കാണുന്നു. ശ്രീധന്വന്തരിപ്രണീതമായ 'ധന്വന്തരിസംഹിത' വിപുലമായ വൈദ്യശാസ്ത്രതത്വങ്ങളെ ക്രോഡീകരിച്ചു രചിക്കപ്പെട്ടിട്ടുള്ള ഒരു ഉത്തമഗ്രന്ഥമാകുന്നു.

ക്ഷത്രിയബ്രഹ്മർഷിയായ വിശ്വാമിത്രന്റെ പുത്രനായി ജനിച്ച സുശ്രുതനും അദ്ദേഹത്തിന്റെ സപ്തസഹോദരന്മാരും ദിവോദാസനിൽനിന്നും വൈദ്യശാസ്ത്രം അഭ്യസിച്ചു. അവരിൽ സുശ്രുതൻ പ്രസ്തുതശാസ്ത്രത്തിൽ അപാരപണ്ഡിതനായിഭവിച്ചു. സുശ്രുതവിരചിതമായ 'സുശ്രുതസംഹിത' ശരീരവിജ്ഞാനത്തെക്കുറിച്ചു സമഷ്ടിയായി പ്രതിപാദിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാകുന്നു.

അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം, രസരത്നസമുച്ചയം എന്നീ ഗ്രന്ഥങ്ങളുടെ കർത്താവായ വാഗ്ഭടൻ വൈദ്യശാസ്ത്രാന്തരീക്ഷത്തിൽ അതുല്യപ്രഭാപ്രസരം പരത്തിയ ഒരപൂർവ്വജ്ഞാനിയായിരുന്നു. ആയുർവേദശാസ്ത്രതത്വങ്ങൾ ലളിതമായ ഭാഷയിൽ ക്രോഡീകരിച്ചു രചിച്ചിട്ടുള്ളവയാണ്, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ. ഇതിൽ അഷ്ടാംഗസംഗ്രഹം ൧൨൦൦൦ ഗ്രന്ഥങ്ങളടങ്ങിയ ഒരു മഹാഗ്രന്ഥമാകുന്നു. രസതന്ത്രപ്രതിപാദകമാണ് രസരത്നസമുച്ചയം. രണ്ടായിരത്തിഇരുനൂറുവർഷങ്ങൾക്കുമുമ്പു വാഗ്ഭടൻ സിന്ധുദേശത്തിൽ ജനിച്ചു. തികഞ്ഞ ഒരു ബുദ്ധമതവിശ്വാസിയായിരുന്നു ഇദ്ദേഹം.

മാധവനിദാനത്തിന്റെ കർത്താവായ മാധവാചാര്യരാണ പിന്നീടുണ്ടായിട്ടുള്ള വൈദ്യശാസ്ത്രപ്രണേതാക്കളിൽ അഗ്രിമസ്ഥാനമലങ്കരിക്കുന്നതു്. വിജയനഗരചക്രവർത്തിയുടെ മന്ത്രിയായിരുന്ന മാധവാചാര്യരുടെ ജന്മദേശം ഗോൽക്കൊണ്ടയായിരുന്നു. ഏകദേശം എണ്ണൂറുകൊല്ലങ്ങൾക്കുമുൻപാണ് അദ്ദേഹം ജീവിച്ചിരുന്നതു്. മാധവനിദാനംകൂടാതെ വേറെയും അനവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പണ്ഡിതകുലാലങ്കാരമായിരുന്ന അദ്ദേഹം വാർദ്ധക്യത്തിൽ സന്യാസം സ്വീകരിക്കയും 'വിദ്യാരണ്യൻ' എന്ന നൂതനാഭിധാനത്തിൽ ലോകം അറിയപ്പെടുകയും ചെയ്തു.

ക്രിസ്ത്വബ്ദം പതിമൂന്നാംശതകത്തിൽ ജീവിച്ചിരുന്ന ദാമോദരസൂനുവായ ശാർങ്ഗധരൻ സർവ്വശാസ്ത്രപണ്ഡിതനായ ഒരു പ്രസിദ്ധവൈദ്യനാകുന്നു. ഇദ്ദേഹം ശാകംഭരീദേശപതിയായിരുന്ന ഹമ്മീരരാജാവിന്റെ സദസ്യരിൽ പ്രമുഖാംഗമായി പ്രശോഭിച്ചിരുന്നു. ശാർങ്ഗധരസംഹിത എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഗ്രന്ഥം വൈദ്യശാസ്ത്രം, സസ്യശാസ്ത്രം, കാമശാസ്ത്രം, തത്വശാസ്ത്രം, രസതന്ത്രം തുടങ്ങിയ നിരവധി ശാസ്ത്രങ്ങളുടെ ഒരു ഭണ്ഡാഗാരമാകുന്നു.

വൈദ്യലോകത്തിന്റെ ആരാധനയ്ക്കും അഭിനന്ദനത്തിനും പാത്രമായിട്ടുള്ള അപൂർവ്വഗ്രന്ഥങ്ങളിൽ അദ്വിതീയമെന്നുതന്നെ അഭിപ്രായപ്പെടാവുന്ന ഒരു അമൂല്യഗ്രന്ഥമത്രേ 'ഭാവപ്രകാശം.' വൈദ്യശാസ്ത്രത്തിൽ അപാരപാണ്ഡിത്യംനേടി വിഖ്യാതനായി തീർന്ന ലടകമിശ്രന്റെ പുത്രനായ ഭാവമിശ്രനാണ് പ്രസ്തുത ഗ്രന്ഥത്തിന്റെ രചയിതാവു്. മൂന്നു ശതാബ്ദത്തിനപ്പുറം മദ്രദേശത്തു ജനിച്ച ഭാവമിശ്രൻ വാരാണസിയിൽ പോയി വൈദ്യശാസ്ത്രം അഭ്യസിച്ചു. അദ്ദേഹത്തിന്റെ വൈദ്യശാസ്ത്രവിജ്ഞാനത്തിന്റെ മൂർത്തീകരണമാണ് ഭാവപ്രകാശരൂപേണ ഭാരതമെങ്ങും ജ്ഞാനപ്രകാശം പൊഴിക്കുന്നതു്. സകല വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടേയും സാരാംശത്തെ സമാഹരിച്ചു് സൃഷ്ടിച്ചിട്ടുള്ള ഒരു ഗ്രന്ഥരത്നമാണ് ഭാവപ്രകാശമെന്നുള്ളതിൽ പക്ഷാന്തരമില്ല.

ആയുർവേദശാസ്ത്രവിജ്ഞാനത്തിലും ചികിത്സാപാടവത്തിലും കേരളീയർ അനുപമവും അന്യദേശാതിശായിയുമായ ചരിത്രം സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ പ്രഖ്യാതരായ അഷ്ടവൈദ്യന്മാരും അവരുടെ ചരിത്രപ്രസിദ്ധങ്ങളും അത്ഭുതകരവുമായ ചികിത്സാപദ്ധതികളും കേരളത്തിന്റെ അഭിമാനസമ്പത്തുകളാകുന്നു. ഭാരതത്തിലെ ഇതരദേശങ്ങളെ അപേക്ഷിച്ചു് ആര്യവൈദ്യം അതിന്റെ പരിശുദ്ധമായ നിലയിൽ ഇന്നും പ്രശോഭിക്കുന്നതു് കേരളത്തിലാണെന്നുള്ള പരമാർത്ഥം മറയ്ക്കാനോ മറക്കാനോ പാടില്ലാത്തതാകുന്നു.

ത്രിദോഷാധിഷ്ഠാനത്തിലത്രേ ആയുർവേദം അടിയുറച്ചുനില്ക്കുന്നതു്. അതത്രേ അതിന്റെ സർവ്വാതിശായിയായ വിജയരഹസ്യവും. പ്രപഞ്ചം പഞ്ചഭൂതമയമാണല്ലോ. ശരീരം പഞ്ചഭൂതാത്മകവുമാണ്. പ്രപഞ്ചത്തിലുള്ള സകല ചരാചരങ്ങളും പഞ്ചഭൂതാത്മകമായ ശരീരികളാണെന്നുള്ളതു് നിർവ്വിവാദമാണല്ലോ. ശരീരമുള്ള സർവ്വവും ത്രിദോഷാത്മകവുമാണ്. അപ്പോൾ ദൃശ്യപ്രപഞ്ചം ത്രിദോഷാത്മകമാണെന്നു വന്നുകൂടുന്നു. ഇതാണ് പഞ്ചഭൂതങ്ങൾക്കും (ശരീരത്തിനും) ത്രിദോഷങ്ങൾക്കും തമ്മിലുള്ള അഭേദ്യമായ ബന്ധം. ആഹാരം കഴിക്കുന്നതുകൊണ്ടു് ശരീരം പോഷിക്കുന്നതും വികൃതമാകുന്നതും, ദോഷവൈഷമ്യത്താലുണ്ടാകുന്ന വികാരങ്ങൾ ഔഷധം, അന്നം, വിഹാരം ഇവകൊണ്ടു് ശമിക്കുന്നതും ശരീരംപോലെതന്നെ ഔഷധങ്ങളും ത്രിദോഷാത്മകമായിരിക്കുന്നതുകൊണ്ടുതന്നെയാണ്. നാം ഭക്ഷിക്കുന്ന സാധനങ്ങൾ അവയുടെ പാകപരിണാമത്തിൽ ത്രിദോഷങ്ങളുടേയും പഞ്ചഭൂതങ്ങളുടേയും അംശങ്ങൾ വേർതിരിഞ്ഞു് ശരീരത്തോടു സാത്മ്യംപ്രാപിക്കുന്നു. തന്മൂലമാണ് ത്രിദോഷാത്മകമായ ദ്രവ്യങ്ങൾകൊണ്ടു ദോഷവൈഷമ്യത്താലുണ്ടാകുന്ന വികാരങ്ങളെ (രോഗങ്ങളെ) നശിപ്പിക്കാൻ കഴിയുന്നതു. അനിത്യമായ ശരീരത്തിൽ ത്രിദോഷങ്ങൾ നിത്യങ്ങളായിരിക്കുമെന്നത്രേ ചരകാചാര്യമതം.

രസം, വീര്യം, ഗുണം, വിപാകം, പ്രഭാവം എന്നീ പഞ്ചധർമ്മങ്ങളെ ആസ്പദമാക്കി സകല ദ്രവ്യങ്ങളേയും ജംഗമം, ഔദ്ഭിദം, പാർത്ഥിവം എന്നീ ഇനങ്ങളിലായി ആര്യവൈദ്യശാസ്ത്രജ്ഞന്മാർ വിഭജിച്ചിരിക്കുന്നു. ഒരു ഗണത്തിൽ പത്തുദ്രവ്യങ്ങൾവീതമുള്ള അമ്പതുഗണങ്ങളായി ദ്രവ്യങ്ങളെ ചരകൻ ഗണവിഭാഗംചെയ്തപ്പോൾ സുശ്രുതൻ ൭൬൦-ദ്രവ്യങ്ങളെ ൩൭ ഗണങ്ങളായിട്ടാണു വിഭജിച്ചതു. ഭാവപ്രകാശകാരൻ ൯൧൦-ദ്രവ്യങ്ങളെ ഏഴുവർഗ്ഗങ്ങളായിമാത്രം തരംതിരിച്ചു. എന്നാൽ രാജനിഘണ്ടുകാരനായ നരഹരി വൃക്ഷങ്ങൾ, ചെടികൾ, വള്ളികൾ, തൃണങ്ങൾ എന്നിങ്ങിനെ നാലായിട്ടത്രേ വിഭജനം ചെയ്തതു്. ഔഷധദ്രവ്യങ്ങളെ അതിന്റെ സർവ്വവിധ ഗുണഗണങ്ങളോടുകൂടി വിവരിക്കുന്ന രാജനിഘണ്ടു വൈദ്യലോകത്തിനു് സിദ്ധിച്ചിട്ടുള്ള ഒരമൂല്യജ്ഞാനഭണ്ഡാഗാരമാകുന്നു.

ആര്യവൈദ്യത്തിൽ ശസ്ത്രവിദ്യയില്ലെന്നു് ഒരു തെററായ ധാരണ സാമാന്യജനങ്ങളുടെ ഇടയിൽ ഇന്നും നിലനില്ക്കുന്നുണ്ട്. എന്നാൽ ശസ്ത്രവിദ്യ ആയുർവേദശാസ്ത്രത്തിലത്രേ സമഗ്രമായി സമഷ്ടിയായി പ്രതിപാദിച്ചിട്ടുള്ളതു്. പാശ്ചാത്യശസ്ത്രവിദ്യപോലും ഭാരതീയരുടെ ആയുർവേദശാസ്ത്രത്തിൽനിന്നും ഉദയംചെയ്തിട്ടുള്ളതാണെന്നൂഹിക്കുവാൻ ധാരാളം ന്യായങ്ങളുണ്ട്. ശസ്ത്രവിദ്യയെക്കുറിച്ചു സ്ഥൂലമായി പ്രതിപാദിക്കുന്ന സുശ്രുതസംഹിത ക്രിസ്ത്വബ്ദം ൮-ാം നൂററാണ്ടിൽ ലാററിൻ, അറബി, ജർമ്മൻ എന്നീ പാശ്ചാത്യഭാഷകളിലേക്കു വിവർത്തനം ചെയ്തിട്ടുള്ളതായി കാണുന്നു. ധന്വന്തരി, ഔപധേനവൻ, ഔരഭ്രൻ, പുഷ്കലാവതൻ തുടങ്ങിയ പ്രാചീനാചാര്യന്മാർ ശസ്ത്രവിദ്യയിൽ അതിപ്രഗത്ഭന്മാരായിരുന്നുവെന്നുമാത്രമല്ല പ്രസ്തുത ശാസ്ത്രത്തെ ആധാരമാക്കി വിപുലങ്ങളും വിജ്ഞേയങ്ങളുമായ ഗ്രന്ഥങ്ങൾ രചിച്ചിട്ടുമുണ്ട്. ശിരോവേധം, സിരാവേധം, കാചവേധം, അശ്മരീവേധം പ്രജാകർഷണം തുടങ്ങിയ ശസ്ത്രക്രിയകളും അവർ ചെയ്തുവന്നിരുന്നു. അതിനുവേണ്ട ഉപകരണങ്ങളും ഉണ്ടാക്കി സൂക്ഷിച്ചിരുന്നതായി കാണുന്നുണ്ട്. മസൂരി കീറിവയ്ക്കുന്ന സമ്പ്രദായവും പൌരസ്ത്യരിൽനിന്നത്രേ പാശ്ചാത്യർ കരസ്ഥമാക്കിയതു്. ജന്നർ എന്ന പ്രസിദ്ധ പാശ്ചാത്യശാസ്ത്രജ്ഞനാണ് ഈ വിദ്യ ആദ്യമായി കണ്ടുപിടിച്ചതെന്നാണ് അവരുടെ അഭിപ്രായം. ൧൭൨൧-ൽ മേറിമാർട്ടലി എന്ന മഹതി തന്റെ പുത്രനിൽ ആദ്യമായി ഈ പ്രയോഗംചെയ്തു ഫലം വിജയത്തിൽ കലാശിച്ചതായി പ്രസ്താവിച്ചതിനുശേഷമത്രേ ഇംഗ്ലണ്ടിൽ ഈ സമ്പ്രദായം പരീക്ഷിക്കപ്പെട്ടതു്.

രസതന്ത്രവിജ്ഞാനം ആയുർവേദശാസ്ത്രത്തിലെ അതിപ്രധാനമായ ഒരംശമാകുന്നു. മൂലികാമാത്രങ്ങളിൽ ചരകാദികളെപ്പോലെ, രസപ്രയോഗങ്ങളിൽ നാഗാർജ്ജുനൻ, ശ്രീരാമൻ തുടങ്ങിയവരത്രേ പ്രസിദ്ധന്മാർ. രസരത്നാകരം, രസരത്നസമുച്ചയം, രസേന്ദ്രചിന്താമണി ഇവകളാണ് രസതന്ത്രശാസ്ത്രപ്രതിപാദകങ്ങളായ മികച്ച ഗ്രന്ഥങ്ങൾ. രസതന്ത്രവിദ്യയ്ക്കു് സിദ്ധവൈദ്യമെന്നും, ചിന്താമണിവൈദ്യമെന്നും പേരുകളുണ്ട്. സിദ്ധന്മാരായ (അനുഭവസിദ്ധിയുള്ള) വൈദ്യന്മാരാൽമാത്രം പ്രയോഗിക്കപ്പെടുന്നതുകൊണ്ടു് സിദ്ധവൈദ്യമെന്നും, ചിന്തിച്ച ഫലത്തെ പ്രദാനംചെയ്യുന്നതുകൊണ്ടു് ചിന്താമണിവൈദ്യമെന്നും പേരുസിദ്ധിച്ചതായി അനുമിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിലുള്ള ഇതരദേശങ്ങളെ അപേക്ഷിച്ചു കേരളം സുലഭമൂലികയായതുകൊണ്ടായിരിക്കാം സിദ്ധവൈദ്യത്തിനു കേരളത്തിൽ വലിയ പ്രചാരമില്ലാത്തതു്. എന്നാൽ തമിഴ്നാട്ടിൽ സിദ്ധവൈദ്യം പരിപൂർണ്ണവളർച്ചയിലും പ്രതാപത്തിലും പ്രചരിച്ചിട്ടുണ്ട്. അതിനുള്ള മുഖ്യകാരണം മൂലികകളുടെ ദൗർലഭ്യവുംകൂടിയായിരിക്കണം. രസതന്ത്രവിദ്യയ്ക്കു് അഗസ്ത്യവിദ്യയെന്നൊരുപേരുകൂടി തമിഴ്നാട്ടിൽ പറഞ്ഞുവരുന്നുണ്ട്. ഈ ശാസ്ത്രം അഗസ്ത്യമഹർഷിപ്രണീതമാണെന്നാണു അവർ അതിനു നൽകുന്ന സമാധാനം. ഏതായാലും ഈ രസതന്ത്രപ്രയോഗം ഭാരതമെങ്ങും പുകൾപെററതും സർവ്വരോഗങ്ങളേയും ആശ്ചര്യകരമാംവണ്ണം ശമിപ്പിക്കാൻ പ്രാഗത്ഭ്യമുള്ളതുമാണെന്നുള്ളതു നിരാക്ഷേപമാകുന്നു. രസം, ഗന്ധകം, സ്വർണ്ണം, താമ്രം തുടങ്ങിയ ദ്രവ്യങ്ങളെ ശോധനമാരണാദികർമ്മങ്ങളെക്കൊണ്ടു രൂപാന്തരപ്പെടുത്തി, വിഷാംശങ്ങളെ വേർപെടുത്തി, അനുപാനവിശേഷണമാത്രാപത്ഥ്യാദിക്രമത്തോടെ സേവിപ്പിക്കുന്നതാണു രസതന്ത്രവിദ്യ.

"കൽക്കംചൂർണ്ണം രസം തഥാതൈലമർക്കം" എന്നു് ഔഷധപ്രയോഗങ്ങൾ അഞ്ചുവിധമുള്ളവയിൽ ആദ്യത്തെ നാലും ഗുണദോഷസമ്മിശ്രവും അഞ്ചാമത്തേതായ 'അർക്കം' ദോഷരഹിതവും ഗുണയുക്തവുമാണെന്നത്രേ അർക്കശാസ്ത്രപ്രണേതാവിന്റെ പ്രബലസിദ്ധാന്തം. അർക്കം എന്നതിനു് 'ഔഷധസത്തു്' എന്ന അർത്ഥത്തിലാണു ഇവിടത്തെ വിവക്ഷ. ആയുർവേദം ബ്രഹ്മമുഖത്തിൽനിന്നു നിർഗ്ഗളിച്ചതുപോലെ അർക്കശാസ്ത്രം ശിവനിൽനിന്നു ലഭിച്ചതാണെന്നത്രേ പൌരാണികമതം. പ്രസിദ്ധപണ്ഡിതനും, വൈയാകരണനും, സംഗീതജ്ഞനും, വേദഭാഷ്യകാരനുമായിരുന്ന രാവണനാൽ നിർമ്മിതമായ അർക്കപ്രകാശം എന്ന ഗ്രന്ഥത്തിൽ പ്രസ്തുത ശാസ്ത്രത്തെക്കുറിച്ചു സമഷ്ടിയായി പ്രതിപാദിച്ചിട്ടുണ്ട്. ശിവൻ പാർവ്വതിക്കും, പാർവ്വതി രാവണനും രാവണൻ മണ്ഡോദരിക്കും അർക്കവിദ്യ ഉപദേശിച്ചുകൊടുത്തതായി ആ ഗ്രന്ഥത്തിൽനിന്നും മനസ്സിലാക്കാം. ഈ ശാസ്ത്രം ആര്യവൈദ്യശാഖയിൽപെട്ട രസതന്ത്ര

(ശേഷം പത്താംപേജിൽ)

(ഒൻപതാംപേജിൽനിന്നും തുടർച്ച)

വിദ്യയുടെ ഒരു ഭാഗമാകുന്നു. എങ്കിലും ഇതിനെ ദ്രാവിഡവിദ്യയെന്നുംകൂടിവ്യവഹരിക്കാറുണ്ട്. ദ്രാവിഡരാജാവായ രാവണനാൽ പ്രോത്സാഹിപ്പിക്കപ്പെട്ടതുകൊണ്ടും ദ്രാവിഡദേശത്തു കൂടുതൽ പ്രചാരമുള്ളതുകൊണ്ടുമായിരിക്കണം ഈ പേർ സിദ്ധിച്ചതു്. ഔഷധങ്ങൾ നീററുകയും, വാററുകയും ഊററുകയുംചെയ്തു അവയുടെ സത്തെടുത്തു പ്രയോഗിക്കുന്ന ഒരു പ്രത്യേക വിദ്യയത്രെ ഇതു്. മദ്യമാംസാദികളും തീക്ഷ്ണദ്രവ്യങ്ങളും സ്വഭാവേന ആഹാരമായി സ്വീകരിച്ചിരുന്ന ദ്രാവിഡക്ക് ഭസ്മസിന്ദൂരാദികൾകൊണ്ടുള്ള പ്രയോഗങ്ങളും ശസ്ത്രക്രിയകളും വിഷമകരങ്ങളായിരിക്കാനും ഇടയില്ലല്ലോ. അത്ഭുതഫലസിദ്ധിയെ പ്രദാനംചെയ്യുന്ന പ്രാഗത്ഭ്യമുള്ള പല പ്രയോഗവിശേഷങ്ങളും ഈ ശാസ്ത്രത്തിൽ അന്തർഭവിച്ചിട്ടുണ്ട്.

അഷ്ടാംഗചികിത്സാത്മകമായ ആയുർവേദത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരംശമാകുന്നു വിഷവൈദ്യം. അലക്സാണ്ടർ ചക്രവത്തി ഇന്ത്യയെ ആക്രമിച്ചു കൈവശപ്പെടുത്തി വിജയശ്രീലാളിതനായി തിരികെ ഗ്രീസിലേക്കു മടങ്ങിയപ്പോൾ ഇന്ത്യയിൽ നിന്നും വിഷവൈദ്യവിശാരദന്മാരെക്കൂടി കൊണ്ടുപോയതായും യവനന്മാർ വിഷചികിത്സ അവരിൽനിന്നും അഭ്യസിച്ചതായും ചരിത്രലക്ഷ്യങ്ങളുണ്ട്. പ്രാചീനാചാര്യന്മാർ വിഷവൈദ്യശാസ്ത്ര പ്രതിപാദകങ്ങളായ അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും, നാരായണീയം, ഉഡ്ഡീശം, കാലവഞ്ചനസാരം, ഉല്പലം, ഹരമേഖലം, ലക്ഷണാമൃതം, അഷ്ടാംഗഹൃദയം എന്നീ ഏഴു ഗ്രന്ഥങ്ങൾ അവയിൽ പ്രാധാന്യമർഹിക്കുന്നു. ഇതിൽ കാലവഞ്ചനസാരം വിഷവൈദ്യശാസ്ത്രതത്വങ്ങളെല്ലാംകൂടി സംഗ്രഹിച്ചു രചിക്കപ്പെട്ടിട്ടുള്ളതാകയാൽ വിഷവൈദ്യവിദ്യാത്ഥികൾക്കും വിഷവൈദ്യന്മാക്കും ഏററവും ആകർഷകമായ ഒരു ഗ്രന്ഥമാകുന്നു. സവ്വവിഷയങ്ങളേയുംസ്ഥാവരമെന്നും ജംഗമമെന്നും രണ്ടിനങ്ങളിലായി വിഭജിച്ചിരിക്കുന്നു. ലതവൃക്ഷാദിസംഭവമായ വിഷം സ്ഥാവരവും, സർപ്പകീടാദ്യലൂതാദിവിഷം ജംഗമവുമാകുന്നു. ഇതിൽ സർപ്പവിഷം സവ്വപ്രകാരേണയും പ്രാധാന്യമർഹിക്കുന്നു. സർപ്പവിഷം മഞ്ഞനിറത്തോടും പശതവും കട്ടിയുമുള്ള ഉമിനീർപോലെയുമിരിക്കും. വെള്ളത്തിലലിഞ്ഞാൽ അമ്ലസദൃശമാണ്. കവിഞ്ഞ കയ്പുരസമാണ്. വിഷത്തിനുള്ള വീയ്യത്തിനു ഹേതു അതിലടങ്ങിയിരിക്കുന്ന യവക്ഷാരമാണ്: ചൂടുപിടിക്കുംതോറും വിഷത്തിന്റെ ശക്തി ക്ഷയിക്കുന്നു. സർപ്പദംശനമേററാൽ ൧൦ മണിക്കൂറിനുശേഷം ൨ മണിക്കൂറിനകം മരിക്കുന്നപക്ഷം മരിക്കുമെന്നത്രെ അഭിജ്ഞമതം.(?) ഇന്ത്യയിൽ ഒരു ദിവസം ൧൦൦-പേരും ലോകത്തിൽ ഒരാണ്ടിൽ ഒരുലക്ഷംപേരും സർപ്പവിഷമേററു മരിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. സർപ്പങ്ങൾ ദേവസന്തതികളും അവയ്ക്കു ആയിരംവർഷം ആയുസ്സുണ്ടെന്നുമാണു പൗരാണികമതം. സർപ്പവിഷത്തെ ഔഷധംകൊണ്ടും മന്ത്രംകൊണ്ടും ശമിപ്പിക്കുന്നുണ്ട്. സർപ്പത്തെ വരുത്തി വിഷം ഇറക്കുന്നസമ്പ്രദായംപോലും കേരളത്തിൽ പ്രചാരത്തിലിരുന്നിരുന്നു. വിഷവൈദ്യവിജ്ഞാനത്തിലും പ്രയോഗവിശേഷങ്ങളിലും കേരളം ഇന്ത്യയിലെ ഇതരദേശങ്ങളെ അഭിമാനകരമാംവിധം അധഃകരിച്ചിട്ടുണ്ട്.

പന്നഗങ്ങൾക്കു പീയൂഷവും, അമരന്മാക്കു അമൃതും എപ്രകാരം ദീർഘായുസ്സിനെ പ്രദാനംചെയ്യുവോ അതുപോലെ പുരാണപുരുഷന്മാക്കും ആർഷപുംഗവന്മാക്കും ദീർഘായുസ്സുനൽകിയ അത്ഭുതൌഷധമാണ് രസായനം. ലൈംഗികസുഖാസക്തന്മാർ ജരാനരകൾ ബാധിച്ചു് അതിവൃദ്ധനും, വണ്ണസ്വരങ്ങൾക്കുപോലും വൈകൃതം സംഭവിച്ചവനുമായിരുന്ന ച്യവനമഹർഷി രസായനസേവകൊണ്ട് യുവാവായിത്തീന്നു് വളരെക്കാലം ഭോഗസുഖങ്ങൾ അനുഭവിച്ച കഥ പുരാണപ്രസിദ്ധമാണല്ലോ. അതുപോലെ വസിഷ്ഠൻ, കാശ്യപൻ, ഭരദ്വാജൻ തുടങ്ങിയ ഋഷിപുംഗവന്മാരും വിധിപ്രകാരമുള്ള രസായനസേവകൊണ്ടു് ജരാനരകളെ ജയിച്ചു് ആരോഗ്യവാന്മാരായി, ദീർഘായുഷ്മാന്മാരായി ജീവിച്ചിരുന്നതായി പുരാണങ്ങൾ ഘോഷിക്കുന്നു. പണ്ഡിതമദനമോഹനമാളവ്യ ആരോഗ്യവും യുവത്വവും വീണ്ടെടുക്കുന്നതിനായി നടത്തിയ കായകല്പചികിത്സയും വിധിപ്രകാരമുള്ള രസായനസേവമാത്രമായിരുന്നു. അത്രമാത്രം സുനിശ്ചിതശക്തിയുള്ള രസായനങ്ങളേയും അവ ശാസ്ത്രീയമായി സേവിക്കേണ്ട രീതിയേയും ആയുർവേദശാസ്ത്രത്തിൽ സുവ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

ആത്മവാനായ പുരുഷൻ വാജീകരണം അഭ്യസിക്കണമെന്നു ആയുർവേദം ഉപദേശിക്കുന്നു. അക്ഷയാരോഗ്യസമ്പാദനത്തിന് വാജീകരണൌഷധപരിശീലനം അവണ്ണനീയമായ ഫലത്തെ പ്രദാനംചെയ്യുമെന്നുള്ളതിൽ സന്ദേഹമില്ല.

അഥവ്വവേദത്തിൽ ദീർഘായുസ്സിനെ പ്രദാനംചെയ്യാൻ ശക്തിയുള്ള ചില സസ്യങ്ങളെക്കുറിച്ചു പ്രതിപാദിച്ചിരിക്കുന്നു. അപരാജിത, ” ശതഥം, ശിംശപം, താലീശം, പലാശം ഇവയാണതിൽ പ്രധാനമായവ. ഇന്ദ്രൻ അപരാജിത കയ്യിൽ ധരിച്ചുകൊണ്ടുപോയാണ് അസുരന്മാരോടു യുദ്ധംചെയ്തതെന്നും അവരെ തോല്പിച്ചതെന്നുംകൂടി അതിൽ പ്രസ്താവിച്ചിട്ടുണ്ട്.

ബോധംകെടുത്തുവാനും ബോധംകെടുത്തിയവരെ പ്രബുദ്ധരാക്കുവാനും ഉള്ള ഔഷധങ്ങൾ പ്രാചീനാചാര്യന്മാർ അറിയുകയും പ്രയോഗിക്കയും ചെയ്തുവന്നിരുന്നതായി കാണുവാൻകഴിയും. സമ്മോഹിനി എന്ന ഔഷധം ബോധം കെടുത്തുവാനും സഞ്ജീവിനി ബോധംകൊടുക്കുവാനും അവർ ഉപയോഗിച്ചിരുന്നതായി ഭോജപ്രബന്ധത്തിൽ കാണുന്നു. കൂടാതെ വിശല്യകരണി, സന്ധാനകരണി, സുവണ്ണകരണി, മൃതസഞ്ജീവിനി എന്നീ ഔഷധങ്ങളും ബോധംകൊടുക്കുവാൻ പററിയ മൂലികകളാണെന്നു രാമായണത്തിൽനിന്നു ഗ്രഹിക്കുവാൻ കഴിയും.

പ്രകൃതിചികിത്സയിലും പൌരസ്ത്യർ മുന്നോടികളാണ്. ബാഹ്യാഗ്നിസമ്പക്കം കൂടാത്ത ആഹാരങ്ങളെക്കൊണ്ടും പ്രകൃത്യനുസരണമായ ജീവിതചര്യകൊണ്ടും ആരോഗ്യത്തെ സുരക്ഷിതമായി സൂക്ഷിക്കാമെന്നു സിദ്ധാന്തിക്കുന്ന ഒരു പ്രത്യേകശാസ്ത്രമാണ് പ്രകൃതിചികിത്സാശാസ്ത്രം. ഇതിന്റെ ഉപജ്ഞാതാവ് ഒരു ജമ്മൻശാസ്ത്രജ്ഞനാണെന്നത്രെ പാശ്ചാത്യമതം. ഈ മതം അസ്ഥാനസ്ഥിതമാണ്. ജമ്മനി എന്ന ഭൂപ്രദേശം ഉണ്ടാകുന്നതിനുമുമ്പോ അഥവാ ഉണ്ടായിരുന്നാൽതന്നെ മനുഷ്യവാസയോഗ്യമാകുന്നതിനു മുമ്പോതന്നെ ഭാരതത്തിലെ അതിപ്രാചീനയതിപുംഗവന്മാർ വാതാംബുപണ്ണാശനന്മാരായി അരോഗദൃഢഗാത്രന്മാരായി ദീർഘായുഷ്മാന്മാരായി ജീവിച്ചിരുന്നിട്ടുണ്ട്.

സസ്യാദികൾ പഞ്ചഭൂതമയവും ചേതനാത്മകവുമായി ദശിച്ച പൗരാണികർ സസ്യാദികൾക്കും രോഗങ്ങളുണ്ടാകുമെന്നു മനസ്സിലാക്കി അതിനു നിവാരണമാഗ്ഗങ്ങളും ചികിത്സാപദ്ധതികളും നിർദ്ദേശിച്ചിട്ടുണ്ട്. വേദശാസ്ത്രപുരാണേതിഹാസോപനിഷത്തുകളിലും ബൗദ്ധമതഗ്രന്ഥങ്ങളിലും, കൌടില്യന്റെ അത്ഥശാസ്ത്രത്തിലും വൃക്ഷായുർവേദപരമായ പരാമശങ്ങൾ ദശിക്കുവാൻ കഴിയും. ശാർങ്ഗധരപദ്ധതിയിൽ പ്രസ്തുത ശാസ്ത്രത്തെക്കുറിച്ചു സമഷ്ടിയായി ചച്ചചെയ്തിട്ടുണ്ട്.

മൃഗചികിത്സാശാസ്ത്രത്തിലും പൌരസ്ത്യർ അന്യാതിശായിയായ പാണ്ഡിത്യം അതിപ്രാചീനകാലത്തുതന്നെ ആജ്ജിച്ചിട്ടുണ്ട്. നളമഹാരാജാവു മൃഗചികിത്സാശാസ്ത്രത്തിൽ അപാരപണ്ഡിതനായിരുന്നു. പാണ്ഡവനായ നകുലൻ "അശ്വചികിത്സ" എന്നൊരു ഗ്രന്ഥംപോലും രചിച്ചിട്ടുണ്ട്. കൂടാതെ ആന തുടങ്ങിയ മൃഗങ്ങളുടെ രോഗങ്ങളും നിവാരണമാഗ്ഗങ്ങളും, ചികിത്സാപദ്ധതികളും നിർദ്ദേശിക്കുന്ന ഗ്രന്ഥങ്ങളും നമ്മുടെ വൈദ്യശാസ്ത്രത്തിൽ വിരളമല്ല.

അതിപ്രാചീനമായ പൌരസ്ത്യവൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങൾ വിപുലങ്ങളും ബഹുമുഖങ്ങളുമാണെന്ന് ഇതിൽനിന്നും ഗ്രഹിക്കാമല്ലോ. ഇക്കഴിഞ്ഞ രണ്ടുമൂന്നു ശതാബ്ദത്തിനിടയിൽ പാശ്ചാത്യശാസ്ത്രലോകം നിരീക്ഷണപരീക്ഷണങ്ങൾ നടത്തി കണ്ടെത്തിയിട്ടുള്ള നൂതനശാസ്ത്രതത്വങ്ങൾ ഒന്നുംതന്നെ നമ്മുടെ പ്രാചീനാചാര്യന്മാക്കു അജ്ഞാതങ്ങളായിരുന്നില്ല. അനേകായിരം സംവത്സരങ്ങൾക്കുമുമ്പുതന്നെ ഈ ശാസ്ത്രതത്വങ്ങൾ അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപനം ചെയ്ത ആർഷപുംഗവന്മാരുടെ ശാസ്ത്രവിജ്ഞാനവും ശേമുഷീവിലാസവും പാശ്ചാത്യശാസ്ത്രജ്ഞന്മാരെ അമ്പരപ്പിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ദൈവദത്തമായ പൌരസ്ത്യവൈദ്യശാസ്ത്രത്തെ ആദരിക്കയും അഭ്യസിക്കയും പ്രചരിപ്പിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യേണ്ടതു ഭാരതീയരായ നമ്മുടെ കത്തവ്യമാകുന്നു. സ്വതന്ത്രയായ ഭാരതം അതിവിശിഷ്ടങ്ങളായ പൌരസ്ത്യശാസ്ത്രങ്ങൾക്കു പ്രാധാന്യവും പ്രാമാണ്യവും നൽകുമെന്നു നമുക്കു ആശിക്കാം. അനുപമമായ ആർഷസംസ്കാരം അക്ഷയപ്രഭാപ്രസരത്തോടെ സ്വാതന്ത്ര്യഭാരതാന്തരീക്ഷത്തിൽ പ്രോജ്വലിക്കട്ടെ!

—ഠ—

# ഭാവിയിലെ ആററംബാംബ്

## പൊട്ടൽകൊണ്ടുള്ള മരണം അനുഗ്രഹമായിരിക്കും

ഒരു ആററംബാംബുയുദ്ധം ഉണ്ടാകുന്നെങ്കിൽ ലോകത്തിനുണ്ടാകുന്ന ഭയങ്കരനാശങ്ങളെപ്പററി 'അററ്ലാൻറിക് മന്ത്ലി' എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ലേഖനത്തിലെ ചില വിവരങ്ങൾ അടിയിൽ ചേക്കുന്നു. ലേഖനകത്താക്കൾ ഫ്രാൻസിസ് ഡ്രേക്കും കാതറൈൻ ഡ്രേക്കുമാണ്. പ്രശസ്ത അററാമിക്കശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾ പ്രസ്തുത ലേഖനത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

അടുത്തു് ഉപയോഗിക്കപ്പെടുന്ന ആററംബാംബും—അങ്ങനെയൊന്ന് ഇനിമേൽ ഉപയോഗിക്കപ്പെടാനിടയാകുമെങ്കിൽ—ഹിരോഷിമായിൽ പ്രയോഗിക്കപ്പെട്ടതുമായി യാതൊരു സാമ്യവുമുണ്ടായിരിക്കുകയില്ല. ആദ്യത്തെ ആററംബാംബു നിമ്മിച്ചതിന്റെ ചുമതല വഹിച്ചിരുന്ന ഡാ: ജെ. റോബർട്ടു ഓപ്പൺഹീമർ അഭിപ്രായപ്പെട്ടതായിലേഖനകത്താക്കൾപ്രസ്താവിക്കുന്നതു അമേരിക്കൻ ഐക്യനാടുകൾ ആക്രമിക്കപ്പെടുകയാണെങ്കിൽ ആററാമിക്കായുധങ്ങൾകൊണ്ടു ഒരുരാത്രി ൪൦൦൦൦൦൦൦ അമേരിക്കക്കു് ജീവനാശം സംഭവിക്കുമെന്നാണ്. ചിക്കാഗോയിലെ അററാമിക് ശാസ്ത്രജ്ഞരുടെ അഭിപ്രായം ഹിരോഷിമായിലും നാഗസാക്കിയിലും പ്രയോഗിക്കപ്പെട്ട ബാംബുകൾ വെറും പ്രാചീനമാതൃകയിലുള്ളവയായിരുന്നുവെന്നാണ്. മററൊരു അററാമിക്കഗവേഷകനായ പ്രഫസർ വില്യം എ. ഹിഗിൻബോതം പ്രസ്താവിക്കുന്നതു ആദ്യമായി പ്രയോഗിക്കപ്പെട്ട ബാംബിൽ വളരെകുറച്ചുമാത്രമേ അററാമിക്സ്ഫോടകം അടങ്ങിയിരുന്നുള്ള എന്നാണ്. ആദ്യത്തെ പൊട്ടൽ ഏററവും കുറഞ്ഞതോതിൽ ആയിരിക്കുന്നതിന് നിഷ്കർഷിച്ചിരുന്നുവെന്നും ശരിയായരീതിയിലുള്ള ഒരു ആററംബാംബ് ഇതുവരെ പ്രയോഗിക്കപ്പെട്ടില്ലെന്നും അണു ആററമിക്ക ഇൻഫർമേഷൻ നാഷണൽ കമ്മിററി പ്രസ്താവിച്ചുകാണുന്നു. ഇപ്പോഴത്തേതിനേക്കാൾ ൫൦ മുതൽ ൧൦൦—വരെ മടങ്ങുശക്തിയുള്ള ബാംബുകളായിരിക്കും മേലാൽ നിമ്മിക്കപ്പെടുന്നതു എന്നാണ ഒരു ബ്രിട്ടീഷുശാസ്ത്രജ്ഞനായ ഡാ: എം: എൽ. ഒളിഫാൻറ പ്രസ്താവിച്ചതു്. ഒരു അമേരിക്കൻ വിദഗ്ദ്ധനായ പ്രഫസർ എഡ്വർഡ് ടെല്ലർ ഫെബ്രുവരിമാസത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.—"അമ്പരപ്പുണ്ടാക്കുന്ന ചില വികാസങ്ങൾ ഇതുസംബന്ധിച്ചു പ്രതീക്ഷിക്കാം. കഴിഞ്ഞയുദ്ധത്തിലുപയോഗിക്കപ്പെട്ടവയെ ൧൦൦൦ മടങ്ങു അതിശയിക്കുന്നവയായിരിക്കും ഭാവിയിൽ നിമ്മിക്കപ്പെടുന്ന ബാംബുകൾ. അതാണെന്റെ വിശ്വാസം. അതിന്റെ ഒരു ഫലം ഇപ്പോൾ ഒരെണ്ണംകൊണ്ടു മൂന്നോ നാലോ ചതുരശ്രമൈൽസ്ഥലം നശിക്കുന്നതിനുപകരം മുന്നൂറോ നാന്നൂറോ ചതുരശ്രമൈൽ സ്ഥലം നശിപ്പിക്കപ്പെടുമെന്നുള്ളതാണ്. അമേരിക്കയിലെ ജനസംഖ്യയിൽ പകുതിയും വ്യവസായങ്ങളിൽ അത്രയു ഭാഗവും ഒരുമിച്ചു തിങ്ങിക്കൂടിക്കിടക്കുകയാണ്. പ്രയാസരഹിതമായി എത്തിച്ചേരാവുന്ന ഒരു ലക്ഷ്യമാണതു്. ഒരു സെക്കൻറിന്റെ ഒരംശം സമയംകൊണ്ടു അതെല്ലാം നാമാവശേഷമാക്കുന്നതിനു സാധിക്കുമെന്നാണ ടെല്ലർ ഭയപ്പെടുന്നതു്.

ആററംബാംബുപ്രയോഗത്തിൽനിന്നുണ്ടാകുന്ന "റേഡിയോ ആക്ടിവിററി" (Radio activity) എന്ന ശക്തിയാണ ഏററവും ഭയാനകമെന്നു ടെല്ലർ മുന്നറിവു നൽകുന്നു റേഡിയത്തിന്റെ ഒരു ചെറിയ പൊടി കൈകാര്യം ചെയ്യുന്ന ആശുപത്രികളിൽ എത്രയും നിഷ്കർഷയായ മുൻകരുതലുകളും രക്ഷാവ്യവസ്ഥകളും ചെയ്തുവരുന്നു എന്നറിയാമല്ലോ. എന്നാൽ ൧൨ വലിയ ബാംബുകൾ പൊട്ടിയാൽ പുറപ്പെടുന്ന അത്തരം ശക്തിയുടെ അളവു ൪൦,൦൦൦൦൦ടൺ റേഡിയത്തിന്റെയാണ്. മനുഷ്യൻ ശ്വസിക്കുന്ന വായുപോലും മരണകരമായിത്തീരും.

ലേഖനകത്താക്കൾ ഉപസംഹരിക്കുന്നതു ഇപ്രകാരമാണ്:—ശക്തിയായ റേഡിയോ ആക്ടീവുവായു ശ്വാസകോശത്തിൽനിന്നു രക്തത്തിൽ കടന്നു അസ്ഥികളിലെ മജ്ജയെ ഇല്ലാതാക്കി ല്യൂക്കേമിയ എന്ന രക്താർബുദം ഉണ്ടാക്കുന്നു. ഈ രോഗത്തിനു ഔഷധമില്ല. ജപ്പാനിലെ ബാംബുപ്രയോഗത്തെസംബന്ധിച്ചുള്ള ഔദ്യോഗികറിപ്പോർട്ടിൽനിന്നു കാണുന്നതു അതിന്റെ റേഡിയോആക്ടിവിററിയുടെ ഫലം കൃഷികൾ നശിപ്പിക്കുക, മൃഗാദികൾക്കു രോഗംപിടിപ്പിക്കുക, ജലാശയങ്ങൾവിഷമയമാക്കുക, ജനങ്ങളുടെ രക്തംഒഴുക്കി സാവധാനത്തിൽ മരിക്കുക എന്നിവയായിരുന്നുഎന്നാണ്. പൊട്ടൽകൊണ്ടു പെട്ടെന്നുണ്ടാകുന്ന ഒരു അനുഗ്രഹമായി കരുതാവുന്നതാണ് പെട്ടെന്നുണ്ടാകുന്നമരണം.


# സ്തോത്രരത്നാകരം

(സവ്യാഖ്യാനം)

ഭക്തന്മാക്കു നിത്യപാരായണത്തിന് അത്യുത്തമങ്ങളും, കവിതാഗുണംകൊണ്ടു സഹൃദയലോകത്തെ പുളകംകൊള്ളിക്കുന്നവയും ഭക്തിരസപ്രധാനങ്ങളുമായ സ്തോത്രരത്നങ്ങളാണ് ഇതിൽ തിരഞ്ഞു ചേത്തിട്ടുള്ളതു്.

ഡിമ്മി എട്ടിലൊന്നു വലിപ്പത്തിൽ ൩൦൦ പുറങ്ങളാണ് ഈ പുസ്തകത്തിന്റെ വലിപ്പം.

വില രൂ. ൧ ണ. വ്വ.

മാനേജർ, 'ശ്രീരാമവിലാസം'പ്രസ്സ്—കൊല്ലം

എല്ലാത്തെല്ലാം

സംഖ്യകൾക്കുള്ള കാഷ്

സട്ടിഫിക്കററുകൾ

നിങ്ങൾക്കു ഉണ്ടു?



100, 500, 1000, 5000രൂപാ എന്നിങ്ങിനെ നാലു ഇനങ്ങളിൽ ഉള്ള കാഷ് സട്ടിഫിക്കററുകൾ ഉണ്ട്. അവ യഥാക്രമം 82½, 412½, 825, 4125രൂപാ വില ക്കു വില്ക്കപ്പെടുന്നു. ബ്രാഞ്ചു മാനേജരോടു ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാം.

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ESTD 1927

കൊല്ലം—

തിരുവിതാംകൂറിലെല്ലായിടത്തും ശാഖകൾ

(രണ്ടാംപേജിൽനിന്നും തുടർച്ച)

നം അയാളുടെ ഹൃദയവികാരങ്ങൾക്കു വിഷയം കൊടുത്തുകൊള്ളും. കരയാനും കരയിക്കാനുമുള്ള ഹൃദയമാണ് അയാളുടേതു്. മനുഷ്യഹൃദയങ്ങൾ എല്ലാം തന്നെ ഒരേ ഇഴകൾകൊണ്ട് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണു. ആത്മാർത്ഥതയും അനുകമ്പയും ഹൃദയങ്ങളെ പരസ്പരം സ്പന്ദിപ്പിക്കുന്ന ശക്തിവിശേഷങ്ങളാണ്. വസ്തുക്കളുമായി താദാത്മ്യം പ്രാപിക്കാനുള്ള ഉപകരണവും ഇതുതന്നെ. അതു ഒരു കവിക്കോ ചിത്രകാരനോ സാധിക്കുന്നതുപോലെ ഇതരന്നു സാധിക്കുകയില്ല. കാവ്യരചനാകർത്താക്കളെ ആരും വഴിതിരിച്ചുവിടാതിരിക്കുകയാണ് ഭേദം. ഏകാന്തമായ തന്റെ സായാഹ്നസഞ്ചാരത്തിനിടയിൽ നിങ്ങൾ അദ്ദേഹത്തെ കൂട്ടുപിടിക്കാതിരിക്കുക. നിങ്ങൾക്കദ്ദേഹത്തെ വ്യഭിചാരത്തെരുവിലും ദാരിദ്ര്യക്കുടിലിലും കേററിയിറക്കി ജീവിതസാമ്പത്തികസമത്വങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുക്കാനായിരിക്കാം ആഗ്രഹം നിങ്ങളുടെ ആത്മാർത്ഥതയിൽ അവിശ്വസിച്ചിട്ടല്ല അദ്ദേഹത്തിന്റെ കഴിവിലുള്ള വിശ്വാസവും, ആത്മാർത്ഥതയിലുള്ള വിശ്വാസക്കുറവുംകൊണ്ടും മാത്രം പക്ഷെ നിങ്ങളേക്കാൾ ആദർശശുദ്ധിയും സഹാനുഭൂതിയുമുള്ള ഒരു ഹൃദയമാണയാളുടേതെന്നു നിങ്ങളറിയുന്നില്ല. പാവന്റെ നിസ്സഹായതയിൽ അവന്റെ ദീനരോദനവേളയിൽ അവന്റെ മരണശയ്യയിൽ കൂട്ടിരിക്കാനാഗ്രഹിക്കുന്ന അദ്ദേഹത്തെ അതിനു തനിച്ചുവിട്ടേയ്ക്കുക. ആ സംസ്കാരനാഗരികൻ വല്ലപ്പോഴുംനെല്ലിൻപാടങ്ങളിലെ കെട്ടുവരമ്പുകളിൽക്കൂടി ഏകാന്തതയിൽ യാത്രചെയ്യുമ്പോൾ ആകാശത്തിന്റെ നീലിമയിൽ നിതാന്തശാന്തമായ ആ അന്തരീക്ഷത്തിൽ അയാളുടെ ഹൃദയം, കൂട്ടുവിട്ടു പറക്കാനാശിക്കുന്ന പക്ഷിയെപ്പോലെ കനകാഭമായ സന്ധ്യാമേഘക്കൂടുകളിലേക്കു പറന്നുപോകാനാഗ്രഹിച്ചെങ്കിൽ അതിനു നിങ്ങൾ അയാളൊരു ഭ്രാന്തനെന്നുനിനച്ചു കല്ലെറിയാതിരുന്നാൽമതി. നിങ്ങളുടെ ആദർശങ്ങൾക്കു ജീവൻകൊടുക്കുന്നതു അദ്ദേഹത്തിന്റെ ഹൃദയത്തുടിപ്പുകളാണ്; നിങ്ങളുടെ ആത്മാർത്ഥതയുടെ ഉറവ വററിയാലും അയാളുടേതു ഗംഗാപ്രവാഹംപോലെ അക്ഷോഭ്യവും അഗാധവുമായിതന്നെ കാണപ്പെടും.

കവികളെ, നാം അവരുടെ ബുദ്ധിശക്തിക്കു പ്രശംസിക്കാറില്ല. അവരുടെ വിഹാരരംഗം ചക്രവാളത്തിനപ്പുറത്തുള്ള വിശാലവും വികാരഭരിതവുമായ ഭാവനാസാമ്രാജ്യമാണ്. സാമ്പത്തികതത്വശാസ്ത്രങ്ങൾ സമുദായമദ്ധ്യത്തിൽ പ്രതിഷ്ഠിക്കേണ്ട കർത്തവ്യം ഏറിയകൂറും, ബുദ്ധിമാനും നയകോവിദനുമായ ഒരു രാഷ്ട്രീയവിജ്ഞാനിയുടേതാണു. അയാൾ മാർഗ്ഗദർശനംചെയ്യേണ്ട വെള്ളിനക്ഷത്രം ബുദ്ധിയല്ലാതെ മറ്റൊന്നുമല്ല. ജ്വലിച്ചുകൊണ്ടിരിക്കുന്ന വികാരത്തീക്കട്ടകൾ ജനതാമദ്ധ്യേ വാരിയെറിയുന്ന ഇന്നത്തെ വാഗ്മികളിൽ പലരും അവരുടെ സ്വന്തപേരും പെരുമയും പുലരണമെന്നു ആഗ്രഹിക്കുന്നവരാണ്. വികാരഭരിതമായ പ്രസംഗം നമ്മുടെ രക്തത്തെ തിളപ്പിക്കും; എന്തുംചെയ്യാനുള്ള ഒരു ശക്തിപ്രസരം അതു നമ്മിൽ ഉണ്ടാക്കിത്തീർക്കും; പക്ഷെ അല്പസമയംകഴിഞ്ഞു, അതു ഹൃദയത്തിലിളക്കിവിട്ട അലകൾ ഒതുങ്ങിക്കഴിയുമ്പോഴാണ്, നമ്മെ "ബുദ്ധി" സമീപിക്കുന്നതു്.

ഏതും നിശിതമായി വിശകലനംചെയ്തു സൂക്ഷ്മമാരായാനുള്ള കെല്പ് ബുദ്ധിക്കേയുള്ളു; വികാരത്തിനില്ല. ഇന്നു നാം കേൾക്കുന്ന വിപ്ലവപ്രധാനങ്ങളായ പ്രസംഗധോരണികളെല്ലാംതന്നെ വികാരവിജൃംഭിതങ്ങളാണു. കപടകുടിലതകൾ അധികം മലീമസമാക്കാത്ത കൃഷിക്കാരന്റെയും തൊഴിലാളിയുടേയും, ആദരവോ അനുകമ്പയോ ചൂഷണംചെയ്യാനുള്ള ഒരുളുപ്പവിദ്യയാണിതു്. പ്രത്യേകിച്ച് പ്രസംഗം വ്യക്തിവൈരദുർജ്ജടിലമായ നിന്ദാസ്തുതികളാൽ പരിപുഷ്ടാകൃതിയാണെങ്കിൽ ഇക്കൂട്ടരെ ഇതിൽ കൂടുതലൊന്നും രസിപ്പിക്കാനില്ല. നിസ്സാരമായ വിലകൊടുത്തു യശസ്സു സമാർജ്ജിക്കാനാഗ്രഹിക്കുന്ന ഇന്നത്തെ പല പുതിയ വേഷക്കാരും ഇത്തരം പ്രസംഗങ്ങൾകൊണ്ടു കൈകാര്യം ചെയ്യുന്നവരാണ്. പക്ഷെ ഈ വൈരനിര്യാതനവാഗ്ധോരണി കേൾക്കുമ്പോഴെല്ലാം, നമ്മിൽ നാം അറിയാതെ തന്നെ വികാരം ഒരു വശത്തും, സംസ്കാരവും ബുദ്ധിശക്തിയും മറെറാരുവശത്തുമായി, ഇതു കേൾക്കാൻ നില്ക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ ഒരു വടംവലി നടക്കുന്നുണ്ടാവും ആർഭാടങ്ങളില്ലാത്ത ബുദ്ധിശക്തി തല്ക്കാലത്തേയ്ക്കു പരാജയം ഭവിച്ചു പിന്മാറിയെന്നും വരാം. ഇവ്വിധസന്ദർഭങ്ങളിൽ നിങ്ങൾ അയാളുടെ കൈയ്യിലെ കളിപ്പന്തുകളായിത്തീരുന്നു. നീതിപാലകനായ പ്രാഡ്വിപാകനും, രാജ്യഭരണമേധാവികളും പൊതുജനനന്മയാണു തങ്ങളുടെ കർത്തവ്യലക്ഷ്യമെങ്കിൽ അയാളുടെ ബുദ്ധി, ഒരിക്കലും വികാരങ്ങൾക്കു വിധേയമാകരുതു്. ജീവൽപ്രശ്നങ്ങളുമായി ഇന്നത്തെ പുതിയ സിദ്ധാന്തവാദികൾ വികാരംമാത്രം കൈകാര്യം ചെയ്യുന്ന കവിയെ സമീപിക്കുമ്പോൾ, ബുദ്ധികൊണ്ടു സാധിക്കേണ്ട സാമുദായികമോ രാഷ്ട്രീയമോ ആയ ശാസ്ത്രതത്വങ്ങൾ ക്രയവിക്രയം ചെയ്യുന്ന ഒരാളല്ല, നമ്മുടെ കവിയും കലാകാരനും എന്നു മാത്രമെങ്കിലും നിങ്ങൾ അയാളെ അനുസ്മരിപ്പിച്ചാൽ മതിയായിരുന്നു.

# തുലാദാനം

## ഒരു ഹൈന്ദവകർമ്മം

(പത്മകുമാർ, ഇടപ്പള്ളി)

തുലാദാനം അതിപുരാതനമായ ഒരു ഹൈന്ദവകർമ്മമാണ്. പുരാണങ്ങളിൽ ഇതിനെപ്പററി വിസ്തൃതമായ വർണ്ണനകൾ ഉണ്ട്. പതിനാറു മഹാദാനങ്ങളിൽ സർവ്വോത്തമമായതു തുലാദാനമാണെന്നു പറയപ്പെടുന്നു. വാസുദേവൻ, അംബരീഷൻ ഭാർഗ്ഗവൻ, കാർത്തവീര്യാർജ്ജുനൻ, രാമൻ, പ്രഹ്ലാദൻ, പൃഥു, ഭരതൻ മുതലായ രാജാക്കന്മാർ തുലാദാനം നടത്തിയിട്ടുണ്ടെന്നു പത്മപുരാണത്തിൽ കാണുന്നു. ഈ ദാനത്തിനനുയോജ്യമായ അവസരങ്ങളെപ്പററിയും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. യുഗാരംഭത്തിലും, മന്വന്തരത്തിൽ ആദ്യംവരുന്ന ഗ്രഹണദിനത്തിലും, സംക്രാന്തി, ചതുർദശി, അഷ്ടമി, പൗർണ്ണമാസി, ഇവ വരുന്ന നാളുകളിലും, ഉത്സവാവസരങ്ങളിലും, വിവാഹാഘോഷസമയത്തും ഏതെങ്കിലും തീർത്ഥത്തിന്റെയോ, തടാകത്തിന്റെയോ തീരത്തുവച്ചു് ഈ ദാനം നടത്താവുന്നതാണ്. ജീവിതം അനിത്യമാണെന്നും, ലക്ഷ്മി ചഞ്ചലയാണെന്നും ഉള്ള വിശ്വാസത്തോടുകൂടിവേണം ഈ കർമ്മം അനുഷ്ഠിക്കുവാൻ. ദാനം നടത്തുന്ന ആൾ ശാസ്ത്രോക്തവിധിപ്രകാരം ഒരു മണ്ഡപം തയാറാക്കിയിട്ടു ത്രാസു സ്ഥാപിക്കണം. അനന്തരം ബ്രഹ്മാവു മുതലായ ദേവന്മാരെ ഭജിക്കണം. വേദപണ്ഡിതന്മാരായ ഋഷിമാരെ ഗുരുക്കന്മാരായി വരിക്കണം. വിവിധമന്ത്രോച്ചാരണങ്ങളോടുകൂടി ത്രാസിനെ പ്രദക്ഷിണംവയ്ക്കണം. ദാനദ്രവ്യത്തിന്റെ അർദ്ധഭാഗം ഗുരുവിനും ബാക്കി മററുള്ളവർക്കും വീതിച്ചുകൊടുക്കണമെന്നാണു ശാസ്ത്രമതം.

'അമരാക്ഷഹിമാദ്രി' വെള്ളികൊണ്ടും, സ്വർണ്ണംകൊണ്ടും നടത്തുന്ന തുലാദാനത്തെ വിവരിച്ചിട്ടുണ്ട്. ദക്ഷിണഭാരതത്തിൽ ഈ ദാനത്തെ 'തുലാമർ' എന്നും പറഞ്ഞുവരുന്നു. അവിടെ ഈ ദാനത്തിനു സ്വർണ്ണം, വെള്ളി മുതലായവ മാത്രമല്ല, വെണ്ണ, പഴം മുതലായവയും ഉപയോഗിക്കാറുണ്ട്. ജന്മദിനത്തിലും, വിവാഹസമയത്തും, രാജാക്കന്മാരുടെ പട്ടാഭിഷേകാവസരങ്ങളിലും, പുത്രജന്മസുദിനത്തിലും പുതിയതായി നിർമ്മിച്ച ക്ഷേത്രത്തിലെ പ്രതിഷ്ഠാവേളയിലും പഴയകാലത്തു ഈ ദാനം നടത്തിവന്നിരുന്നു.

### ശ്രീകൃഷ്ണന്റെ തുലാദാനം

സ്വന്തം പതിഭക്തിയെക്കുറിച്ചു് സത്യഭാമയ്ക്കു വലിയ ഗർവ്വുണ്ടായിരുന്നു. പതിഭക്തി പ്രദർശിപ്പിക്കുന്നതിനായി അവൾ ശ്രീകൃഷ്ണനെ ഒരു രത്നതുലാഭാരം നടത്തുവാൻ തീർച്ചയാക്കി. സത്യഭാമയുടെ അഹങ്കാരത്തെ അകററണമെന്നു ഭഗവാനും തീർച്ചപ്പെടുത്തി. അദ്ദേഹം പുഞ്ചിരിതൂകിക്കൊണ്ടു ത്രാസിന്റെ ഒരു തട്ടിൽ ഇരിപ്പുറപ്പിച്ചു. സ്വന്തം രത്നഭണ്ഡാരത്തിൽനിന്നു രത്നങ്ങൾകൊണ്ടുവന്നു സത്യഭാമ മറേറതട്ടിൽ വച്ചുകൊണ്ടിരുന്നു. വളരെവളരെ രത്നങ്ങൾ വച്ചിട്ടും ആ തട്ടു അശേഷം താണില്ല. സത്യഭാമ തളർന്നു; അവളുടെ രത്നഭണ്ഡാരം ഒഴിഞ്ഞു. അവൾ ഖിന്നയും, ക്രുദ്ധയുമായി. ലഭ്യമായ സർവ്വരത്നങ്ങളും തട്ടിൽവച്ചിട്ടും ശ്രീകൃഷ്ണൻ ഇരുന്നിരുന്ന തട്ട് ഒട്ടും ഉയർന്നില്ല. സത്യഭാമ രുഗ്മിണിയുടെ സഹായം അർത്ഥിച്ചു. രുഗ്മിണിയാകട്ടെ, രത്നങ്ങളോ, മററുമൂല്യവസ്തുക്കളോ ഒന്നുംതന്നെ കൊണ്ടുവന്നില്ല. അവൾ ഭക്തിപൂർവ്വം ഭഗവാനെ പ്രണമിച്ചിട്ട് ഒരു തുളസീദളം രത്നപൂർണ്ണമായ തട്ടിൽവച്ചു. പെട്ടെന്നു തട്ടുകൾ സമനിലയിൽ ആയിത്തീർന്നു. ഭക്തികൊണ്ടു മാത്രമേ ഈശ്വരൻ പ്രസാദിക്കയുള്ളു. അദ്ദേഹത്തിനു അമൂല്യരത്നങ്ങളുടെ ആവശ്യം ഇല്ല.

### ചില പ്രാചീനരാജാക്കന്മാരുടെ തുലാദാനം

തുലാദാനം നടത്തിയ പല രാജാക്കന്മാരെയും പററി പ്രാചീന ലേഖനങ്ങളിൽ കാണുന്നുണ്ട്. രാഷ്ട്രകൂടരാജാവായ ഗോവിന്ദൻ നാലാമൻ സ്വർണ്ണതുലാഭാരം നടത്തിയെന്നു ഒരു താമ്രപത്രശാസനത്തിൽ വിവരിക്കുന്നു. കനൗജിലെ രാജാവായിരുന്ന ഗോവിന്ദചന്ദ്രൻ ഒരുനൂററിഎൺപത്താറിൽ തുലാദാനം നടത്തുകയുണ്ടായി.

ദക്ഷിണഭാരതത്തിലെ ഗ്രന്ഥങ്ങളിലും തുലാദാനത്തെപ്പററി വർണ്ണിച്ചിട്ടുണ്ട്. എ. ഡി. രണ്ടാംനൂററാണ്ടിൽ ചേരരാജാവായിരുന്ന ചാംഗുവരൻ ഗംഗാനദീതടത്തെ ആക്രമിച്ചു. അദ്ദേഹം അവിടെ കൂടാരം അടിച്ചു കിടന്നപ്പോൾ സ്വർണ്ണതുലാഭാരം നടത്തിയെന്നുപറയപ്പെടുന്നു. തിരുവിതാംകൂറിൽ ഇപ്പോഴും തുലാദാനം ആചരിച്ചുവരുന്നുണ്ട്. ക്രിസ്ത്വാബ്ദം ൧൮൨൦-ൽ തിരുവിതാംകൂറിലെ ഒരു രാജാവു സ്വർണ്ണംകൊണ്ടു തുലാഭാരം നടത്തിയിട്ടുണ്ട്. അതിനു വേണ്ടിവന്ന സ്വർണ്ണത്തിന്റെ തൂക്കം രണ്ടുമണും ഇരുപത്തിരണ്ടുസേറും ആയിരുന്നു. തിരുവിതാംകൂറിൽ തുലാദാനകർമ്മം ഒരു പുതിയ രൂപം പ്രാപിച്ചിട്ടുണ്ട്. അവിടെ രാജാവു ഭരണഭാരം കൈയേൽക്കുന്ന സന്ദർഭത്തിൽ രാജാവിന്റെ ഭാരത്തോളം തൂക്കമുള്ള സ്വർണ്ണംകൊണ്ടു നിർമ്മിതമായ ഒരു ഗോവിഗ്രഹത്തിന്റെ അകത്തുകൂടി കടന്നുപോകുന്നു. അനന്തരം കനകനിർമ്മിതമായ ഗോവിഗ്രഹം തകർക്കപ്പെടുകയും, അതിന്റെ സ്വർണ്ണം വിദ്വൽകേസരികളായ ബ്രാഹ്മണർക്കു വീതിച്ചുകൊടുക്കയും ചെയ്യുന്നു. (ഈ കർമ്മം ഈ ലേഖനത്തിൽ പറയുന്ന മാതിരിതന്നെയാണോ തിരുവിതാംകൂറിൽ അനുഷ്ഠിച്ചുവരുന്നതെന്നുള്ളതിനെപ്പററി സംശയമുണ്ട്, വിവർത്തകൻ)

### മുഗൾചക്രവർത്തിമാരുടെ തുലാദാനം

പ്രാചീനഹൈന്ദവസമ്രാട്ടുകളുടെ തുലാദാനകർമ്മം മുഗൾചക്രവർത്തിമാരും തുടർന്നുവന്നു. സർവ്വപ്രഥമമായി തുലാദാനം നടത്തിയ മഹമ്മദീയചക്രവർത്തി അക്ബറാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ പിൻഗാമികളും ഈ ആചാരമനുഷ്ഠിച്ചുവന്നു. ജഹാംഗീർചക്രവർത്തി സ്വന്തം ആത്മകഥയിൽ തുലാദാനത്തെപ്പററിവിവരിച്ചിട്ടുണ്ട്. മുഗൾചക്രവർത്തിമാരാൽ നിർമ്മിതമായ മനോഹരോദ്യാനങ്ങളിൽവച്ചാണു അവർ ഈ കർമ്മം നടത്തിയിരുന്നതു്. രത്നഖചിതമായ പട്ടാംബരംകൊണ്ടു പരിശോഭിതമായ മണ്ഡപത്തിനു താഴെ തൂക്കുന്നതിനുള്ള സ്വർണ്ണത്തട്ടുകൾ വയ്ക്കപ്പെട്ടിരിക്കും. സമീപംതന്നെ ത്രാസും സ്ഥാപിച്ചിരിക്കും. ജ്യോത്സ്യന്മാരാൽ വിധിക്കപ്പെട്ട മുഹൂർത്തത്തിൽ ചക്രവർത്തി ത്രാസിന്റെ ഒരു തട്ടിൽ ആസനസ്ഥനാകും. മറേറതട്ടിൽ സ്വർണ്ണം, വെള്ളി, നെയ്യ്, സുഗന്ധവസ്തുക്കൾ, അരി, ഗോതമ്പു മുതലായവ യഥാക്രമം വച്ചുതൂക്കും. തുലാദാനത്തിന്റെ സ്വർണ്ണം ജനതാമദ്ധ്യത്തിലേക്കു വലിച്ചെറിയുക എന്നതു ജഹാംഗീറിന്റെ പതിവായിരുന്നു. ആ ദ്രവ്യം കൈവശപ്പെടുത്താൻ ആളുകൾ കാണിക്കുന്ന തിക്കും പരിഭ്രമവുംകണ്ടു അദ്ദേഹം രസിച്ചുവന്നു. ബ്രിട്ടീഷുരാജാവിന്റെ ദൂതനായ സർ, താമസ് റോ ജഹാംഗീറിന്റെ ഡർബാറിലെ ഇപ്രകാരമുള്ള ഒരു സന്ദർഭത്തെ വർണ്ണിച്ചിട്ടുണ്ട്. അദ്ദേഹം എഴുതുന്നു—


ചക്രവർത്തിയെറിഞ്ഞ ദ്രവ്യം കൈവശപ്പെടുത്തുന്നതിനുണ്ടായ തിരക്കിലൊന്നുംപെടാതെ ഞാൻ ഒരു മൂലയിൽ ഒഴിഞ്ഞുനിന്നു. ചക്രവർത്തി അതുകണ്ടു. അദ്ദേഹം എന്റെ സമീപത്തിൽവരികയും ഒരു തട്ടം നിറയെ സ്വർണ്ണനാണയം എന്റെ ഉടുപ്പിനുള്ളിൽ ഇടുകയുംചെയ്തു. ഉടനെതന്നെ ആളുകൾ എന്നെ വളഞ്ഞു. എന്റെ ഉടുപ്പിനുള്ളിൽ നിരവധി ഹസ്തങ്ങൾ നാണയം തപ്പിത്തുടങ്ങി. ആളുകൾ എന്നെ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുവലിച്ചു. ഈ തമാശകണ്ടു ചക്രവർത്തി വളരെ സന്തോഷിച്ചു' ജഹാംഗീറിന്റെ ഭാരം ഒരു മണും മുപ്പതുസേറുമായിരുന്നു.

അറംഗസീബ് ഹിന്ദുക്കൾക്കു വിരോധമായി പലതുംചെയ്തു. ക്ഷേത്രങ്ങൾ തകർക്കയും, വിദ്യാലയങ്ങൾ അടപ്പിക്കുകയും 'ജസിയ'കരം ഏർപ്പെടുത്തുകയും ചെയ്തു. എങ്കിലും തുലാദാനകർമ്മം അദ്ദേഹവും നിറുത്തിക്കളഞ്ഞില്ല. സ്വർണ്ണം, വെള്ളി തുടങ്ങിയ പന്ത്രണ്ടുവസ്തുക്കളാൽ അദ്ദേഹം കൊല്ലംതോറും തുലാദാനം നടത്തിയിരുന്നു.

### ഇൻഡ്യയ്ക്കുവെളിയിൽ

പുരാതനകാലത്തു ധീരന്മാരായ ഭാരതീയവ്യാപാരികളും, മതപ്രചാരകന്മാരും, ഉ

(ശേഷം പന്ത്രണ്ടാംപേജിൽ)



ബ്രിട്ടീഷുരാജാവും രാജ്ഞിയും ഡെവൺ, കാറൻവാൾ മുതലായ പ്രദേശങ്ങൾ സന്ദർശിച്ച അവസരത്തിൽ ഡാർട്ട്മത്തിലെ നാവികകാളേജ് സന്ദർശിക്കുന്നതു്.

വിവാഹകേക്ക്




ഡൊമിനിയൻസിൽനിന്നും സംഭാവനയായി നൽകിയ സാധനങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ട രാജകീയവിവാഹകേക്ക്. ഇതിൽ രാജകീയ ദമ്പതികളുടെ ജീവിതത്തിലെ പ്രധാനസംഭവങ്ങൾ ചിത്രീകരിക്കപ്പെട്ടിരുന്നു.

രാജകീയവിവാഹം



എലിസബെത്ത് രാജകുമാരിയുടെ വിവാഹകർമ്മത്തിൽ സംബന്ധിക്കുന്നതിനായി രാജ്ഞിയും, മാർഗററ്റ്റോസ് രാജകുമാരിയും അകത്തേക്കു പോകുന്നത്.



രാജകുമാരിയും ഭർത്താവ് എഡിൻബറോയിലെ ഡ്യൂക്കും 'മധുവിധു' കാലത്ത് താമസിക്കുന്ന ബ്രോഡ്‌ലൻഡ്സ് മന്ദിരത്തിലെ ഉദ്യാനത്തിൽ.

(പതിനൊന്നാംപേജിൽനിന്നും തുടർച്ച)

പരിവേശസംസ്ഥാപകന്മാരും ഇന്ത്യയ്ക്കു പുറമേ പല സ്ഥലങ്ങളിലും ഭാരതീയാചാരങ്ങളെ വ്യാപിപ്പിച്ചു. അങ്ങിനെ തുലാഭാരവും ഇന്ത്യയ്ക്കുപുറമേ പ്രചരിച്ചു. ബർമ്മാരാജാവായിരുന്ന നരപതിസിംഹൻ (൧൧൭൩ ൧൨൧൦) സ്വപുത്രന്റെ സ്വർണ്ണതുലാഭാരം നടത്തി. ആ സ്വർണ്ണംകൊണ്ടാണ് ഗിംബിൻസഗയോവിലെ പഗോഡ നിർമ്മിക്കപ്പെട്ടത്. ൧൭൬൦-ൽ രാജാധിരാജാവും സ്വർണ്ണംകൊണ്ട് തുലാഭാരം നടത്തുകയുണ്ടായി. ഈ സ്വർണ്ണം ശോമാദോ പഗോഡയ്ക്കു ദാനംചെയ്യപ്പെട്ടു. റാണി ശിവസാവുവും ഈ കർമ്മം അനുഷ്ഠിച്ചു. അവരുടെ തൂക്കം ഒരു മനു, അഞ്ചുസേറായിരുന്നു. ഈ സ്വർണ്ണംകൊണ്ട് ശോമാദോയിലെ പഗോഡ സ്വർണ്ണമണ്ഡിതമാക്കപ്പെട്ടു.

### ആധുനികകാലത്തെ ചില തുലാഭാരങ്ങൾ

തുലാഭാരം അല്ലെങ്കിൽ തുലാഭാരത്തിന് ഇപ്പോഴും മാർവാഡിൽ വളരെ പ്രചാരമുണ്ട്. മാതാപിതാക്കന്മാർ ക്ഷേത്രങ്ങളിൽ വച്ചു സ്വപുത്രന്മാർക്കു തുലാഭാരം നടത്തുന്നു. ഇതിലേക്കായി സ്വർണ്ണവും, വെള്ളിയും ഉപയോഗിച്ചുവരുന്നു. മദ്ധ്യവർത്തികളാണെങ്കിൽ വെണ്ണ, നെയ്യ് ഇവയാണുപയോഗിക്കാറുള്ളതു. അരി മുതലായവകൊണ്ടും തുലാഭാരം നിർവ്വഹിക്കാറുണ്ട്. ഉത്തരഭാരതത്തിൽ ചില സ്ഥലങ്ങളിൽ ഗ്രഹണസമയത്തു ധാന്യതുലാഭാരം നടത്താറുണ്ട്.

ഈ കർമ്മത്തെ പുനർജ്ജീവിപ്പിച്ചതിനുള്ള പുണ്യശ്രേയസ്സിനും അർഹൻഹരിദ്വാരത്തിലെ സുപ്രസിദ്ധവൈദ്യനും മാതൃകാപുരോഹിതനുമായ ശ്രീശാന്താനന്ദനാഥനാകുന്നു. അദ്ദേഹം, ൧൯൪൨ മേമാസം ൨൭-ാംതീയതി ഹരിദ്വാരത്തിലെ പുണ്യഭൂമിയിൽ, പതിതപാവനയായ ജാഹ്നവീനദിയുടെ പരിശുദ്ധതീരത്തിൽ വച്ച്, മുപ്പത്തിയൊന്നാംഹിന്ദി സാഹിത്യസമ്മേളനത്തിന്റെ അദ്ധ്യക്ഷനായ ഭഗവാൻജി ചതുർവേദിയെ വെള്ളിനാണയങ്ങളാൽ തൂക്കുകയുണ്ടായി. അധുനാതനഭാരതചരിത്രത്തിൽ അത്ഭുതപൂർവ്വമായ ഒരു സംഭവമാണിതു്. അതിനുശേഷം, കുറച്ചുനാളുകൾക്കുമുമ്പ് ത്ധാംസിയിൽവച്ച് ജനങ്ങൾ വെള്ളികൊണ്ട് പണ്ഡിതനെഹ്റുവിന്റെ തുലാഭാരം നടത്തിയതും പ്രസ്താവ്യമാണ്.

—০—

* ഹിന്ദിയിൽനിന്ന്.

# രേഖാനാഡിഗ്രന്ഥഗവേഷണം

റി. കെ. ജോസഫ് ബി. എ. എൽ. റി.

'ജ്യോതിശ്ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഒരു നല്ല ഗവേഷകസമിതിയുടെ സംയുക്തപരിശ്രമംമാത്രമേ ഇന്നാവശ്യമുള്ളു' എന്നു ശ്രീ: കെ. സി. കേശവൻ തുലാം 17-ലെ മ. രാ. വാരികയിൽ (8-ാംപുറത്തു്) പറഞ്ഞു. ജ്യോതിശ്ശാസ്ത്രം എന്നിവിടെപ്പറഞ്ഞതു് (Astronomy) അസ്ട്രോണമി എന്ന ജ്യോതിർവിജ്ഞാനീയമല്ല, (Astrology) അസ്ട്രോളജി എന്ന ഫലഭാഗപരമായ ജ്യോതിഷ്യമാണല്ലോ. വൃശ്ചികം 22-ലെ വാരികയിൽ (3-ാംപുറത്തു്) ശ്രീ. എ. എൻ. ശ്രീനിവാസരാഘവയ്യൻകാരും ഫലഭാഗീയഗവേഷണം ആവശ്യമാണെന്നു പ്രസ്താവിച്ചിരിക്കുന്നു: "നവാംശകലഗ്നംകൂടി പറയുന്ന രേഖാനാഡിഗ്രന്ഥങ്ങൾ ....പറയുന്ന ഫലങ്ങൾ നൂറുശതമാനവും ശരിയാണെന്ന് എന്റെ അനുഭവംകൊണ്ട് എനിക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നാഡിഗ്രന്ഥങ്ങൾ ജ്യോതിശ്ശാസ്ത്രം' Astrology 'ഒരു യഥാർത്ഥശാസ്ത്രമാണെന്നു തെളിയിക്കുന്നു' 'പ്രാചീനമഹർഷിമാർ ത്രികാലജ്ഞാനികളായിരുന്നുവെന്നും, ഗ്രഹങ്ങൾ മനുഷ്യജീവിതത്തെ സാരമായി ബാധിച്ചില്ലെങ്കിലും, അവന്റെ ഭാവി എന്താണെന്നു സൂചിപ്പിച്ചിരുന്നു എന്നും വ്യക്തമായി (നാഡിഗ്രന്ഥങ്ങൾ) തെളിയിക്കുന്നു. ജ്യോതിശ്ശാസ്ത്രം വരാൻപോകുന്നതിനെപ്പറ്റി പറയുന്നില്ല. 'പ്രത്യുത ജ്യോതിശ്ശാസ്ത്രം കർമ്മങ്ങളുടെ ഫലം തുടങ്ങിയിട്ടുണ്ടെന്നുമാത്രമേ സൂചിപ്പിക്കുന്നുള്ളു.' 'പരിഹരിക്കത്തക്കതല്ലെങ്കിൽ അതിന്റെ (കർമ്മ)ഫലം മറ്റൊരു ജന്മത്തിലെ ദൃശ്യമാകയുള്ളു' എന്നിങ്ങനെ പറഞ്ഞശേഷം (8-ാംപുറത്തു്) അദ്ദേഹം പ്രവചിക്കുന്നതു ഇതാണ്: "ഈ പ്രകാരമുള്ള ഗ്രന്ഥങ്ങൾ (രേഖാനാഡിഗ്രന്ഥങ്ങൾ) ശേഖരിച്ചു ശരിയായ ഗവേഷണം നടത്തുന്നതായാൽ വൈദ്യം, മന്ത്രം, ജ്യോതിഷ്യം ഈ ശാസ്ത്രങ്ങളിൽ അതിശയിക്കത്തക്ക അഭിവൃദ്ധിയുണ്ടാക്കാൻകഴിയുന്നതാണ്."

ഈ വിശിഷ്ടഗ്രന്ഥങ്ങളിൽ പ്രക്ഷേപണകേന്ദ്രം Radio, Ultra-Violet Rays എന്ന അദൃശ്യസൂക്ഷ്മരശ്മികൾകൊണ്ടുള്ള ചികിത്സ മുതലായവയും പ്രതിപാദിച്ചിട്ടുണ്ട്, എന്നു മിസ്റ്റർ അയ്യൻകാർ പറയുന്നു. (പുറം ൩, ൪)

"പരിഹാരങ്ങൾ തമിഴിലും, മന്ത്രങ്ങൾ സംസ്കൃതത്തിലും" ആണത്രേ ഈ രേഖാപ സംസ്കൃത നാഡിഗ്രന്ഥങ്ങളിലുള്ളതു്. ഈ മാതിരി തമിഴ്ഗ്രന്ഥങ്ങൾ കേരളത്തിലില്ലെന്നാണറിവു്. നമ്മുടെ സർവ്വകലാശാലവക ഗ്രന്ഥസഞ്ചയത്തിൽ ഇത്തരം ഗ്രന്ഥമൊന്നും ഇല്ലെന്നറിയുന്നു. "പലവ്യക്തികളുടേയും ജാതകസമൂഹം" ഉള്ളടങ്ങിയ ഗ്രന്ഥങ്ങൾ കേരളത്തിലുണ്ടെങ്കിലും, മേല്പറഞ്ഞ പ്രകാരമുള്ള രേഖാനാഡി ഗ്രന്ഥങ്ങൾ സഹായി (ചെയ്യുമല്ലൊ)ക്കിപ്പറ പ്രചരിച്ചു കാണുന്നില്ലെന്നു തോന്നുന്നു. അതുകൊണ്ടു ആ വക തമിഴ്ഗ്രന്ഥങ്ങൾ ഇവിടെ ശേഖരിച്ചു വച്ചു പഠനം നടത്തേണ്ടതു് അഭിലഷണീയമാകുന്നു.

—০

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.